# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കോട്ടയം മുനിസിപ്പാലിറ്റി

# ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: mlktm.ksad@kerala.gov.in

ഫോൺ : 0481-2566665

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം.കെ.എസ്.എ.കെ.എം.എം.3/272/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 31/12/2021
ഇ-മെയിൽ: mlktm.ksad@kerala.gov.in
ഫോൺ: 0481-2566665

ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
കോട്ടയം മുനിസിപ്പാലിറ്റി

സർ,

വിഷയം : കോട്ടയം മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോട്ടയം മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് (ഉപരിപത്രം സഹിതം)

2. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3. റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊല്ലം
4. കാര്യാലയ പകർപ്പ്

നമ്പർ: നം.കെ.എസ്.എ.കെ.എം.എം.3/272/2021 തീയ്യതി: 31/12/2021

## കോട്ടയം ജില്ലയിലെ കോട്ടയം മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കോട്ടയം മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2020 മുതൽ 17-09-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-07-2019 മുതൽ 31-07-2020 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 74 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 31 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. എം. എൻ. രാധാകൃഷ്ണൻ | ഡെപ്യൂട്ടി ഡയറക്ടർ | 01-04-2019 | 31-03-2020 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 01-04-2019 | 31-03-2020 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.മായാമാധവൻ നായർ (ഓഡിറ്റ് ഓഫീസർ, ഹയർ ഗ്രേഡ്)

ശ്രീമതി.ശ്രീലത. ആർ. ബി (അസി.ഓഡിറ്റ് ഓഫീസർ)

ശ്രീ.മഹേഷ്കുമാർ.കെ.ആർ (അസി.ഓഡിറ്റ് ഓഫീസർ)
ശ്രീമതി.ഷീബ കൃഷ്ണൻ. വി (അസി.ഓഡിറ്റ് ഓഫീസർ)
ശ്രീ.ഷൈജു. വൈ (സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീമതി.ജ്യോതിലക്ഷ്മി. ആർ (ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ. പി. ആർ. സോന | ചെയർപേഴ്സൺ | 01-04-2019 | 31-03-2020 |
| ശ്രീ. ജെ. മുഹമ്മദ് ഷാഫി | സെക്രട്ടറി | 01-04-2019 | 06-12-2019 |
| ശ്രീ.ഇ.റ്റി.സുരേഷ്കുമാർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 07-12-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. വൈശാഖി. എ.എസ് | അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. അനുഷ് കുരിക്കാശ്ശേരി | മെഡിക്കൽ ഓഫീസർ, പി. എച്ച്. സി | 01-04-2019 | 31-03-2020 |
| ഡോ. ശ്രീലത. സി. വി | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2019 | 31-03-2020 |
| ശ്രീ. പ്രശാന്ത്. ബി | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ. വിദ്യാധരൻ. പി | ഹെൽത്ത് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി. സാറാമ്മ എബ്രഹാം | സി. ഡി. പി. ഒ | 01-04-2019 | 05-08-2019 |
| ശ്രീമതി. സൂസൻ മേരി. എ. കെ | സി. ഡി. പി. ഒ | 06-08-2019 | 31-03-2020 |
| ശ്രീമതി. രേവതിക്കുട്ടി. കെ. ആർ | ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീരവികസനം | 01-04-2019 | 31-03-2020 |
| ഡോ. മാൻസി ബാബുജി | സീനിയർ വെറ്റിനറി | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| | സർജൻ | | |
| ശ്രീമതി. ഹണി. റ്റി. എസ് | പട്ടികജാതി വികസന ഓഫീസർ | 01-04-2019 | 31-10-2019 |
| ശ്രീമതി. അഞ്ജു. എസ് | പട്ടികജാതി വികസന ഓഫീസർ | 01-11-2019 | 05-11-2019 |
| ശ്രീമതി. മഞ്ജു. ഡി | പട്ടികജാതി വികസന ഓഫീസർ | 06-11-2019 | 31-03-2020 |
| ശ്രീമതി. ബിജിമോൾ. ഇ. ആർ | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി. സുമ. എസ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി. ഡെയ്സി. എം. പി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ. അരുൺ ചന്ദ് എം. വി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ. ഗോപാലകൃഷ്ണൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ. ജോസഫ് വിൽഫ്രഡ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി. ബീന. പി. ജി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 26-07-2019 |
| ശ്രീ.സോനു മാത്യു | അസിസ്റ്റന്റ് എൻജിനീയർ | 27-07-2019 | 31-03-2020 |
| ശ്രീ.സജൻ.എസ്.നായർ | പ്രിൻസിപ്പൽ, ജി.വി.എച്ച്.എസ്.എസ്., നാട്ടകം | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ്<br>Written By: Maya Madhavan Nair (Audit Officer, On 24-11-2021)<br>Last Updated By: B Harikumar (Senior Grade Auditor, On 30-12-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Maya Madhavan Nair (Audit Officer, On 24-11-2021)<br>Last Updated By: B Harikumar (Senior Grade Auditor, On 30-12-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Maya Madhavan Nair (Audit Officer, On 24-11-2021)<br>Last Updated By: B Harikumar (Senior Grade Auditor, On 30-12-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Maya Madhavan Nair (Audit Officer, On 24-11-2021)<br>Last Updated By: B Harikumar (Senior Grade Auditor, On 30-12-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Maya Madhavan Nair (Audit Officer, On 24-11-2021)<br>Last Updated By: B Harikumar (Senior Grade Auditor, On 30-12-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Maya Madhavan Nair (Audit Officer, On 24-11-2021)<br>Last Updated By: Maya Madhavan Nair (Audit Officer, On 22-12-2021) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Maya Madhavan Nair (Audit Officer, On 24-11-2021)<br>Last Updated By: B Harikumar (Senior Grade Auditor, On 30-12-2021) | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Maya Madhavan Nair (Audit Officer, On 24-11-2021)<br>Last Updated By: B Harikumar (Senior Grade Auditor, On 30-12-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Maya Madhavan Nair (Audit Officer, On 24-11-2021)<br>Last Updated By: B Harikumar (Senior Grade Auditor, On 31-12-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം (നഗരസഭയിൽ നിന്നും ലഭ്യമായ വിവരം)<br>Written By: Maya Madhavan Nair (Audit Officer, On 24-11-2021)<br>Last Updated By: B Harikumar (Senior Grade Auditor, On 30-12-2021) | 1-10 |
| 11 | പദ്ധതി നടത്തിപ്പിലെ അലംഭാവം-33.59 കോടി രൂപ നഗരസഭയ്ക്ക് നഷ്ടമായി<br>Written By: Maya Madhavan Nair (Audit Officer, On 24-11-2021)<br>Last Updated By: B Harikumar (Senior Grade Auditor, On 30-12-2021) | 1-11 |
| 12 | നഗരസഭയുടെ പിരിവ് തുകകൾ ബാങ്ക് അക്കൗണ്ടുകൾ മാറ്റി ഒടുക്കുന്നു<br>Written By: Maya Madhavan Nair (Audit Officer, On 24-11-2021)<br>Last Updated By: Jyothilekshmy.R (Auditor, On 30-12-2021) | 1-12 |
| 13 | ലൈബ്രറി സെസ്സ് ഒടുക്കുന്നതിലെ അപാകതകൾ<br>Written By: Jyothilekshmy.R (Auditor, On 25-11-2021)<br>Last Updated By: Jyothilekshmy.R (Auditor, On 30-12-2021) | 1-13 |
| 14 | വസ്തു നികുതി പരിഷ്കരണം -57% കെട്ടിടങ്ങളുടേയും Form-6 ഡാറ്റാ എൻട്രി നടത്തിയിട്ടില്ല<br>Written By: K R Maheshkumar (Asst. Audit Officer, On 26-11-2021) | 1-14 |

| | | |
|---|---|---|
| | Last Updated By: B Harikumar (Senior Grade Auditor, On 30-12-2021) | |
| 15 | വസ്തു നികുതി ഈടാക്കിയതിൽ കുറവ്<br>Written By: Jyothilekshmy.R (Auditor, On 25-11-2021)<br>Last Updated By: Jyothilekshmy.R (Auditor, On 30-12-2021) | 1-15 |
| 16 | മൊബൈൽ ടവറുകളുടെ വസ്തുനികുതി - കുടിശ്ശിക ഇനത്തിൽ 25,40,800 രൂപ ഈടാക്കാൻ അവശേഷിക്കുന്നു<br>Written By: Jyothilekshmy.R (Auditor, On 25-11-2021)<br>Last Updated By: Jyothilekshmy.R (Auditor, On 30-12-2021) | 1-16 |
| 17 | ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല<br>Written By: Jyothilekshmy.R (Auditor, On 25-11-2021)<br>Last Updated By: Jyothilekshmy.R (Auditor, On 30-12-2021) | 1-17 |
| 18 | തൊഴിൽ നികുതി - അപാകതകൾ<br>Written By: Jyothilekshmy.R (Auditor, On 25-11-2021)<br>Last Updated By: Jyothilekshmy.R (Auditor, On 30-12-2021) | 1-18 |
| 19 | വാടക- അപാകതകൾ<br>Written By: Jyothilekshmy.R (Auditor, On 25-11-2021)<br>Last Updated By: Jyothilekshmy.R (Auditor, On 29-12-2021) | 1-19 |
| 20 | മുനിസിപ്പാലിറ്റിയുടെ അനുവാദത്തോടെ മുനിസിപ്പൽ കെട്ടിടത്തിൽ അനധികൃത കെട്ടിട നിർമ്മാണം<br>Written By: K R Maheshkumar (Asst. Audit Officer, On 29-11-2021)<br>Last Updated By: Jyothilekshmy.R (Auditor, On 29-12-2021) | 1-20 |
| 21 | പ്രത്യേക ഉദ്ദേശ്യത്തിനായുള്ള അക്കൗണ്ടിലെ നീക്കിയിരിപ്പ് കൗൺസിൽ അനുമതി കൂടാതെ ഷെഡ്യൂൾഡ് ബാങ്കിലേക്ക് മാറ്റി<br>Written By: V.Sheeba Krishnan (Asst. Audit Officer, On 30-11-2021)<br>Last Updated By: B Harikumar (Senior Grade Auditor, On 30-12-2021) | 1-21 |
| 22 | ചെക്കുകൾ മടങ്ങുന്നത് - നഗരസഭ തനത് ഫണ്ടിന് നഷ്ടം<br>Written By: Jyothilekshmy.R (Auditor, On 25-11-2021)<br>Last Updated By: Jyothilekshmy.R (Auditor, On 30-12-2021) | 1-22 |
| 23 | ഓൺലൈനായി ക്രെഡിറ്റ് ചെയ്യപ്പെടുന്ന എല്ലാ തുകകളും അക്കൗണ്ട് ചെയ്യപ്പെടുന്നില്ല<br>Written By: Jyothilekshmy.R (Auditor, On 25-11-2021)<br>Last Updated By: B Harikumar (Senior Grade Auditor, On 30-12-2021) | 1-23 |
| 24 | ഉപയോഗിച്ച ചെക്കുകൾ ക്യാൻസൽ ചെയ്യാതെ സൂക്ഷിക്കുന്നു -അപാകതകൾ<br>Written By: Jyothilekshmy.R (Auditor, On 25-11-2021)<br>Last Updated By: B Harikumar (Senior Grade Auditor, On 30-12-2021) | 1-24 |
| 25 | ഷെയർ നിക്ഷേപത്തിന് രേഖകളില്ല – 50 ലക്ഷം രൂപ തിരിച്ചെടുക്കാനാവാതെ നഷ്ടമാകുന്നു<br>Written By: V.Sheeba Krishnan (Asst. Audit Officer, On 30-11-2021)<br>Last Updated By: B Harikumar (Senior Grade Auditor, On 30-12-2021) | 1-25 |
| 26 | റിലയൻസ് ജിയോ ഇൻഫോകോമിൽ നിന്ന് OFC സ്ഥാപിച്ചതിന് യൂസർ ഫീ ഈടാക്കിയിട്ടില്ല<br>Written By: V.Sheeba Krishnan (Asst. Audit Officer, On 30-11-2021)<br>Last Updated By: B Harikumar (Senior Grade Auditor, On 30-12-2021) | 1-26 |
| 27 | മുൻകൂർ നൽകിയ തുകകൾ ക്രമീകരിക്കുകയോ സമയപരിധി കഴിഞ്ഞ് ക്രമീകരിച്ചവയിൽ നിന്നും നിയമാനുസൃത പലിശ ഈടാക്കുകയോ ചെയ്തില്ല<br>Written By: Jyothilekshmy.R (Auditor, On 26-11-2021) | 1-27 |

| | | |
|---|---|---|
| | Last Updated By: B Harikumar (Senior Grade Auditor, On 30-12-2021) | |
| 28 | 16.98 ലക്ഷം രൂപ ചെലവഴിച്ച് സ്ഥാപിച്ച റിവേഴ്സ് ഓസ്മോസിസ് കുടിവെള്ള പ്ലാന്റുകൾ പ്രവർത്തിക്കുന്നില്ല<br>Written By: K R Maheshkumar (Asst. Audit Officer, On 29-11-2021)<br>Last Updated By: B Harikumar (Senior Grade Auditor, On 30-12-2021) | 1-28 |
| 29 | ABC പദ്ധതിയ്ക്കായി കോടിമതയിൽ നിർമ്മിച്ച കെട്ടിടം ഉപേക്ഷിക്കപ്പെട്ടു<br>Written By: K R Maheshkumar (Asst. Audit Officer, On 29-11-2021)<br>Last Updated By: B Harikumar (Senior Grade Auditor, On 30-12-2021) | 1-29 |
| 30 | 28 ലക്ഷം രൂപ ചെലവഴിച്ച് കോടിമതയിൽ നിർമ്മിച്ച ഉണക്കമീൻ മാർക്കറ്റ് ഉപയോഗിക്കുന്നില്ല<br>Written By: K R Maheshkumar (Asst. Audit Officer, On 29-11-2021)<br>Last Updated By: B Harikumar (Senior Grade Auditor, On 30-12-2021) | 1-30 |
| 31 | നെഹ്റു പാർക്കിൽ 12 ലക്ഷം രൂപ ചെലവഴിച്ച് സ്ഥാപിച്ച കുട്ടികൾക്കുള്ള കളിയുപകരണങ്ങൾ ഉപയോഗശൂന്യമായി<br>Written By: K R Maheshkumar (Asst. Audit Officer, On 29-11-2021)<br>Last Updated By: B Harikumar (Senior Grade Auditor, On 30-12-2021) | 1-31 |
| 32 | ഇ.പി.എഫ് വിഹിതം ഒടുക്കിയതിലെ കാലതാമസം - തനത് ഫണ്ട് നഷ്ടം<br>Written By: Jyothilekshmy.R (Auditor, On 26-11-2021)<br>Last Updated By: B Harikumar (Senior Grade Auditor, On 30-12-2021) | 1-32 |
| 33 | പങ്കാളിത്ത പെൻഷൻ വിഹിതം ഒടുക്ക് വരുത്തിയില്ല<br>Written By: Jyothilekshmy.R (Auditor, On 26-11-2021)<br>Last Updated By: B Harikumar (Senior Grade Auditor, On 30-12-2021) | 1-33 |
| 34 | അങ്കണവാടി പോഷകാഹാര പരിപാടി - നടപടിക്രമങ്ങളിലെ അപാകത<br>Written By: Jyothilekshmy.R (Auditor, On 26-11-2021)<br>Last Updated By: B Harikumar (Senior Grade Auditor, On 30-12-2021) | 1-34 |
| 35 | നാട്ടകം പി എച്ച് സിയ്ക്ക് മരുന്നുകളും ഉപകരണങ്ങളും ലഭ്യമാകാനവശേഷിക്കുന്നു<br>Written By: Jyothilekshmy.R (Auditor, On 26-11-2021)<br>Last Updated By: B Harikumar (Senior Grade Auditor, On 30-12-2021) | 1-35 |
| 36 | സെക്രട്ടറിയുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും സഞ്ചിത നിധിയിലേക്ക് അടവാക്കുന്നില്ല<br>Written By: Jyothilekshmy.R (Auditor, On 26-11-2021)<br>Last Updated By: B Harikumar (Senior Grade Auditor, On 30-12-2021) | 1-36 |
| 37 | ഗുണഭോക്തൃവിഹിതമിനത്തിലുള്ള 2,03,91,063/- രൂപയുടെ വിശദാംശങ്ങൾ ലഭ്യമല്ല<br>Written By: V.Sheeba Krishnan (Asst. Audit Officer, On 30-11-2021)<br>Last Updated By: B Harikumar (Senior Grade Auditor, On 30-12-2021) | 1-37 |
| 38 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി 2019-20<br>Written By: Sreelatha R B (Asst. Audit Officer, On 30-11-2021)<br>Last Updated By: B Harikumar (Senior Grade Auditor, On 30-12-2021) | 1-38 |
| 39 | ഹരിതകർമ്മസേന – പ്രവർത്തനാവലോകനം<br>Written By: Jyothilekshmy.R (Auditor, On 26-11-2021)<br>Last Updated By: B Harikumar (Senior Grade Auditor, On 30-12-2021) | 1-39 |

ഭാഗം **2**

--- No Records Found ---

ഭാഗം **3**

| | | |
|---|---|---|
| 1 | 28 ലക്ഷം രൂപ ചെലവഴിച്ച് കോടിമതയിൽ നിർമ്മിച്ച ഉണക്കമീൻ മാർക്കറ്റ് ഉപയോഗിക്കുന്നില്ല<br>Written By: K R Maheshkumar (Asst. Audit Officer, On 22-12-2021)<br>Last Updated By: B Harikumar (Senior Grade Auditor, On 31-12-2021) | 3-1 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Maya Madhavan Nair (Audit Officer, On 30-11-2021)<br>Last Updated By: B Harikumar (Senior Grade Auditor, On 30-12-2021) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Maya Madhavan Nair (Audit Officer, On 30-11-2021)<br>Last Updated By: B Harikumar (Senior Grade Auditor, On 30-12-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Maya Madhavan Nair (Audit Officer, On 30-11-2021)<br>Last Updated By: B Harikumar (Senior Grade Auditor, On 30-12-2021) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Maya Madhavan Nair (Audit Officer, On 30-11-2021)<br>Last Updated By: B Harikumar (Senior Grade Auditor, On 30-12-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Maya Madhavan Nair (Audit Officer, On 30-11-2021)<br>Last Updated By: B Harikumar (Senior Grade Auditor, On 30-12-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Maya Madhavan Nair (Audit Officer, On 30-11-2021)<br>Last Updated By: B Harikumar (Senior Grade Auditor, On 30-12-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Maya Madhavan Nair (Audit Officer, On 30-11-2021)<br>Last Updated By: B Harikumar (Senior Grade Auditor, On 30-12-2021) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Maya Madhavan Nair (Audit Officer, On 30-11-2021)<br>Last Updated By: B Harikumar (Senior Grade Auditor, On 30-12-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Maya Madhavan Nair (Audit Officer, On 30-11-2021)<br>Last Updated By: B Harikumar (Senior Grade Auditor, On 31-12-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Maya Madhavan Nair (Audit Officer, On 30-11-2021)<br>Last Updated By: B Harikumar (Senior Grade Auditor, On 31-12-2021) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബഡ്ജറ്റ്

2019-20വർഷത്തെ ബഡ്ജറ്റ് 19-02-2019 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. 24-03-2020 തീയതിയിൽ അംഗീകരിച്ച പരിഷ്കരിച്ച ബജറ്റ് പ്രകാരം മുന്നിരുപ്പ് 410543240 രൂപയും വരവ് 1068851704 രൂപയുമൾപ്പടെ ആകെ വരവ് 1479394944 രൂപയും ചെലവ് 1014196651 രൂപയുമാണ്. ചെലവ് കിഴിച്ച് ബജറ്റ് പ്രകാരമുള്ള നീക്കിയിരുപ്പ് 465198293 രൂപയാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

നഗരസഭയുടെ 2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ , പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ സമർപ്പിച്ചിട്ടില്ല .

2) മുൻ വർഷത്തെ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-3 പ്രകാരമുള്ള തുക തന്നെയാണ് തൻ വർഷവും B-3 ഷെഡ്യൂളിൽ കാണിച്ചിരിക്കുന്നത്.ആസ്തി നിർമ്മാണത്തിനായി തൻ വർഷം ചെലവഴിച്ച തുക ബാലൻസ് ഷീറ്റിൽ വന്നിട്ടില്ല.

3) ആസ്തി നിർമ്മാണത്തിനായി പാർട്ട് ബിൽ പ്രകാരം ചെലവഴിച്ച തുകയാണ് B-11(a) ഷെഡ്യൂളിൽ ഉൾപ്പെടുത്തേണ്ടത്.എന്നാൽ ഈ ഷെഡ്യൂൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.പകരം B-11 ഷെഡ്യൂളിന്റെ അവസാന ഭാഗത്ത് Capital Work In Progress ആയി നാലു ഹെഡുകളിൽ തുകകൾ രേഖപ്പെടുത്തിയിട്ടുണ്ട്.

4) Capital Work In Progress -Municipal Fund(412010100), Other Specific Grant(412109900), Funds For Transferred Institution (412100500) എന്നീ ഹെഡിലെ തുകകൾ മുൻ വർഷത്തെ AFS ലെ തുകകൾ തന്നെയാണ്. Development Fund എന്ന ഹെഡിലെ തുകയിൽ മുൻ വർഷത്തെ തുകയിൽ നിന്നും ₹9320056 രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.തൻ വർഷത്തെ പാർട്ട് ബിൽ തുകകൾ എത്രയാണെന്ന് എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും ലഭ്യമാക്കേണ്ടതാണ്. മുൻ വർഷത്തെ പാർട് ബിൽ തുകയിൽ പൂർത്തിയായത് Fixed Asset ലേക്കു മാറ്റിയിട്ടില്ല.

5) ബാലൻസ് ഷീറ്റിലെ ലയബിലിറ്റി ഹെഡ് ആയ B-4 ഷെഡ്യൂളിൽ Grants For Projects,other Grants For Specific Purpose എന്നിവ മുൻ വർഷത്തെ തുക തന്നെയാണ്. വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നീയിനങ്ങളിൽ ബാദ്ധ്യത കാണിച്ചിരിക്കുന്നതും ക്രമപ്രകാരമല്ല.

6) B-4 ഷെഡ്യൂളിൽ കേന്ദ്ര ഗവൺമെന്റ് ഗ്രാന്റായി (320100100) ₹42380227 രൂപ ബാദ്ധ്യത കാണിച്ചിരിക്കുന്നു. ഇത് മുൻ വർഷത്തെ തുകയിൽ നിന്നും ₹136278083 രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ട്.മുൻ വർഷത്തെ ലയബലിറ്റിയിൽ നിന്നും ഇത്രയും തുക ഏതിനത്തിൽ ചെലവഴിച്ചുവെന്നു വ്യക്തമല്ല

7) ഷെഡ്യൂൾ B-12 ൽ സ്റ്റേറ്റ് ഗവ: സെക്യൂരിറ്റീസ്, ഇക്വിറ്റി ഷെയേഴ്സ് എന്നീ ഹെഡിൽ ആകെ ₹5873530 രൂപ നിക്ഷേപിച്ചിട്ടുള്ളതായി കാണിച്ചിരിക്കുന്നു. എന്നാൽ ഈ നിക്ഷേപങ്ങളുടെ വിശദാംശങ്ങൾ സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല.

8) B-9 ഷെഡ്യൂളിലെ അപാകതകൾ.

A) Contractor's Control Account ൽ (350100301) RP-29 Payment പ്രകാരം ₹2529349 രൂപയുടെ ചെലവു കാണിച്ചിരിക്കുന്നു. എന്നാൽ മുൻ വർഷത്തെ B-9 ഷെഡ്യൂളിൽ ഈ ഹെഡിൽ ബാദ്ധ്യത തുക കാണിച്ചിട്ടില്ല.

B) Other Creiditor's (350109900) RP-29 Payment പ്രകാരം ₹3111831 രൂപയുടെ ചെലവു കാണിച്ചിരിക്കുന്നു. എന്നാൽ മുൻ വർഷത്തെ B-9 ഷെഡ്യൂളിൽ ഈ ഹെഡിൽ ബാദ്ധ്യത തുക കാണിച്ചിട്ടില്ല.

C) PF Payable(350110400), Pension& Gratuity Payable (350110500) എന്നീ ഹെഡുകളിലെ മുൻ വർഷ തുകകളും തൻ വർഷത്തെ വരവു ചെലവുകളും (RP-29) തൻ വർഷത്തെ ബാലൻസ് തുകകളുമായി (B-9) പൊരുത്തപ്പെടുന്നില്ല.

D)B-9 ഷെഡ്യൂളിലെ ഭൂരിഭാഗം ഹെഡിലെ തുകകളും മുൻ വർഷത്തെ Closing Balance മായി പൊരുത്തപ്പെടുന്നില്ല.

| A/C ഹെഡ്/ഇനം | O.B | RP-29 (Receipt) | RP-29 (Payment) | C.B (B-9) |
|---|---|---|---|---|
| 350110600/ Contribution To Central Pension Fund | 45206892 | 0 | 18442592 | 30294768 |
| 350200101, Regular Employees | 1797377 | 0 | 14111010 | 5701524 |
| 350200106 Cooperative | 17770 | 0 | 2312898 | 488650 |
| 350300700 CGST | (-)583504 | 4049126 | 3809309 | 152164 |
| 350300800 SGST | (-)2853 | 4037939 | 3809309 | 261050 |

9) B-11 Fixed Asset ഷെഡ്യൂളിലെ അപാകതകൾ.

A) Office & Other Equipments-Transferred Institutions (410600200) എന്ന ഹെഡിൽ ₹140029 രൂപയുടെ വർദ്ധനവ് മാത്രമാണ് വന്നിട്ടുള്ളത്. മുൻ വർഷത്തെ ആസ്തിയിൽ നിന്നും ഈ ഇനത്തിൽ Depreciation കുറവ് ചെയ്തിട്ടില്ല. എന്നാൽ കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ വഴി ലക്ഷക്കണക്കിന് രൂപയുടെ ആസ്തികൾ ഈ ഇനത്തിൽ സൃഷ്ടിച്ചിട്ടുണ്ട്.ഉദാ:മെഡിക്കൽ ഓഫീസർ (PHC) നിർവ്വഹിച്ച പദ്ധതികൾ പ്രകാരം (Proj No:111,116,123) ₹242347 രൂപയുടെ ആസ്തികൾ തൻ വർഷം സൃഷ്ടിച്ചിട്ടുണ്ട്.

B) Fixed Asset ൽ മുൻ വർഷത്തെ തുക തന്നെയാണ് ഭൂരിഭാഗം ഹെഡിലും തൻവർഷവും കാണിച്ചിട്ടുള്ളത്.ഉദാ:land,market/Marriage Hall Buildings, Furniture-Municipality Etc. ഇവയ്ക്ക് Depreciation ഉം കണക്കാക്കിയിട്ടില്ല.

C) കോൺക്രീറ്റ് റോഡിന് മുൻവർഷത്തെ തുക തന്നെയായ ₹729420 രൂപയാണ് തൻ വർഷവും എടുത്തിട്ടുള്ളത്.ഇത് വളരെ കുറവായ തുകയാണ്. തൻ വർഷം റോഡ് കോൺക്രീറ്റിംഗിനായി ലക്ഷക്കണക്കിന് രൂപ ചെലവഴിച്ചത് ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

D) Fixed Asset Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങളായ Rate Of Depreciation,book Value Of Asset,life Time Of Asset എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

E) മുനിസിപ്പാലിറ്റി കെട്ടിടം (410200100) എന്ന ഹെഡ്ഡിൽ ഷീ ലോഡ്ജിനായി ചെലവഴിച്ച 3595948 രൂപ ആസ്തിയിൽ ഉൾപ്പെടുത്തിയില്ല.

F) Plant & Machinery എന്ന ഹെഡ്ഡിൽ (410400100) മുൻ വർഷത്തെ തുകയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.തൻവർഷം റിവേഴ്സ് ഓസ്മോസിസ് പ്ലാന്റിനായി ചെലവഴിച്ച ₹905600 രൂപ ആസ്തിയായി ഉൾപ്പെടുത്തിയില്ല.

G) Computer's,Printers&Peripherals എന്ന ഹെഡ്ഡിൽ (410600102) മുൻ വർഷത്തെ തുകയിൽ നിന്നും ₹172620 രൂപയുടെ വർദ്ധനവ് മാത്രമാണ് കാണിച്ചിട്ടുള്ളത്. എന്നാൽ പ്രൊജക്ട് നം:636/19-20 പ്രകാരം ₹1248150 രൂപയുടെ ആസ്തികൾ വാങ്ങിയത് ഉൾപ്പെടുത്തിയിട്ടില്ല.

10) B-18 Loan,Deposits ഷെഡ്യൂളിലെ അപാകതകൾ.

A) Advance To Implementing Agencies-Specific Grants ൽ 2017-18 വർഷത്തെ തുക തന്നെയാണ് (₹1625347) 2019-20വർഷവും കാണിച്ചിരിക്കുന്നത്. എന്നാൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം താഴെ പറയുന്ന പദ്ധതികളിലൂടെ K.W.A, K.S.E.B,G.W.D എന്നീ ഏജൻസികൾക്ക് 1.35 കോടി രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. മുൻ വർഷങ്ങളിൽ ഡെപ്പോസിറ്റ് ചെയ്ത പ്രവൃത്തികളിൽ യൂട്ടിലൈസേഷൻ കിട്ടിയ തുക Fixed Asset ലേക്ക മാറ്റിയിട്ടുമില്ല.

| പ്രൊജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര് | ഏജൻസി | ഡെപ്പോസിറ്റ് തുക |
|---|---|---|---|
| 403/18-19 | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | K.W.A | 5000000 |

| | | | |
|---|---|---|---|
| 405/18-19 | സ്ലീറ്റ് ലൈൻ വലിക്കൽ | K.S.E.B | 3615944 |
| 406/18-19 | കുഴൽക്കിണർ സ്ഥാപിക്കൽ | G.W.D | 4930000 |
| ആകെ | | | 13545944 |

11) ഷെഡ്യൂൾ B-5 യിലെ Secured Loan എന്ന Liability Head ൽ ലൈഫ് മിഷൻ പദ്ധതിയ്ക്കായി

HUDCO യിൽ നിന്നെടുത്ത വായ്പ കാണിച്ചിട്ടില്ല. എന്നാൽ തൻ വർഷം ഇതേ വായ്പയുടെ മുതൽ ഇനത്തിൽ പ്രൊജക്റ്റ് നം:896/19-20 പ്രകാരം ₹3306668 രൂപയുടെ തിരിച്ചടവ് മുനിസിപ്പാലിറ്റി നടത്തിയിട്ടുണ്ട്. ആയത് അക്കൗണ്ട് ചെയ്തിട്ടില്ല.

12) 2017-18 വർഷം SBT Own Fund-ൽ ബാലൻസ് ഉണ്ടായിരുന്ന 65 ലക്ഷം രൂപയുടെ കണക്കുകൾ ഹാജരാക്കിയിച്ചില്ല.

| കോഡ് | ഹെഡ് ഓഫ് അക്കൗണ്ട് | 2017-18 (RP-40(b)) തുക | 2018-19,2019-20 (RP-40(a)) തുക | വ്യത്യാസം |
|---|---|---|---|---|
| 450210100 | SBT Own Fund | 6500000 | 0 | (-)6500000 |

13) RP 40(b) പ്രകാരം മുൻവർഷത്തെ തുക തന്നെയാണ് ചില ബാങ്ക് അക്കൗണ്ടുകളുടെ Closing Balance ആയി തൻ വർഷവും കാണിച്ചിട്ടുള്ളത്. ഈ അക്കൗണ്ടുകളിലേക്ക് പിന്നീട് പലിശയിനത്തിൽ ലഭിച്ച തുക ആകെ നീക്കിയിരിപ്പിൽ ചേർത്തിട്ടില്ല.

| ക്രമ നം | ബാങ്ക് അക്കൗണ്ട് | തുക (₹) |
|---|---|---|
| 1 | കുമാരനല്ലൂർ SCB | 276235` |
| 2 | SBI (SPL-3) | 2964195 |
| 3 | Punjab National Bank | 538048 |
| 4 | Indian Bank | 2258565 |

14) മുൻ വർഷം (2018-19) ബാലൻസ് ഷീറ്റിലെ ബാലൻസ് തുകയിൽ നെഗറ്റീവ് ആയി കിടന്ന എല്ലാ ഹെഡ്ഡുകളും ലെഡ്ജർ അഡ്ജസ്റ്റ്മെന്റുകളിലൂടെ തൻ വർഷം ക്രമപ്പെടുത്തിയിട്ടുണ്ട്.എന്നാൽ ഇത് സ്ഥാപനത്തിന്റെ യഥാർത്ഥ വരവ് ചെലവുകളുമായി ബന്ധമുള്ള തുകകളല്ലെന്ന അക്കൗണ്ട്സ് പരിശോധിച്ചതിൽ നിന്നും ബോദ്ധ്യപ്പെട്ടു. ഉദാ:

| കോഡ്,ഇനം | 2018-19 നീക്കിബാക്കി. | 2019-20 | | | |
|---|---|---|---|---|---|
| | | പ്രാരംഭ ബാക്കി | Debit | Credit | നീക്കി ബാക്കി |
| 311700100, Pension Fund For Contingent Staff | (-)64898494 | (+)64898494 | 42252315 | 115288818 | 8138009 |
| 340100105, Supplier's EMD | (-)155410 | (+)155410 | 79255 | 234665 | 0 |
| 350110500, Pension And Gratuity Payable | (-)95172407 | (+)95172407 | 68897734 | 167957924 | 3887783 |
| 350200109, Recoveries-IT | (-)1255422) | (+)1255422) | 428514 | 1683936 | 0 |
| 350300200, Poor Home Cess | (-)743700 | (+)743700 | 0 | 743700 | 0 |
| 350300400, VAT | (-)740404 | (+)740404 | 0 | 740404 | 0 |

| | | | | | |
|---|---|---|---|---|---|
| 350300700,<br>CGST | (-)583504 | (+)583504 | 3814421 | 4550089 | 152164 |

15) ACR പ്രകാരം ജനറൽ പർപ്പസ് ഗ്രാന്റ് ഇനത്തിൽ ₹69575476 രൂപ തൻ വർഷം വരവുണ്ട്.എന്നാൽ റസീപ്റ്റ് & പേയ്മെന്റ് ഷെഡ്യൂൾ ,RP-6 പ്രകാരം ₹64310254 രൂപയാണ് വരവായി കാണിച്ചിട്ടുള്ളത്.₹5264952 രൂപയുടെ വ്യത്യാസമുണ്ട്.

16) ACR പ്രകാരം വികസന ഫണ്ട്- SCP ഇനത്തിൽ ₹15035854 രൂപ തൻ വർഷം ചെലവുണ്ട്.എന്നാൽ റസീപ്റ്റ് & പേയ്മെന്റ് ഷെഡ്യൂൾ ,RP-6 പ്രകാരം ₹15215854 രൂപയാണ് കാണിച്ചിട്ടുള്ളത്.₹180000 രൂപയുടെ വ്യത്യാസമുണ്ട്. ആയത് വ്യക്തമാക്കേണ്ടതാണ്.

17) വാടക ഇനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുകയുടെ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. വാടക സംബന്ധമായ കുടിശ്ശിക രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. ഡിമാന്റ് രജിസ്റ്ററിൽ ഡി.സി.ബി തയ്യാറാക്കി മുനിസിപ്പൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| ഇനം | 2019-20 |
|---|---|
| മുന്നിരിപ്പ് | 371379799 |
| വരവ് | 535396028 |
| ആകെ | 906775827 |
| ചെലവ് | 659651137 |
| നീക്കിയിരിപ്പ് | 247124690 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | *തൻവർഷ വരവ് (അലോട്ട്മെന്റ് പ്രകാരമുള്ളത്)* | ആകെ | *ചെലവ്* | ചെലവഴിക്കാൻ കഴിയാത്ത തുക | *നീക്കി ബാക്കി* |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 118661000 | 118661000 | 66470297 | 52190703 | 0 |
| വികസന ഫണ്ട് (എസ്.സി.പി.) | 0 | 38912000 | 38912000 | 15035854 | 23876146 | 0 |
| വികസന ഫണ്ട്(റ്റ്.എസ്സ്.പി) | 0 | 2411000 | 2411000 | 95000 | 2316000 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 92984000 | 92984000 | 25830821 | 67153179 | 0 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 0 | 34551000 | 34551000 | 9160782 | 25390218 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 197440000 | 197440000 | 32510511 | 164929489 | 0 |
| പ്രത്യേക ഗ്രാന്റ് | | | | | | |
| പ്രളയ ദുരിതാശ്വാസ ഗ്രാന്റ് | 0 | 7395 | 7395 | 0 | 0 | 7395 |
| ഷെൽട്ടർ ഹോംസ് | 0 | 552000 | 552000 | 0 | 0 | 552000 |

| ഗ്രാന്റ് | | | | | | | |
|---|---|---|---|---|---|---|---|

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ചെലവഴിച്ച തുക | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 2019-20 | 714 | 661808098 | 240 | 149103265 | 474 | 33.61 |

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ചെലവഴിച്ച തുക | ചെലവ് ശതമാനം(%) |
|---|---|---|---|---|---|---|
| 1 | മെഡിക്കൽ ഓഫീസർ ആയുർവേദം | 1 | 2000000 | 1 | 2000000 | 100 |
| 2 | അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസർ | 4 | 11160000 | 2 | 4487626 | 40.21 |
| 3 | സീനിയർ വെറ്ററിനറി സർജൻ | 16 | 9372700 | 3 | 760000 | 8.11 |
| 4 | മെഡിക്കൽ ഓഫീസർ,P.H.C | 10 | 7308239 | 6 | 2364373 | 32.35 |
| 5 | പട്ടികജാതി വികസന ഓഫീസർ | 26 | 22793422 | 19 | 13043623 | 57.23 |
| 6 | പ്രിൻസിപ്പൽ/ഹെഡ് മാസ്റ്റർ | 5 | 3750000 | 2 | 150350 | 4 |
| 7 | പ്രോജക്റ്റ് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 12 | 16873620 | 12 | 10933654 | 64.80 |
| 8 | മുനിസിപ്പൽ എഞ്ചിനിയർ | 14 | 36865487 | 4 | 2832758 | 7.68 |
| 9 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ | 42 | 111301254 | 9 | 13441016 | 12.08 |
| 10 | അസിസ്റ്റന്റ് എൻജിനീയർ | 525 | 223480692 | 152 | 51676699 | 23.12 |
| 11 | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 6 | 3760000 | 0 | 0 | 0 |
| 12 | ഹെൽത്ത് ഓഫീസർ | 16 | 87147127 | 12 | 8497365 | 9.75 |
| 13 | CDPO | 6 | 17259840 | 3 | 8713124 | 50.48 |
| 14 | ഡെപ്യൂട്ടി ഡയറക്ടർ (ക്ഷീരവികസനം) | 1 | 150000 | 0 | 0 | 0 |
| 15 | സെക്രട്ടറി | 30 | 108585717 | 15 | 30202677 | 27.81 |
| | ആകെ | 714 | 661808098 | 240 | 149103265 | 22.53 |

## 1-6 തൊഴിലുറപ്പ് പദ്ധതി

ലഭിച്ച ഫണ്ടിന്റെയും ചെലവിന്റെയും വിവരം

| വർഷം | പ്രാരംഭ ബാക്കി | വരവ് | ആകെ | ചെലവ് | | | | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|---|
| | | | | വേതനം | വാടക | ഭരണ ചെലവ് | ആകെ | |
| 2019-20 | 7407251 | 178759 | 7586010 | 6959005 | | 490662.7 | | 136342.30 |

## 1-7 ക്ഷേമപദ്ധതികൾ

നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1255 | 2994000 |
| വിധവാ പെൻഷൻ | 2340 | 5531400 |
| വാർദ്ധക്യകാല പെൻഷൻ | 7021 | 17431500 |
| ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 982 | 2352200 |
| 50വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 128 | 297600 |
| തൊഴിൽരഹിത വേതനം | 105 | 96120 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന എല്ലാ മാസവും നടത്തി റിപ്പോർട്ട് മുഖ്യ ഓഫീസിലേക്ക് അയച്ചിട്ടുണ്ട്.

## 1-9 ആഭ്യന്തര നിയന്ത്രണം

നഗരസഭയുടെ ദൈനംദിന ഭരണനിർവ്വഹണ പ്രവർത്തനങ്ങളിൽ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിന്റെ അപര്യാപ്തത താഴെപ്പറയുന്ന നിരീക്ഷണങ്ങളിൽ നിന്ന് വ്യക്തമാകുന്നു.

സമയബന്ധിതമായി പൂർത്തിയാക്കിയില്ല

നഗരസഭയുടെ തനത് വരുമാനത്തിലെ മുഖ്യ ഇനമായ വസ്തുനികുതി പിരിവ് കൃത്യമാക്കുന്നതിന് വേണ്ടി ആവിഷ്കരിച്ച സഞ്ചയ സോഫ്റ്റ്‌വെയറിൽ നഗരസഭയുടെ പരിധിയിൽ വരുന്ന എല്ലാ കെട്ടിടങ്ങളുടെയും വിവരങ്ങൾ നാളിതുവരെ

ചേർത്തിട്ടില്ല. 2011 ലെ വസ്തു നികുതി പരിഷ്കരണം പൂർത്തിയാക്കുന്ന മുറയ്ക്ക് നികുതിദായകർക്ക് ഓൺലൈൻ സംവിധാനത്തിലൂടെ നികുതി ഒടുക്കുവാൻ കഴിയണം എന്ന ലക്ഷ്യത്തോടെയാണ് വസ്തുനികുതി കംപ്യൂട്ടറൈസേഷൻ സംവിധാനം ആവിഷ്കരിച്ചത്. എന്നാൽ 70001 ബേസ് ഡേറ്റാ ഉള്ളതിൽ ആകെ 30001 ബേസ് ഡേറ്റായുടെ ഫോറം 6 ഡേറ്റാ എൻട്രി മാത്രമേ സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ. അതായത് 57% കെട്ടിടങ്ങളുടെ ഫോറം 6 എൻട്രി പോലും പൂർത്തീകരിക്കാൻ സാധിക്കാഞ്ഞതിനാൽ ഓൺലൈൻ പേയ്മെന്റ് സംവിധാനം നടപ്പിലായില്ല.

രജിസ്റ്ററുകൾ

രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല. പ്രധാന നികുതി ഇനങ്ങളായ വസ്തുനികുതി, തൊഴിൽ നികുതി എന്നിവയുടെ ഡിമാന്റ് രജിസ്റ്റർ/കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. നിലവിൽ വസ്തുനികുതികൾ ഉൾപ്പെടെയുള്ള എല്ലാ വരവിനങ്ങളുടെയും യഥാർത്ഥത്തിൽ ലഭിക്കേണ്ടതും, ലഭിച്ചതും, ലഭിക്കാൻ ശേഷിക്കുന്നതുമായ തുകയുടെ കൃത്യത നിർണ്ണയിക്കാൻ സാധിക്കാതെ വരുന്നു.

സെക്ഷനുകളുടെ ജോലി നിർവ്വഹണം ശരിയാംവിധം മോണിട്ടർ ചെയ്യുന്നില്ല .

നഗരസഭയിൽ ഓരോ സെക്ഷനും നിർവ്വഹിക്കേണ്ട ജോലികൾ കാര്യനിർവ്വഹണാധികാരികൾ കൃത്യമായി സൂപ്പർവൈസുചെയ്യുന്നില്ല. പരിചയസമ്പന്നരായ മുതിർന്ന ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തുന്നതല്ലാതെ വിശദാംശങ്ങൾ പരിശോധിക്കുകയോ അപാകത ചൂണ്ടിക്കാണിക്കുകയോ ചെയ്യുന്നില്ല. ആയതിനാൽ മിക്ക ഫയലുകളും പുന:പരിശോധനയ്ക്ക് വിധേയമാക്കേണ്ടി വരുന്നു. പെൻഷൻ/ഫിക്സേഷൻ എന്നിവയ്ക്ക് കാലതാമസം നേരിടുന്നു. കൂടാതെ സമയബന്ധിതമായി ഒടുക്കേണ്ടുന്ന തുകകൾ ഒടുക്കുന്നതിൽ കാലതാമസം വരുത്തുന്നു. സംസ്ഥാന ലൈബ്രറി കൗൺസിലിൽ അടയ്ക്കേണ്ടുന്ന ലൈബ്രറി സെസ്സ് തുകകൾ സമയബന്ധിതമായി ഒടുക്കുന്നില്ല.

വൗച്ചറുകളുടെ സൂക്ഷിപ്പ് .

ഓരോമാസത്തെയും വൗച്ചറുകൾ ക്രമമായി നമ്പരിട്ട് അടുക്കി വയ്ക്കുന്നില്ല. വൗച്ചറുകൾക്കൊപ്പം ബന്ധപ്പെട്ട ഉപവൗച്ചറുകൾ, ബില്ലുകൾ, രേഖകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. തന്മൂലം നഗരസഭ നടത്തിയ എല്ലാ പണമിടപാടുകളുടേയും ആധികാരികത പരിശോധിക്കാൻ സാധിക്കുന്നില്ല.

ഓഡിറ്റിന് രേഖകൾ സമയബന്ധിതമായി ലഭ്യമാക്കുന്നില്ല .

ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനും ഓഡിറ്റ് അന്വേഷണങ്ങൾക്ക് സമയബന്ധിതമായി മറുപടി ലഭ്യമാക്കുന്നതിനും കാലതാമസം നേരിടുന്നുണ്ട്. ഇത് സമകാലിക ഓഡിറ്റ് പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നു.

തുടർ നടപടികൾ സ്വീകരിക്കുന്നില്ല.

മുൻറിപ്പോർട്ടുകളിലെ പരാമർശങ്ങൾക്ക് തുടർനടപടികൾ കാലവിളംബം കൂടാതെ സ്വീകരിക്കുന്നതിനും വീഴ്ച സംഭവിച്ചിട്ടുണ്ട്. ഓരോ വർഷത്തെയും ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾ ആവർത്തിക്കുന്നത് ഇതിനുതെളിവാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം (നഗരസഭയിൽ നിന്നും ലഭ്യമായ വിവരം)

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12-01-2012 മുതൽ 22-01-2012 വരെ | 2010-11 | ഇല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18-10-2019 | 2017-18 മുതൽ 2018-19 വരെ | 29-10-2019 (LBA/HQ/11/8A-59/2019-20/396) |

## 1-11 പദ്ധതി നടത്തിപ്പിലെ അലംഭാവം-33.59 കോടി രൂപ നഗരസഭയ്ക്ക് നഷ്ടമായി

2019-20 സാമ്പത്തിക വർഷം 661808098 രൂപ പദ്ധതി രേഖ പ്രകാരം വിവിധ പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി വകയിരുത്തി. ടി വർഷം 601876276 രൂപ വിവിധ ഗ്രാന്റിനങ്ങളിൽ വകയിരുത്തി. കേന്ദ്രാവിഷ്കൃത ഫണ്ടിനത്തിൽ 28724796 രൂപയും സംസ്ഥാനാവിഷ്കൃത ഫണ്ടിനത്തിൽ 17055726 രൂപയും തനത് ഫണ്ടിനത്തിൽ

6161700 രൂപയും മറ്റുള്ളവ എന്നിനത്തിൽ 7989600 രൂപയും വകയിരുത്തി. എന്നാൽ 149103265 രൂപ ഗ്രാന്റിനത്തിൽ മാത്രമാണ് പദ്ധതി ചെലവുള്ളത്. വകയിരുത്തിയ തുകയുടെ 22.53 % മാത്രമാണ് പദ്ധതി ചെലവ്. സർക്കാർ നിർദ്ദേശ പ്രകാരം ഗ്രാന്റിനത്തിൽ ലഭ്യമാകുന്ന തുകയുടെ 30% കൂടി അധികമായി വകയിരുത്തിയാണ് നഗരസഭ പദ്ധതി തയ്യാറാക്കിയതെങ്കിലും 2019-20 വർഷം ലഭിച്ച തുകയുടെ 30.75 % തുക മാത്രമാണ് വിവിധ പദ്ധതികൾക്കായി ചെലവിട്ടത്. 335855735 രൂപ 2019-20 നഗരസഭയ്ക്ക് നഷ്ടമായി.

ചെലവിന്റെ വിവരങ്ങൾ (ഗ്രാന്റിനങ്ങൾ)

| ഇനം | പ്രോജക്ടിൽ വകയിരുത്തിയ തുക | വരവ് തുക | ചെലവ് തുക | ചെലവ് ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 163763068 | 118661000 | 66470297 | 56.02 |
| വികസന ഫണ്ട്- എസ്.സി.പി | 48477800 | 38912000 | 15035854 | 38.64 |
| വികസന ഫണ്ട്- റ്റി.എസ്.പി | 3282000 | 2411000 | 95000 | 3.94 |
| മെയിന്റനനൻസ് ഗ്രാന്റ്- റോഡ് | 108802574 | 92984000 | 25830821 | 27.78 |
| മെയിന്റനനൻസ് ഗ്രാന്റ്- നോൺ റോഡ് | 37797970 | 34551000 | 9160782 | 26.51 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 239753314 | 197440000 | 32510511 | 16.46 |
| ആകെ | 601876726 | 484959000 | 149103265 | 30.75 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവിന്റെ വിവരങ്ങൾ

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര് | പ്രോജക്ടുകളുടെ എണ്ണം | ചെലവുണ്ടായ പ്രോജക്ടുകളുടെ എണ്ണം | വകയിരുത്തിയ തുക | ചെലവ് തുക | % |
|---|---|---|---|---|---|---|
| 1 | മെഡിക്കൽ ഓഫീസർ-ആയുർവേദം | 1-new | 1-new | 2000000 | 2000000 | 100% |
| 2 | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 6-new | Nil | 3760000 | 0 | 0% |
| 3 | കൃഷി ഓഫീസർ | 4-new | 2-new | 11160000 | 4487626 | 40.21 |
| 4 | സെക്രട്ടറി-മുനിസിപ്പാലിറ്റി | 18-new<br>12-so | 10-new<br>5-so | 108585717 | 30202677 | 27.81 |
| 5 | സീനിയർ വെറ്ററിനറി സർജൻ | 14-new<br>2-so | 1-new<br>2-so | 9372700 | 760000 | 8.11 |
| 6 | ഡെപ്യൂട്ടി ഡയറക്ടർ-ക്ഷീരവികസനം | 1-new | Nil | 150000 | 0 | 0 |
| 7 | പ്രോജക്ട് ഓഫീസർ-നഗര | 2-new<br>10-so | 2-new<br>10-so | 16873620 | 10933654 | 64.80 |

| | | | | | | |
|---|---|---|---|---|---|---|
| | ദാരിദ്ര്യനിർമ്മാർജ്ജന സെൽ | | | | | |
| 8 | പട്ടികജാതി വികസന ഓഫീസർ | 11-new<br>15-so | 5-new<br>14-so | 22793422 | 13043623 | 57.23 |
| 9 | ഹെൽത്ത് ഓഫീസർ (മുനിസിപ്പാലിറ്റി) | 7-new<br>9-so | 3-new<br>9-so | 87147127 | 8497365 | 9.75 |
| 10 | ചൈൽഡ് ഡവലപ്മെന്റ് പ്രോജക്ട് ഓഫീസർ | 5-new<br>1-so | 2-new<br>1-so | 17259840 | 8713124 | 50.48 |
| 11 | ഹെഡ്മാസ്റ്റർ,ഗവൺമെന്റ് ഹൈസ്കൂൾ | 4-new<br>1-so | 1-new<br>1-so | 3750000 | 150350 | 4 |
| 12 | മുനിസിപ്പൽ എഞ്ചിനീയർ | 3-new<br>11-so | 0-new<br>4-so | 36865487 | 2832758 | 7.68 |
| 13 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 7-new<br>3-so | 6-new<br>0-so | 7308239 | 2364373 | 32.35 |
| 14 | അസ്സിസ്റ്റന്റ് എഞ്ചിനീയർ(ത.സ്വ.ഭ.വ) | 304-new<br>221-so | 19-new<br>133-so | 223480692 | 51676699 | 23.12 |
| 15 | അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ(ത.സ്വ.ഭ.വ) | 23-new<br>19-so | 2-new<br>7-so | 111301254 | 13441016 | 12.08 |
| 16 | TOTAL | 410-new<br>304-so | 54-new<br>186-so | | | |
| 17 | | 714 | 240 | 661808098 | 149103265 | 22.53 |

2019-20 സാമ്പത്തിക വർഷത്തിൽ 714 പ്രോജക്ടുകളാണ് ഉണ്ടായിരുന്നത്. (410-പുതിയത്,304- സ്പിൽ ഓവർ). ഇതിൽ 240 പ്രോജക്ടുകളിലാണ് ചെലവ് ഉണ്ടായിരുന്നത് (54-പുതിയത്,186- സ്പിൽ ഓവർ). ആകെയുള്ള 15 നിർവ്വഹണ ഉദ്യോഗസ്ഥരിൽ മെഡിക്കൽ ഓഫീസർ- ആയുർവ്വേദം, പ്രോജക്ട് ഓഫീസർ- നഗര ദാരിദ്ര്യനിർമ്മാർജ്ജന സെൽ, പട്ടികജാതി വികസന ഓഫീസർ, ചൈൽഡ് ഡവലപ്മെന്റ് പ്രോജക്ട് ഓഫീസർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ മാത്രമാണ് 50%-ത്തിൽ കൂടുതൽ പദ്ധതി തുക ചെലവഴിച്ചിട്ടുള്ളത്. ഇപ്രകാരം 661808098 രൂപ വകയിരുത്തിയതിൽ 484959000 രൂപയാണ് പദ്ധതി ഫണ്ടായി ലഭിച്ചത്. ഇതിൽ 149103265 രൂപ മാത്രമാണ് പദ്ധതി നിർവ്വഹണത്തിനായി ചെലവിട്ടത്. 335855735 രൂപ ചെലവഴിക്കാതെ നഷ്ടമായി. വകയിരുത്തിയ തുകയുടെ 22.53% മാത്രമാണ് പദ്ധതി ചെലവ്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്ന് പദ്ധതി നിർവ്വഹണത്തിൽ ഉണ്ടായ അലംഭാവം മൂലമാണ് ഇപ്രകാരം പദ്ധതി ചെലവിൽ വൻ കുറവുണ്ടായത്.

ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർക്ക് 3760000 രൂപ വകയിരുത്തി 6 പ്രോജക്ടുകളാണ് ഉണ്ടായിരുന്നത്. എന്നാൽ ടി നിർവ്വഹണ ഉദ്യോഗസ്ഥൻ ഒരു പദ്ധതി പോലും നടപ്പിലാക്കിയില്ല. 3760000 രൂപ നഗരസഭയ്ക്ക് നഷ്ടമായി. മുനിസിപ്പൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 30 പ്രോജക്ടുകളാണ് ഉണ്ടായിരുന്നത്. എന്നാൽ പതിനഞ്ച് പദ്ധതികളിൽ മാത്രമാണ് ചെലവുണ്ടായത്. 108585717 രൂപ വകയിരുത്തിയതിൽ 30202677 രൂപ മാത്രമാണ് പദ്ധതി ചെലവ്. വകയിരുത്തിയ തുകയുടെ 27.81% മാത്രമാണ് പദ്ധതി ചെലവ്. സീനിയർ വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി 16 പദ്ധതികൾ ഉണ്ടായിരുന്നതിൽ 3 പദ്ധതികളിൽ മാത്രമാണ് ചെലവുണ്ടായിട്ടുള്ളത്. 9372700 രൂപ വകയിരുത്തിയതിൽ 760000 രൂപ മാത്രമാണ് പദ്ധതി ചെലവ്. 8.11% മാത്രമാണ് പദ്ധതി ചെലവ്. ഹെൽത്ത് ഓഫീസർ (മുനിസിപ്പാലിറ്റി) നിർവ്വഹണ ഉദ്യോഗസ്ഥനായി 16 പദ്ധതികളാണ് ഉണ്ടായിരുന്നത്. ആയതിൽ 12 പദ്ധതികളാണ് പൂർത്തീകരിച്ചത്. 87147127 രൂപ വകയിരുത്തിയതിൽ 8497365 രൂപയാണ് പദ്ധതി ചെലവ്. 9.75% മാത്രമാണ് പദ്ധതി ചെലവ്. ഹെഡ്മാസ്റ്റർ, ഗവൺമെന്റ് ഹൈസ്കൂൾ നിർവ്വഹണ ഉദ്യോഗസ്ഥനായി 5 പ്രോജക്ടുകളാണ് ഉണ്ടായിരുന്നത്. ഇതിൽ 2 പ്രോജക്ടുകളിൽ മാത്രമാണ് നിർവ്വഹണം നടത്തിയത്. 3750000 രൂപ വകയിരുത്തിയതിൽ 150350 രൂപ

മാത്രമാണ് പദ്ധതി ചെലവ്. വകയിരുത്തിയ തുകയിൽ 4% മാത്രമാണ് പദ്ധതി ചെലവ്. മുനിസിപ്പൽ എഞ്ചിനീയർ, അസ്സിസ്റ്റന്റ് എഞ്ചിനീയർ, അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിങ്ങനെ മൂന്നുപേർ നിർവ്വഹണ ഉദ്യോഗസ്ഥരായി പൊതുമരാമത്ത് വിഭാഗത്തിൽ 581 പ്രോജക്ടുകളാണ് ഉണ്ടായിരുന്നത്. ഇതിൽ നിർവ്വഹണം പൂർത്തീകരിച്ചത് 165 പ്രോജക്ടുകളിൽ മാത്രമാണ്. 371647433 രൂപ വകയിരുത്തിയതിൽ 67950473 രൂപ മാത്രമാണ് ചെലവഴിച്ചത്.

പ്രളയം, കോവിഡ് എന്നിവ നഗരസഭയുടെ പദ്ധതി നടത്തിപ്പിനെ ഗുരുതരമായി ബാധിച്ചിട്ടുണ്ട്. കോവിഡ് പ്രതിസന്ധി കാരണം ഓഫീസുകൾ പൂർണ്ണമായി അടഞ്ഞുകിടന്ന സാഹചര്യത്തിൽ 2019-20 സാമ്പത്തിക വർഷത്തിന്റെ അവസാന മാസത്തിൽ പ്രോജക്ടുകളൊന്നും തന്നെ നടപ്പിലാക്കാൻ നഗരസഭയ്ക്ക് കഴിഞ്ഞില്ല. പ്രോജക്ടുകളുടെ ചെലവിൽ ഭൂരിഭാഗവും സാമ്പത്തിക വർഷാവസാനത്തിലേക്ക് കേന്ദ്രീകരിക്കുന്നത് മൂലമാണ് ഇപ്രകാരം സംഭവിച്ചത്. ഓരോ വർഷവും നഷ്ടമാകുന്ന തുക പിന്നീട് ലഭ്യമാകാൻ ബുദ്ധിമുട്ട് നേരിടുന്ന സാഹചര്യത്തിൽ അതാത് സാമ്പത്തിക വർഷം തന്നെ ഏറ്റെടുക്കുന്ന പ്രോജക്ടുകൾ പൂർണ്ണമായി നടപ്പിലാക്കാൻ നഗരസഭയ്ക്ക് കഴിയണം. അല്ലാത്തപക്ഷം കോടിക്കണക്കിന് രൂപ ഓരോ സാമ്പത്തിക വർഷവും നഷ്ടമാകുന്ന പ്രവണത ആവർത്തിക്കപ്പെടും. ഉദ്യോഗസ്ഥതലത്തിലും ഭരണസമിതിതലത്തിലും ക്രിയാത്മകമായ ഇടപെടലുകൾ ഉണ്ടായെങ്കിൽ മാത്രമെ പദ്ധതികൾ പൂർണ്ണമായി നടപ്പിലാക്കുന്നതിന് നഗരസഭയ്ക്ക് സാധ്യമാവുകയുള്ളൂ. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും സ്റ്റേക്ക് ഹോൾഡേഴ്സിന്റെയും ഭാഗത്തു നിന്നും കൃത്യമായ മേൽനോട്ടം പദ്ധതി നടത്തിപ്പിൽ ഉണ്ടാകണം.

## 1-12 നഗരസഭയുടെ പിരിവ് തുകകൾ ബാങ്ക് അക്കൗണ്ടുകൾ മാറ്റി ഒടുക്കുന്നു

26.05.2011-ാം തീയതിയിലെ സർക്കുലർ നം.58725/എഫ്.എം.3/2008/ത.സ്വ.ഭ.വ പ്രകാരം തനത് വരുമാനം നിക്ഷേപിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ അഭികാമ്യമല്ലായെന്നും തനത് വരുമാനം ട്രഷറി അക്കൗണ്ടിന് പുറമേ ഒരു ദേശസാൽകൃത/സഹകരണ ബാങ്ക് അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ടെങ്കിലും കോട്ടയം നഗരസഭാ കാര്യാലയത്തിലെ സാംഖ്യാ രസീതു മുഖേനയുള്ള പിരിവ് ഒടുക്കുന്നതിന് ബാങ്ക് ഓഫ് മഹാരാഷ്ട്രയിൽ 3 അക്കൗണ്ടുകളുണ്ട്. നഗരസഭ ഫണ്ട് അക്കൗണ്ട് നം. 20142500058 ലും, ലൈബ്രറി സെസ്സ് അക്കൗണ്ട് നം.-60018694479 ലും, സെക്യൂരിറ്റി ഡെപ്പോസിറ്റ് അക്കൗണ്ട് നം. 20142500309 ലുമാണ് ഒടുക്കുന്നത്. ഇത് സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമാണ്. കൂടാതെ കോട്ടയം നഗരസഭയിലെ സാംഖ്യ, മാനുവൽ രസീതുകൾ മുഖേനയുള്ള പണം പിരിവും അവയുടെ ഒടുക്കും പരിശോധിച്ചതിൽ തുകകൾ ബാങ്ക് അക്കൗണ്ടുകൾ മാറ്റി അടവാക്കുന്നതായും കാണുന്നു. നഗരസഭയുടെ പണമിടപാടുരേഖകളും ബാങ്ക് പത്രികകളും പരിശോധിച്ച് ഒടുക്ക് വിവരങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്തുന്നതിൽ വീഴ്ച സംഭവിച്ചിരിക്കുന്നതായി ബോധ്യപ്പെട്ടിട്ടുണ്ട്. ആയത് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കാര്യാലയം | നഗരസഭ തുക പിരിച്ച തീയതി | തുക | തുക ബാങ്കിൽ നിക്ഷേപിച്ച തീയതി | റിമാർക്സ് |
|---|---|---|---|---|---|
| 1 | നഗരസഭ കാര്യാലയം | 21.12.19 | 18696 | 23.12.19 | ബാങ്ക് ഓഫ് മഹാരാഷ്ട്രയുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് അക്കൗണ്ടിൽ (നം. 20142500309) നിക്ഷേപിക്കുന്നതിന് പകരം തനത് ഫണ്ട് അക്കൗണ്ടിൽ (നം. 20142500058) നിക്ഷേപിച്ചു. |
| 2 | | 02.01.20 | 175128 | 03.01.20 | ബാങ്ക് ഓഫ് മഹാരാഷ്ട്രയുടെ തനത് ഫണ്ട് അക്കൗണ്ടിൽ (നം. 20142500058) നിക്ഷേപിക്കുന്നതിന് പകരം ലൈബ്രറി സെസ്സ് അക്കൗണ്ടിൽ (നം. 60018694479) നിക്ഷേപിച്ചു. |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 3 | | 06.03.20 | 777125 | 07.03.20 | ബാങ്ക് ഓഫ് മഹാരാഷ്ട്രയുടെ തനത് ഫണ്ട് അക്കൗണ്ടിൽ (നം. 20142500058) നിക്ഷേപിക്കുന്നതിന് പകരം ലൈബ്രറി സെസ്സ് അക്കൗണ്ടിൽ (നം. 60018694479) നിക്ഷേപിച്ചു. |
| 4 | | 12.06.20 | 9981 | 15.06.20 | ബാങ്ക് ഓഫ് മഹാരാഷ്ട്രയുടെ ലൈബ്രറി സെസ്സ് അക്കൗണ്ടിൽ (നം. 60018694479) നിക്ഷേപിക്കുന്നതിന് പകരം തനത് ഫണ്ട് അക്കൗണ്ടിൽ (നം. 20142500058) നിക്ഷേപിച്ചു. |

ലൈബ്രറി സെസ്സ് ഇനത്തിൽ പിരിച്ചെടുക്കുന്ന തുക അതത് വർഷം രണ്ട് ഗഡുക്കളായി ലൈബ്രറി കൗൺസിലിൽ അടവാക്കേണ്ടതാണെന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുള്ളതാണ്. നഗരസഭയുടെ ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ട തുക മറ്റ് അക്കൗണ്ടുകളിൽ ഒടുക്കിയതിനും ലൈബ്രറി കൗൺസിലിൽ അടവാക്കേണ്ട തുക തനത് ഫണ്ട് അക്കൗണ്ടിൽ ഒടുക്കിയതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.71/19.07.21) നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല. ടി തുകകൾ അതത് ബാങ്ക് അക്കൗണ്ടുകളിൽ തിരികെ ഒടുക്കി വിശദാംശങ്ങൾ ഓഡിറ്റിൽ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-13 ലൈബ്രറി സെസ്സ് ഒടുക്കുന്നതിലെ അപാകതകൾ

I) ലൈബ്രറി സെസ്സ് ഇനത്തിൽ പിരിച്ചെടുക്കുന്ന തുക സമയബന്ധിതമായി ലൈബ്രറി കൗൺസിലിൽ ഒടുക്കുവരുത്തുന്നില്ല.

നഗരസഭ ഓരോ സാമ്പത്തിക വർഷവും ലൈബ്രറി സെസ്സ് ഇനത്തിൽ പിരിക്കുന്ന തുക രണ്ട് ഗഡുക്കളായി ലൈബ്രറി കൗൺസിലിന് നൽകേണ്ടതാണ്. ആദ്യ ഗഡു നവംബർ 30-നകവും , 2-ാം ഗഡു ഏപ്രിൽ 30-നകവും അടയ്ക്കേണ്ടതാണ്. ഇതിൽ വീഴ്ചവരുത്തുന്ന പക്ഷം അത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാദ്ധ്യതയായി കണക്കാക്കുന്നതും, ഈ കാലയളവിലെ പലിശ സെക്രട്ടറിയുടെ പക്കൽനിന്നും ഈടാക്കുന്നതുമാണെന്ന് 20.09.05-ലെ 10088/എൽ.3/05/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ കോട്ടയം നഗരസഭയിൽ ലൈബ്രറി സെസ്സ് ഇനത്തിൽ പിരിച്ചെടുക്കുന്ന തുക സമയബന്ധിതമായി ലൈബ്രറി കൗൺസിലിൽ ഒടുക്കുന്നില്ല. 2019 ഏപ്രിൽ 1മുതൽ 2021 മാർച്ച് 31വരെയുള്ള കാലയളവിൽ ഒടുക്കുവരുത്തിയ ലൈബ്രറി സെസ്സിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കാലയളവ് | തുക | ചെക്ക് നമ്പരും തീയതിയും |
|---|---|---|---|
| 1 | 2019 ഏപ്രിൽ 1മുതൽ 2019 സെപ്റ്റംബർ 30വരെ | 1342077 | 675034/ 22.06.20 |

| | | | |
|---|---|---|---|
| | | | |
| 2 | 2019 ഒക്ടോബർ 1 മുതൽ 2020 മാർച്ച് 31 വരെ | 2679073 | 675035/ 21.10.20 |
| 3 | 2020 ഏപ്രിൽ 1 മുതൽ 2020 സെപ്തംബർ 30 വരെ | 1010521 | 036274/ 24.05.21 |
| 4 | 2020 ഒക്ടോബർ മുതൽ 2021 മാർച്ച് 31 വരെ | നാളിതുവരെ ഒടുക്കിയിട്ടില്ല | |

ലൈബ്രറി സെസ്സ് ഇനത്തിൽ പിരിച്ചെടുക്കുന്ന തുക സമയബന്ധിതമായി ലൈബ്രറി കൗൺസിലിൽ അടവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

II) നഗരസഭയുടെ ലൈബ്രറി സെസ്സ് ഹെഡിൽ വരുന്ന തുക പൂർണ്ണമായും ലൈബ്രറി കൗൺസിലിൽ അടവാക്കുന്നില്ല.

2019 -20 സാമ്പത്തിക വർഷം ലൈബ്രറി സെസ്സ് ഇനത്തിൽ പിരിച്ചെടുത്ത തുകകൾ 2 ഗഡുക്കളായി ഒടുക്കുവരുത്തിയപ്പോൾ കളക്ഷൻ തുകയേക്കാൾ കുറവായിട്ടാണ് ലൈബ്രറി കൗൺസിലിൽ ഒടുക്കുവരുത്തിയത് എന്ന് കാണുന്നു. 2019 ഏപ്രിൽ 1മുതൽ 2020 മാർച്ച് 31 വരെ ഒടുക്കിയ തുകയിൽ ഇപ്രകാരം 56838 രൂപ കുറവ് വന്നിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കാലയളവ് | അക്കൗണ്ട് ശീർഷക പ്രകാരം തുക | ലൈബ്രറി കൗൺസിലിൽ ഒടുക്കിയ തുക | കുറവ് വന്ന തുക |
|---|---|---|---|---|
| 1 | 2019 ഏപ്രിൽ 1മുതൽ 2019 സെപ്തംബർ 30വരെ | 1377271 | 1342077 | 35194 |
| 2 | 2019 ഒക്ടോബർ 1 മുതൽ 2020 മാർച്ച് 31 വരെ | 2700717 | 2679073 | 21644 |
| | ആകെ | 4077988 | 4021150 | 56838 |

ടി പട്ടികയിലെ ക്രമനമ്പർ (2) പ്രകാരം കുറവ് വന്ന തുകയായ 21644 രൂപ 06.02.21 ൽ തനത് ഫണ്ടിലേക്ക് 675037ചെക്ക് പ്രകാരം ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. ലൈബ്രറി സെസ്സ് ഇനത്തിലുള്ള തുക ലൈബ്രറി കൗൺസിലിൽ ഒടുക്കാതെ തനത് ഫണ്ടിലേക്ക് വക മാറ്റുന്നത് ക്രമവിരുദ്ധമാണ്.

നഗരസഭ പിരിച്ചെടുക്കുന്ന ലൈബ്രറി സെസ്സ് സമയബന്ധിതമായി ഒടുക്കാത്തതിനും ലൈബ്രറി സെസ്സ് ഹെഡിൽ വരുന്ന തുക പൂർണ്ണമായും ലൈബ്രറി കൗൺസിലിൽ അടവാക്കാത്തതിനും ലൈബ്രറി സെസ്സ് ഇനത്തിൽ പിരിച്ചെടുത്ത തുകകൾ തനത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.72/20.07.21) നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല. ലൈബ്രറി സെസ്സ് ഇനത്തിൽ ലൈബ്രറി കൗൺസിലിൽ അടവാക്കിയതിൽ കുറവ് വന്ന തുക 56838 രൂപ ലൈബ്രറി കൗൺസിലിൽ ഒടുക്കി വിശദാംശങ്ങൾ ഓഡിറ്റിൽ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 വസ്തു നികുതി പരിഷ്കരണം -57% കെട്ടിടങ്ങളുടേയും Form-6 ഡാറ്റാ എൻട്രി നടത്തിയിട്ടില്ല

കോട്ടയം നഗരസഭ കൗൺസിലിന്റെ 24.10.2019 ലെ 23ാം തീരുമാന പ്രകാരം (R1-337/2017) വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി ഫോറം-6 ഡാറ്റാ എൻട്രി സഞ്ചയ സോഫ്റ്റ്‌വെയറിൽ നടത്തിയതിന് താഴെ പറയുന്ന സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും തുക നൽകുന്നതിനായി തീരുമാനിച്ചിരുന്നു.

| ക്രമ നം | സ്ഥാപനം/വ്യക്തി | പൂർത്തീകരിച്ച ഫോറം-6 ഡേറ്റാ എൻട്രി | തുക (@10) |
|---|---|---|---|
| 1 | വൃന്ദ പ്രദീപ്, പ്രിയങ്ക പ്രസാദ്, വിനീത ബാബു | 8066 | 80660 |
| 2 | ജംഷീദ്, Alfex IT Solutions | 6868-കുമാരനല്ലൂർ | 68680 |
| | | 5935-കോട്ടയം മെയിൻ | 59350 |
| | | 7000-നാട്ടകം | 70000 |
| | | 2132-കുമാരനല്ലൂർ | 21320 |
| | ആകെ | 30001 | ₹300010 |

70001 ബേസ് ഡേറ്റാ ഉള്ളതിൽ ആകെ 30001 ബേസ് ഡേറ്റയുടെ ഫോറം-6 മാത്രമെ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ. അവശേഷിക്കുന്ന 40000 നികുതി വിവരങ്ങൾ നാളിതു വരെ ഉൾപ്പെടുത്താനായിട്ടില്ല. ഇതിനു വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (32/2019-20; 04.01.2021) നഗരസഭ സെക്രട്ടറി മറുപടി നൽകിയിട്ടില്ല. ഡേറ്റ എൻട്രി നടത്താത്തതു മൂലം നഗരസഭയിലെ 57% കെട്ടിട ഉടമകൾക്കും ഓൺലൈൻ സേവനങ്ങൾ ഉപയോഗിക്കാനാകുന്നില്ല എന്നത് ഖേദകരമായ അവസ്ഥയാണ്. വസ്തുനികുതി ഇനത്തിൽ ലക്ഷങ്ങൾ കുടിശ്ശിക ആകുന്നത് ഇതുമൂലം നഗരസഭയ്ക്ക് വിശകലനം നടത്താനും കഴിയാത്ത സ്ഥിതിയാണുള്ളത്. സർക്കാരിന്റെ അടിയന്തിര ശ്രദ്ധയും നിർദ്ദേശവും ഈ വിഷയത്തിൽ നഗരസഭയ്ക്ക് നൽകണമെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-15 വസ്തു നികുതി ഈടാക്കിയതിൽ കുറവ്

കോട്ടയം നഗരസഭ പരിധിയിൽ 13-ാം വാർഡിൽ പി. വാസുദേവൻ നമ്പൂതിരിയുടെ ഉടമസ്ഥതയിലുള്ള 339A നമ്പരായ പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന്റെ വസ്തു നികുതി കണക്കാക്കിയതിൽ കുറവ് സംഭവിച്ചതായി അസ്സസ്സ്മെന്റ് രജിസ്റ്റർ പരിശോധനയിൽ നിന്നും വ്യക്തമാകുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഉടമസ്ഥന്റെ പേരും മേൽവിലാസവും | തറ വിസ്തീർണ്ണം | നിരക്ക്/ ച.മീ | ഈടാക്കേണ്ടിയിരുന്ന തുക | | | ഈടാക്കിയ തുക | | | കുറവ് |
|---|---|---|---|---|---|---|---|---|---|
| | | | അടിസ്ഥാന നികുതി | വർദ്ധനവ് | ആകെ | അടിസ്ഥാന നികുതി | വർദ്ധനവ് | ആകെ | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| പി.വാസുദേവൻ നമ്പൂതിരി, തലവനാട്ടില്ലം. 339A | 178.13 ച.മീ | 12 (പാർപ്പിടാവശ്യം) | 2138 | 428 (റോഡിന്റെ തരം- 20%) | 2566 | 1922 | 384 (റോഡിന്റെ തരം- 20%) | 2306 | 260 |

2019 - 20 സാമ്പത്തിക വർഷം മുതൽക്കാണ് ടി കെട്ടിടത്തിന് വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കി തുടങ്ങിയത്.

| സാമ്പത്തികവർഷം | വസ്തുനികുതി നഷ്ടം |
|---|---|
| 2019 -2020 | 260 |
| 2020 - 2021 | 260 |
| ആകെ | 520 |

വസ്തു നികുതി നിർണ്ണയിച്ചതിൽ അപാകതയുള്ളതിനാൽ ഈടാക്കിയ ലൈബ്രറി സെസ്സിലും കുറവ് സംഭവിച്ചിട്ടുണ്ട്. വസ്തു നികുതിയ്ക്ക് ആനുപാതികമായി ലൈബ്രറി സെസ്സും ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിടത്തിന് നിശ്ചയിക്കേണ്ടിയിരുന്ന വസ്തു നികുതി | ഈടാക്കേണ്ടിയിരുന്ന ലൈബ്രറി സെസ്സ് | ഈടാക്കിയ ലൈബ്രറി സെസ്സ് | കുറവ് |
|---|---|---|---|
| 2566 | 128 | 115 | 13 |

ടി അപാകത ചൂണ്ടിക്കാട്ടി നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.63/16.03.21) നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തു നികുതി പുനർനിർണ്ണയിച്ച് നഷ്ടം സംഭവിച്ച തുക ഉൾപ്പെടെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-16 മൊബൈൽ ടവറുകളുടെ വസ്തുനികുതി - കുടിശ്ശിക ഇനത്തിൽ 25,40,800 രൂപ ഈടാക്കാൻ അവശേഷിക്കുന്നു

നാട്ടകം, കുമാരനെല്ലൂർ, തിരുവാതുക്കൽ എന്നീ മേഖലാ കാര്യാലയങ്ങൾ ഉൾപ്പെടെയുള്ള നഗരസഭ പരിധിയിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള മൊബൈൽടവറുകളുടെ വസ്തുനികുതി വർഷങ്ങളായി ഈടാക്കാത്തതിനാൽ നഗരസഭയ്ക്ക് ഗണ്യമായ വരുമാനനഷ്ടം ഉണ്ടായിട്ടുണ്ട്. കേരള മുൻസിപ്പാലിറ്റി വസ്തുനികുതി ചട്ടങ്ങൾ 01.04.2011 മുതലാണ് പ്രാബല്യത്തിൽ വന്നത്. ജി.ഒ.(ആർ.റ്റി)നം.17/2011/തസ്വഭവ, തീയതി 14.01.2011 നമ്പർ ഉത്തരവ് പ്രകാരം മൊബൈൽടവറുകൾക്ക് ബാധകമായ കുറഞ്ഞ വസ്തുനികുതി ച.മീറ്ററിന് 400 രൂപയും കൂടിയ വസ്തുനികുതി 500 രൂപയുമാണ്. മുനിസിപ്പൽ കൗൺസിലിന്റെ 20.06.14-ലെ I-ാം നമ്പർ തീരുമാനം അനുസരിച്ച് പുറപ്പെടുവിച്ച അന്തിമ വിജ്ഞാപനത്തിൽ മൊബൈൽ ടവറുകളുടെ വസ്തുനികുതി ച.മീറ്ററിന് 500 രൂപ നിരക്കിലാണ് നിശ്ചയിച്ചിരിക്കുന്നത്. വസ്തുനികുതി ഈടാക്കുവാൻ അവശേഷിക്കുന്ന ടവറുകളുടെയും അവയിൽനിന്ന് ഈടാക്കുവാനുള്ള വസ്തുനികുതി കുടിശ്ശികയുടെയും വിവരം ചുവടെ ചേർക്കുന്നു.

ജനറൽ മേഖല

| ക്രമ നമ്പർ | മൊബൈൽ ടവറുകളുടെ വിശദാംശം | വാർഡ് നം/ കെട്ടിട നം. | മുനിസിപ്പാലിറ്റി നിശ്ചയിച്ച പ്രതിവർഷ നികുതി | കാലയളവ് | 31.03.2020 വരെയുള്ള കുടിശ്ശിക | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | Viom Networks Ltd | 8/332(1) | 25,000 | 2010-11 മുതൽ 2019-20 വരെ | 2,50,000 | പ്ലിന്ത് ഏരിയയുടെ വിവരം വ്യക്തമല്ല |

| | | | | | | |
|---|---|---|---|---|---|---|
| 2 | M/S Reliance Infra Tecs | 12/356 B7(1) | 13,300 | 2010-11 മുതൽ 2019-20 വരെ | 1,33,000 | " |
| 3 | Tata Tele Service And Wireless TT Info Service | 12/356 B8(1) 7.5 $M^2$ | 18,735 | 2015-16മുതൽ 2019-20 വരെ | 93,675 | മുനിസിപ്പൽ കൗൺസിൽ അംഗീകരിച്ച നിരക്കിനേക്കാൾ അധിക നിരക്കാണ് ചതുരശ്ര മീറ്ററിന് നിർണ്ണയിച്ചിട്ടുള്ളത് |
| 4 | Biju.T.Nair | 12/356 B9(1) 6.74 $M^2$ | 18,735 | 2018-19 മുതൽ 2019-20 വരെ | 37,470 | " |
| 5 | Airtel Indus Tower | 19/333 C9 | 23,888 | 2016-17 മുതൽ 2019-20 വരെ | 95,552 | പ്ലിന്ത് ഏരിയയുടെ വിവരം വ്യക്തമല്ല |
| 6 | M/S Idea Cellular | 8/3221 | 13126 | 2017-18 മുതൽ 2019-20 വരെ | 39,378 | " |
| 7 | Biju.T.Nair | 9/268-A | 21,875 | 1999 -2000മുതൽ 2019-20 വരെ | 437500 | നഗരസഭ ലഭ്യമാക്കിയ കണക്കുകളിൽ 437500ന പകരം 262500 എന്നാണ് രേഖപ്പെടുത്തിയിരി ക്കുന്നത് |
| 8 | Biju.T.Nair | 9/1422-A | 17,500 | 2018-19 മുതൽ 2019-20 വരെ | 35,000 | പ്ലിന്ത് ഏരിയയുടെ വിവരം വ്യക്തമല്ല |
| 9 | M/S Wireless TT Info Service | 9/1436-E | 9,450 | 2018-19 മുതൽ 2019-20 വരെ | 18,900 | " |
| 10 | M/S Wireless TT | 9/555-A | 10,500 | 2010-11മുതൽ 2019-20 വരെ | 1,05,000 | " |
| 11 | Reliance Communication | 17/675-A | 1,103 | 2014-15 മുതൽ 2019-20 വരെ | 6,618 | " |
| 12 | M/S Wireless TT Info Service | 24/37F | 13782 | 2010-11മുതൽ 2019-20 വരെ | 1,37,820 | " |
| | | ആകെ | | | 13,89,913 | |

തിരുവാതുക്കൽ മേഖല

| ക്രമ നമ്പർ | മൊബൈൽ ടവറുകളുടെ വിശദാംശം | വാർഡ് നം/ കെട്ടിട നം. | പ്രതിവർഷ നികുതി | കാലയളവ് | 31.03.2020 വരെയുള്ള കുടിശ്ശിക | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | Tata Tele Service And Wireless TT Info Service | 25/ 61-C 10.50 $M^2$ | 15,838 | 2006-07 മുതൽ 2019-20 | 221732 | മുനിസിപ്പൽ കൗൺസിൽ അംഗീകരിച്ച നിരക്കിനേക്കാൾ അധിക നിരക്കാണ് ചതുരശ്ര |

| | | | | | | |
|---|---|---|---|---|---|---|
| | | | | വരെ | | മീറ്ററിന് നിർണ്ണയിച്ചിട്ടുള്ളത് |
| 2 | Aircel Mobile Tower Dishnet Wirless Ltd | 25/ 69 -A | 21,018 | 2008-09 II മുതൽ 2019-20 വരെ | 241707 | പ്ലിന്ത് ഏരിയയുടെ വിവരം വ്യക്തമല്ല |
| 3 | M/S Indus Tower Ltd. | 25/ 82-A | 25,000 | 2018-19 മുതൽ 2019-20 വരെ | 50000 | " |
| 4 | M/S Idea Mobile Communication Ltd. | 20/106-A | 24,578 | 2017-18 മുതൽ 2019-20 വരെ | 73734 | " |
| 5 | M/S Wireless TT Info Service | 29/ 22-A | 31,248 | 2009-10 IIമുതൽ 2019-20 വരെ | 328104 | " |
| 6 | M/S Reliance Info Com. Ltd. | 22/ 256 A | 6118 | 2014-15 മുതൽ 2019-20 വരെ | 36708 | " |
| | | | | | 9,51,985 | |

നാട്ടകം മേഖല

| ക്രമ നമ്പർ | മൊബൈൽ ടവറുകളുടെ വിശദാംശം | വാർഡ് നം/ കെട്ടിട നം. | പ്രതിവർഷ നികുതി | കാലയളവ് | 31.03.2020 വരെയുള്ള കുടിശ്ശിക | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | Vodafone | 12/28B | 324 | 2011-12 മുതൽ 2019-20 വരെ | 3572 | പ്ലിന്ത് ഏരിയയുടെ വിവരം വ്യക്തമല്ല |
| 2 | Reliance | 13-15 B | 12,960 | 2019-20 II | 20412 | " |
| 3 | Bharath(Airtel) | VII/3A1 | 173 | 2016-17 മുതൽ 2019-20 വരെ | 1038 | " |
| 4 | Wireless TT | VII/3B1 | 1296 | 2016-17 മുതൽ 2019-20 വരെ | 7776 | " |
| | | | | | 32798 | |

കുമാരനെല്ലൂർ മേഖല

| ക്രമ നമ്പർ | മൊബൈൽ ടവറുകളുടെ വിശദാംശം | വാർഡ് നം/ കെട്ടിട നം. | പ്രതിവർഷ നികുതി | കാലയളവ് | 31.03.2020 വരെയുള്ള കുടിശ്ശിക | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | Dishnet Wirless Ltd | II/495A 47 $M^2$ | 469 | 2011-12 മുതൽ 2019-20 വരെ | 4221 | മുനിസിപ്പൽ കൗൺസിൽ അംഗീകരിച്ച നിരക്ക് പ്രകാരം വരേണ്ട തുകയേക്കാൾ കുറവാണ് നിർണ്ണയിച്ചിട്ടുള്ളത് |
| 2 | Tata Tele Service Ltd | II/ 674 B 10 $M^2$ | 165 | 2011-12 മുതൽ 2019-20 വരെ | 1485 | “ |
| 3 | Indus Towers Ltd. BSNL | VI/ 13D 110$m^2$ | 1694 | 2011-12 മുതൽ 2019-20 വരെ | 15246 | “ |
| 4 | Indus Towers Ltd. Airtel | VII/227-A 180 $M^2$ | 12670 | 2011-12 മുതൽ 2019-20 വരെ | 114030 | “ |
| 5 | M/S Wireless Info Service | VIII/288-A 80 $M^2$ | 936 | 2010-11മുതൽ 2019-20 വരെ | 9360 | “ |
| 6 | M/S Reliance Info Com. Ltd. | VIII/169-B 47 $M^2$ | 468 | 2014-15 മുതൽ 2019-20 വരെ | 2808 | “ |
| 7 | Indus Towers | IX/760A 70 $M^2$ | 702 | 2011-12മുതൽ 2019-20 വരെ | 6318 | “ |
| 8 | Indus Towers | X/295A 100 $M^2$ | 936 | 2011-12മുതൽ 2019-20 വരെ | 8424 | |
| 9 | Bharath Cellar Ltd | XI/137P 10 $M^2$ | 234 | 2011-12 മുതൽ 2019-20 വരെ | 2106 | “ |
| 10 | Bharath Cellar Ltd | XIII/639F 10 $M^2$ | 234 | 2011-12 മുതൽ 2019-20 | 2106 | “ |

| | | | | | | |
|---|---|---|---|---|---|---|
| | | | | വരെ | | |
| | | | | | 1,66,104 | |

നഗരസഭാ മേഖല കാര്യാലയങ്ങളുടെ പരിധിയിൽ സ്ഥാപിച്ചിട്ടുള്ള മൊബൈൽ ടവറുകളുടെ, ഓഡിറ്റ് കാലയളവ് വരെയുള്ള വസ്തുനികുതി കുടിശ്ശിക വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.50/2019-20, 16.02.2021) നഗരസഭ ലഭ്യമാക്കിയ മറുപടിയിലെ വിവരങ്ങളാണ് പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 2019-20 സാമ്പത്തിക വർഷം വരെ 25,40,800 രൂപ വസ്തു നികുതി ഇനത്തിൽ കുടിശ്ശികയായി ലഭിക്കാനുണ്ട്. അതോടൊപ്പം മേൽ തുകയ്ക്ക് ആനുപാതികമായി ലൈബ്രറി സെസ്സും ഒടുക്കേണ്ടതാണ്. പിഴ ഉൾപ്പെടെയുള്ള കുടിശ്ശിക തുക പൂർണ്ണമായി പിരിച്ചെടുക്കുന്നതിനായി പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ച് തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ മൊബൈൽ ടവറുകളുടെ വസ്തു നികുതി പുനർനിർണ്ണയിച്ച് ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-17 ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല

1999 ലെ കേരള മുനിസിപ്പാലിറ്റി (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ) ചട്ടങ്ങൾ ചട്ടം 3 പ്രകാരം ഒരു മുനിസിപ്പൽ പ്രദേശത്തിന്റെ പരിധിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ പാടില്ല. ചട്ടം 3(6) പ്രകാരം രജിസ്ട്രേഷൻ നൽകാൻ തീരുമാനിച്ച ട്യൂട്ടോറിയൽ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ 2-ാം നമ്പർ ഫോറത്തിലുള്ള ഒരു പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. രജിസ്ട്രേഷന് അതാത് സാമ്പത്തിക വർഷം അവസാനം വരെ പ്രാബല്യമുണ്ടായിരിക്കുന്നതും (ചട്ടം 3(10)) ടി രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം അവസാനിക്കുന്നതിനു മുൻപായി പുതുക്കേണ്ടതുമാണ് (ചട്ടം 5(1)). എന്നാൽ നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ 2019-20 സാമ്പത്തിക വർഷത്തേയ്ക്ക് ചട്ടങ്ങൾ പ്രകാരം രജിസ്ട്രേഷൻ പുതുക്കിയിട്ടില്ലായെന്ന് കാണുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ വിവരങ്ങൾ |
|---|---|
| 1 | ALTMS അക്കാദമി ഫോർ ഇൻഫർമേഷൻ ടെക്നോളജി, നസീറ ബിൽഡിംഗ്, കോട്ടയം |
| 2 | Prism Infotech, ശാസ്ത്രി റോഡ്, കോട്ടയം |
| 3 | Talley ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേണിങ്ങ്, കഞ്ഞിക്കുഴി |
| 4 | VIAS സിവിൽ സർവ്വീസ് അക്കാദമി ശാസ്ത്രി റോഡ്, കോട്ടയം |
| 5 | ദർശന സ്കൂൾ ഓഫ് കമ്പ്യൂട്ടേഴ്സ് , ശാസ്ത്രി റോഡ്, കോട്ടയം |
| 6 | ദർശന അക്കാദമി, നാഗമ്പടം |
| 7 | JMJ ലോ ഇൻസ്റ്റിറ്റ്യൂട്ട്, സിറിൽ ടവർ, കോട്ടയം |
| 8 | Core ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കുടക്കേരിക്കൽ ബിൽഡിംഗ്, കളക്ടേറ്റ് |
| 9 | Singularis സോഫ്റ്റ്‌വെയർ ടെക്നോളജീസ്, ആസാദ് ലെയ്ൻ, തിരുനക്കര |
| 10 | Talentഅക്കാദമി, സി.എസ്.ഐ കൊമേഴ്ഷ്യൽ കോംപ്ലക്സ്, ബേക്കർ ജംഗ്ഷൻ |
| 11 | COSMO സെന്റർ ഫോർ IELTS ട്രെയിനിങ്ങ്, ചെമ്പോത്തറ ബിൽഡിംഗ്, പുളിമൂട് ജംഗ്ഷൻ |
| 12 | ITS ബി.ടെക് ട്യൂഷൻ സെന്റർ, ഗുഡ് ഷെപ്പേർഡ് സ്ട്രീറ്റ്, കോട്ടയം |
| 13 | ABN Global Academy, കോച്ചിംഗ് സെന്റർ, കഞ്ഞിക്കുഴി |
| 14 | Power Own എഡ്യൂക്കേഷൻ, സ്പോക്കൺ ഇംഗ്ലീഷ്, കോട്ടയം |
| 15 | റീജിയണൽ കമ്പ്യൂട്ടർ കോളേജ് & ടെക്നിക്കൽ ട്രെയിനിങ്ങ് സെന്റർ , ബേക്കർ ജംഗ്ഷൻ |
| 16 | Ansons സ്റ്റഡി സെന്റർ, കോച്ചിംഗ് സെന്റർ, ശാസ്ത്രി റോഡ്, കോട്ടയം |
| 17 | IONA Academy, റെയിൽവേ സ്റ്റേഷൻ റോഡ്, ലോഗോസ് ജംഗ്ഷൻ, കോട്ടയം |
| 18 | IPSR Solutions Limited, മർച്ചന്റ് അസ്സോസിയേഷൻ ബിൽഡിംഗ്, കോട്ടയം. |
| 19 | ഹൈവേ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ ടെക്നോളജീസ്,എ വി ജി ബിൽഡിംഗ്, ബേക്കർ ജംഗ്ഷൻ |

| | |
|---|---|
| 20 | 360* La Excellence I.A.S അക്കാദമി, ചെല്ലിയൊഴുക്കം റോഡ്,കോട്ടയം |
| 21 | CanAssure Consultancy Services & Center For Computer Education, വെള്ളാപ്പള്ളി ലെയ്ൻ |
| 22 | കാഞ്ഞിരക്കാടൻസ് കരിയർ അക്കാദമി, സിനിമ മാസിക ബിൽഡിംഗ്, തിരുനക്കര |
| 23 | ഗേറ്റ് വേ കോളേജ് ഓഫ് ഹോട്ടൽ മാനേജ്മെന്റ്, മാർക്കറ്റ് റോഡ്, കോട്ടയം |
| 24 | Thinc ഇൻസ്റ്റിറ്റ്യൂട്ട്, കോച്ചിംഗ് സെന്റർ, സഫ ട്രേഡ് സെന്റർ, നാഗമ്പടം |
| 25 | REG Immigration & Education Services, മനോരാജ്യം ബിൽഡിംഗ്, എം.സി റോഡ് |
| 26 | Braince, PSC കോച്ചിംഗ് സെന്റർ, ബേക്കർ ജംഗ്ഷൻ |
| 27 | കോട്ടയം ഇൻഷുറൻസ് ഇൻസ്റ്റിറ്റ്യൂട്ട്, നാഗമ്പടം |
| 28 | റയോ അക്കാദമി, സി.എം.എസ് കോളേജ് റോഡ്, ബേക്കർ ജംഗ്ഷൻ |
| 29 | ആഷാസ് അക്കാദമി , കോച്ചിംഗ് സെന്റർ, കളക്ട്രേറ്റ്, കോട്ടയം |
| 30 | Learn With Mariam Rauf,english Language School, ലോഗോസ് ജംഗ്ഷൻ |
| 31 | Santamonica Academy, മണ്ണക്കളത്തിൽ ട്രേഡേഴ്സ്, ശാസ്ത്രി റോഡ് |
| 32 | Megha's Pharm Ville-NCLEX-RN, കോച്ചിംഗ് സെന്റർ, മദീന ആർക്കേഡ്, സി.എം.എസ് കോളേജ് റോഡ്, കോട്ടയം. |

2019 - 20 സാമ്പത്തിക വർഷത്തെ ഓഡിറ്റിൽ ടി അപാകത ചൂണ്ടിക്കാണിച്ചുകൊണ്ട് അന്വേഷണ കുറിപ്പിന് (നം. 59 / തീയതി 18.02.21) ചട്ടപ്രകാരം രജിസ്ട്രേഷൻ എടുക്കുന്നതിന് സ്ഥാപനങ്ങൾക്ക് അറിയിപ്പ് നൽകിയിട്ടുള്ളതാണെന്നാണ് എച്ച്2-208/20-ാം നമ്പർ കത്ത് പ്രകാരം നഗരസഭ നൽകിയ മറുപടി. സാമ്പത്തിക വർഷം അവസാനിക്കുന്നതിനു മുൻപായി രജിസ്ട്രേഷൻ പുതുക്കണമെന്ന ചട്ടം നിലനിൽക്കേ രജിസ്ട്രേഷൻ പുതുക്കാതെ സ്ഥാപനം പ്രവർത്തിക്കുന്നത് അനധികൃതമാണ്. ഇത്തരത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നഗരസഭ കർശന നടപടി സ്വീകരിക്കേണ്ടതാണ്.

## 1-18 തൊഴിൽ നികുതി - അപാകതകൾ

2019-20 സാമ്പത്തിക വർഷത്തിൽ മുനിസിപ്പാലിറ്റി പരിധിയിലെ ജീവനക്കാരിൽ നിന്നും വ്യാപാരികളിൽ നിന്നും തൊഴിൽനികുതി പിരിച്ചതിലും രജിസ്റ്റർ തയ്യാറാക്കിയതിലുമുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

I. രജിസ്റ്ററുകളും രേഖകളും അപൂർണ്ണം

- 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം 8-ാം ചട്ടത്തിൽ പറഞ്ഞിട്ടുള്ള ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്. മുനിസിപ്പാലിറ്റിയിൽ ഒരു രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ചില സ്ഥാപനങ്ങളുടെ പേര് മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പേര് വിവരങ്ങൾ, തസ്തിക, വരുമാനം എന്നിവ രേഖപ്പെടുത്തുന്നില്ല. രജിസ്റ്ററിൽ ചില സ്ഥാപനങ്ങളുടെ പേരും ഒടുക്കിയ ആകെ തുകയും മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ.
- വാർഷിക ധനകാര്യ പത്രിക പ്രകാരം 2019-20ൽ തൻവർഷ കുടിശ്ശികയായി 12943980 രൂപയും മുൻവർഷ കുടിശ്ശികയായി 50561677 രൂപയും ഉൾപ്പെടുത്തിയിട്ടുണ്ട്. കുടിശ്ശിക വിവരം വ്യക്തമാക്കുന്ന കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സ്ഥാപനത്തിൽ സൂക്ഷിക്കുന്നില്ല. ആയതിനാൽ മേൽ സൂചിപ്പിച്ച തുകയുടെ ആധികാരികത ഉറപ്പുവരുത്തുവാൻ സാധിക്കുന്നില്ല. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ ടി തുക പിരിച്ചെടുക്കാനാവാതെ നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം സംഭവിക്കുന്നതിനുള്ള സാധ്യത നിലനിൽക്കുന്നു.
- തൊഴിൽനികുതിയുടെ രജിസ്റ്ററുകൾ - എഴുതി പൂർത്തിയാക്കുകയോ വാർഷിക സംഗ്രഹമെഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

II. ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാനവശേഷിക്കുന്നു

2019 – 20 സാമ്പത്തിക വർഷത്തെ ഡിമാന്റ് രജിസ്റ്റർ പ്രകാരം ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാനവശേഷിക്കുന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | വാർഡ് | അർദ്ധവർഷം |
|---|---|---|---|
| 1 | മാനേജർ, എൽ.ജി ഡീലർഷിപ്പ് | I | I & II |
| 2 | ജില്ലാ ഇൻഷുറൻസ് ഓഫീസ്, കഞ്ഞിക്കുഴി | I | I & II |
| 3 | സപ്ലൈകോ മാർജിൻ ഫ്രീ, കഞ്ഞിക്കുഴി | I | I & II |
| 4 | സെക്രട്ടറി, മാങ്ങാനം സർവ്വീസ് സഹകരണ ബാങ്ക്, കഞ്ഞിക്കുഴി | II | I |
| 5 | മാനേജർ, SUGAR & SPICE | II | II |
| 6 | ത്രിവേണി സൂപ്പർ മാർക്കറ്റ്,കൺസ്യൂമർ ഫെഡ് | II | I & II |
| 7 | മാനേജർ, ആക്സിസ് ബാങ്ക്, കഞ്ഞിക്കുഴി | II | II |
| 8 | ജില്ല ഓഫീസർ, കെ.പി.എസ്.സി, മുട്ടമ്പലം | III | I & II |
| 9 | വി.എൻ.തുഷാർ, ഹോട്ടൽ പ്രിൻസ് | IV | I & II |
| 10 | മാനേജർ, ഐ.ഡി.ബി.ഐ ബാങ്ക് | IV | II |
| 11 | മാനേജർ, വി.സി. ലൂക്കോസ് & കോ. | IV | I & II |
| 12 | മാനേജർ, വെട്ടിയിൽ ബ്രദേഴ്സ് | IV | I & II |
| 13 | മാനേജർ, മജസ്റ്റിക് ലോഡ്ജ് | IV | II |
| 14 | മാനേജർ, കോട്ടയം ക്ലബ് | V | I & II |
| 15 | മാനേജർ, കോടിമത കോ-ഓപ്പറേറ്റീവ് ബാങ്ക് | V | I & II |
| 16 | മാനേജർ, സിറ്റി ഫ്യൂവൽസ് | VI | I & II |
| 17 | മാനേജർ, മുത്തൂറ്റ് ഫിൻകോർപ്പ് | VI | I & II |
| 18 | മാനേജർ, മിനി മുത്തൂറ്റ് ഫിനാൻസ് | VI | I & II |
| 19 | മാനേജർ, മാഞ്ഞൂരാൻ ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസ് | VI | I & II |
| 20 | മാനേജർ, ഹീര കൺസ്ട്രക്ഷൻസ് | VI | I & II |
| 21 | ജ്യോതിസ് അക്കാദമി | VI | I & II |
| 22 | മെഡിക്കൽ ഓഫീസർ, എ.ആർ ക്യാമ്പ് ഹോസ്പിറ്റൽ, | VII | I & II |

| | | | |
|---|---|---|---|
| | കോട്ടയം | | |
| 23 | മാനേജർ, രാഷ്ട്ര ദീപിക പ്രിന്റിംഗ് ആന്റ് പബ്ലിഷിംഗ് യൂണിറ്റ് | XVII | I & II |
| 24 | പ്രിൻസിപ്പൽ, കോട്ടയം കോ-ഓപ്പറേറ്റീവ് കോളേജ് | XVII | I & II |
| 25 | മാനേജർ, ഡി. സി.ബുക്ക്സ് | XVII | I & II |
| 26 | മാനേജർ, ആര്യ വൈദ്യശാല ഫാർമസി | XVII | II |
| 27 | മാനേജർ, കെപി.ബി നിധി ലിമിറ്റഡ് | XVII | II |
| 28 | മാനേജർ, കെ.എൽ.എം.ചിട്ടി ഫണ്ട് | XVII | II |
| 29 | മാനേജർ, സി.എം.എസ്.ഇൻഡസ്ട്രിയൽ | XIX | I & II |
| 30 | മാനേജർ, നാഷണൽ സിറ്റി പ്രസ്സ് | XIX | I & II |
| 31 | ജനറൽ മാനേജർ, എം.ജി.എഫ്. മോട്ടർ ലിമിറ്റഡ് | XIX | II |
| 32 | സുലത മാത്യൂ, എക്സൽ ട്രെഡിംഗ് കോ. | XIX | I & II |
| 33 | സൂപ്രണ്ടിംഗ് ഓഫീസർ, നാഷണൽ സാംപിൾ സർവേ | XIX | I & II |
| 34 | സെക്രട്ടറി, കെ.എസ്.ആർ.ടി.സി സ്റ്റാഫ് കോ-ഓപ്പറേറ്റീവ് ബാങ്ക് | XIX | I & II |
| 35 | കൺസൽട്ട് ഇൻ, ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് മാനേജ്മെന്റ് | XIX | I & II |

ടി പട്ടികയിലെ 35 സ്ഥാപനങ്ങളും തൊഴിൽ നികുതി ഒടുക്കാത്തതിനാൽ നികുതി ഒടുക്കുന്നതിലേക്ക് അവർക്കുള്ള ഡിമാന്റ് നോട്ടീസ് തയ്യാറാക്കി വരുന്നുവെന്നാണ് 19.04.20 -ാം തീയതിയിലെ 65-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് 08.06.21 ൽ R4/17431/2015-ാം നമ്പരായി സെക്രട്ടറി ലഭ്യമാക്കിയ മറുപടി. ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യതപ്പെട്ട എല്ലാ ജീവനക്കാരുടേയും ലിസ്റ്റ് അവരുടെ ശമ്പളത്തിന്റെ/വരുമാനത്തിന്റെ വിവരങ്ങളടങ്ങിയ സ്റ്റേറ്റ്മെന്റ് സഹിതം ഫോറം IV-ൽ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് തൊഴിലുടമകൾക്ക് നോട്ടീസ് നൽകേണ്ടതും ആയതുപ്രകാരം നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരും നികുതി ഒടുക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. മേൽ പരാമർശിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും നികുതി ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

III. സ്ഥാപന തൊഴിൽ നികുതി പിരിവിലെ അപാകതകൾ

നഗരസഭാ പരിധിയിൽ സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, കമ്പനികൾ, ബിസിനസ്സ് നടത്തുന്നവർ എന്നിവർ തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരാണ്. അവരെ ഏത് വിഭാഗത്തിലുൾപ്പെടുത്തി തൊഴിൽ നികുതി ചുമത്തണമെന്നും ഓരോ വിഭാഗത്തിനും ബാധകമായ തൊഴിൽ നികുതി എത്രയാണെന്നും കേരള മുനിസിപ്പാലിറ്റി

തൊഴിൽ നികുതി ചട്ടങ്ങൾ 2005, ചട്ടം 3(2)-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ 2019-20 -ൽ നഗരസഭയിൽ നിന്നും ലൈസൻസ് നേടി പ്രവർത്തിച്ചുവരുന്ന മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും സംരഭകരിൽ നിന്നും ചട്ട പ്രകാരമുള്ള സ്ഥാപന തൊഴിൽ നികുതി പിരിച്ചെടുത്തിട്ടില്ല. ടി അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.65/19.04.21) ലഭ്യമാക്കിയ മറുപടി പ്രകാരം സ്ഥാപന തൊഴിൽ നികുതി ഒടുക്കാനവശേഷിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | വാർഡ് | അർദ്ധവർഷം | ഡിമാന്റ് ചെയ്ത തുക |
|---|---|---|---|---|
| 1 | മാനേജർ, സിവിൽ സപ്ലൈസ് കോർപ്പറേഷൻ | I | I & II | 2500 |
| 2 | ജോൺ തോമസ്, മോഡേൺ സ്റ്റോർ | I | I & II | 1200 |
| 3 | പി.വി.ജോസ്, ടീ ഷോപ്പ് | I | I & II | 600 |
| 4 | തോമസ് എബ്രഹാം, പി.ജെ.ജെ ഫ്രൂട്ട്സ് | I | II | 1250 |
| 5 | ഡോ.സുനി.പി.വർഗ്ഗീസ് | I | I & II | 2500 |
| 6 | ഹോളിവുഡ് സ്റ്റുഡിയോ | I | II | 750 |
| 7 | പി.സി.ഫിലിപ്പ്, പൂവത്ത് വേ ബ്രിഡ്ജ് | II | I & II | 2500 |
| 8 | ജേക്കബ് ബാബു, ന്യൂ ഗലറി | II | I & II | 1200 |
| 9 | ധന്യ, മരിയ ഫിഷറീസ് | II | I & II | 600 |
| 10 | സ്കറിയ ജേക്കബ്, ഇമേജിംഗ് സൊല്യൂഷൻ | II | I & II | 2500 |
| 11 | പീറ്റർ.എ.വി, സിൻകെയർ ഏജൻസീസ് | II | II | 450 |
| 12 | രജനി.ഡി, ഡ്രീംഗേൾ ബ്യൂട്ടി പാർലർ | II | II | 1250 |
| 13 | മാനേജർ, പോമിനോസ് പിസ്സ | II | I & II | 2500 |
| 14 | ലിജോ ജോർജ്ജ്, ദ്രോണ എഡ്യൂക്കേഷൻ | II | I & II | 2500 |
| 15 | മാനേജർ, ഇൻസൈറ്റ് | II | II | 1250 |
| 16 | മാനേജർ, KWCCS, മുട്ടമ്പലം | III | I & II | 750 |
| 17 | സുനിൽ, കാർമൽ സ്റ്റുഡിയോ | IV | II | 600 |
| 18 | കെ.കെ. പരീത് കുഞ്ഞ്, സൈറാസ് സ്റ്റേഷനറി | IV | II | 600 |

| | | | | |
|---|---|---|---|---|
| 19 | അബ്ദുൾ റഷീദ്, ലൈഫ് സ്റ്റൈൽ ഗാർമെന്റ് | IV | I & II | 1200 |
| 20 | മത്തായി.പി.ഉളുപ്പ്, ഹോട്ടൽ പാലക്കാട് | IV | I & II | 1200 |
| 21 | മാനേജർ , ഫെഡറൽ ബാങ്ക് | IV | II | 1250 |
| 22 | ജിജി കുര്യൻ, പ്രിയ ഗിഫ്റ്റ് സെന്റർ | IV | I & II | 2500 |
| 23 | വിക്ടർ റബ്ബർ കമ്പനി, | IV | I & II | 1500 |
| 24 | വിവേക്.ആർ, മാർവൽ എജൻസീസ് | IV | I & II | 2500 |
| 25 | പെറ്റ്സൺ പീറ്റർ, സുവാര ട്രേഡേഴ്സ് | IV | I & II | 1500 |
| 26 | എ.കെ.തോമസ്, ഗ്ലോറിയ ബ്യൂട്ടി പാർലർ | IV | I & II | 2500 |
| 27 | മനോജ് ടോം വർക്കി, ഇൻഫിനിറ്റി എന്റർപ്രൈസ് | IV | I & II | 2500 |
| 28 | മാനേജർ, ഫോർച്യൂൺ ഇന്റഗ്രേറ്റർ അസറ്റ് ഇൻവെസ്റ്റ്മെന്റ് | IV | II | 1250 |
| 29 | ബഷീർ, അൽ-അമീൻ കൂൾബാർ | V | II | 300 |
| 30 | ഓമന കരുണാകരൻ | VI | I & II | 2500 |
| 31 | സുജിൽ.എസ്.വി, എസ്.എം.കോൾഡ് സ്റ്റോറേജ് | VI | II | 1250 |
| 32 | മാനേജർ, കാനറ ബാങ്ക് | VI | II | 1250 |
| 33 | കൊച്ചുറാണി, പൊന്നൂസ് കോഫി ബാർ | VI | II | 600 |
| 34 | ഷൈൻ വർഗ്ഗീസ്, Idea Miracle Cellular | VI | I & II | 2500 |
| 35 | ഇ.കെ.അഷ്റഫ്, എ.എം ബേക്കേഴ്സ് | VI | II | 1000 |
| 36 | മാനേജർ, ഇന്റർനാഷണൽ ജിം | VI | I & II | 2500 |
| 37 | മാനേജർ മെഡി ഹോം | VI | II | 1250 |
| 38 | ജസ്റ്റിൻ മാത്യൂ | VII | I & II | 2500 |
| 39 | മനോജ്കുമാർ, കൊമറ്റ് എക്സ്പോർട്ടസ് | VII | I & II | 2500 |
| 40 | ജേക്കബ്.കെ.വർഗ്ഗീസ്, ജെ.കെ.വി | VII | II | 1250 |

| | | | | |
|---|---|---|---|---|
| | എന്റർപ്രൈസസ് | | | |
| 41 | സന്തോഷ്, പ്രണവ് അപ്ഹോൾസ്റ്ററി വർക്സ് | XVII | I & II | 900 |
| 42 | പദ്മരാജൻ, ചാർട്ടേർഡ് അക്കൗണ്ടന്റ് | XVII | II | 1250 |
| 43 | ഓമനക്കുട്ടൻ കെ.ആർ, വിഷൻ ഡിജിറ്റൽസ് | XVII | I & II | 1500 |
| 44 | ലൈലാക് ബ്യൂട്ടിപാർലർ | XVII | I | 1250 |
| 45 | വെങ്കിടേഷ്, സൈബർ ഔൺ ഇന്റർനെറ്റ് കഫേ | XVII | I & II | 1200 |
| 46 | മാനേജർ, മെട്രോ ഷൂസ് | XVII | I & II | 2500 |
| 47 | സജീവ്, നോവ സിസ്റ്റം | XVII | I & II | 2500 |
| 48 | ഡോ.കെ.എസ്.രവിശങ്കർ, ആയുർവേദ ക്ലീനിക് | XVII | I & II | 2500 |
| 49 | എം.കെ.കുരുവിള, ചാർട്ടേർഡ് അക്കൗണ്ടന്റ് | XVII | I & II | 2500 |

. ടി പട്ടികയിലെ 49 സ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നൽകി വരുന്നുവെന്നാണ് 19.04.20 ലെ 65-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് 08.06.21 ൽ R4/17431/2015-ാം നമ്പരായി സെക്രട്ടറി ലഭ്യമാക്കിയ മറുപടി. നികുതി ഒടുക്കാത്തവരിൽ നിന്നും ചട്ട പ്രകാരമുള്ള തൊഴിൽ നികുതി അടിയന്തിരമായി ഈടാക്കി വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-19 വാടക- അപാകതകൾ

2019-20 സാമ്പത്തിക വർഷത്തെ വാടക സംബന്ധമായ രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ നിന്നും നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടങ്ങളിലെ വാടകക്കാരിൽ നിന്നും വാടക പൂർണ്ണമായും ഈടാക്കിയിട്ടില്ലെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)നാഗമ്പടം ഷോപ്പിംഗ് കോംപ്ലക്സ്

| ക്രമ നം | സ്റ്റാൾ നം | വാടകക്കാരന്റെ പേര് | വാടക | വാടക ഈടാക്കാനുള്ള കാലയളവ് | ഈടാക്കാനുള്ള വാടക |
|---|---|---|---|---|---|
| 1 | 4 | വി.ആർ.മുഹമ്മദ് | 3566 | 03/2020 | 3566 |
| 2 | 7 | കെ.പി.സുലൈമാൻ | 2925 | 12/19-03/20 | 2925x 4=11700 |
| 3 | 26 | കെ.പി അലി | 2817 | 03/20 | 2817 |
| 4 | 5 | റ്റി.കെ മുഹമ്മദ് | 3265 | 03/20 | 3265 |
| 5 | 1x/65A 11(8) | സന്ധ്യ | 5500 | 04/19-03/20 | 5500x12=66000 |
| 6 | 1x/65A 11(10) | മുഹമ്മദ് റാഫി | 5000 | 02/20-03/20 | 5000x2=10000 |
| 7 | 1x/65A 11(14) | സന്ധ്യ.പി.തമ്പി | 5500 | 04/19-03/20 | 5500x12=66000 |
| 8 | 1x/65A 11(15) | പ്രസിഡന്റ്/സെക്രട്ടറി KSLAWCS (LTD) | 10200 | 10/19-03/20 | 10200x6=61200 |

| | | | | | |
|---|---|---|---|---|---|
| | | ലോട്ടറി ഓഫീസ് | | | |
| | | | | ആകെ | 224548 |

2) E & F BLOCK

| ക്രമ നം | സ്റ്റാൾ നം | വാടക | വാടക ഈടാക്കാനുള്ള കാലയളവ് | ഈടാക്കാനുള്ള വാടക |
|---|---|---|---|---|
| 1 | 219/GF | 5719 | 04/19-03/20 | 5719x12=68628 |
| 2 | 319/GF | 5639 | 03/20 | 5639x1= 5639 |
| 3 | 313/GF | 5898 | 03/20 | 5898x1= 5898 |
| 4 | 517/GF | 5035 | 2/20-03/20 | 5035x2= 10070 |
| | | | ആകെ | 90235 |

3)MRF GODOWN BUNK,VEDIPPURA LANE ROOM & KODIMATHA SERVICE STADIUM ROOM

| ക്രമ നം | സ്റ്റാൾ നം | വാടകക്കാരന്റെ പേര് | വാടക | വാടക ഈടാക്കാനുള്ള കാലയളവ് | ഈടാക്കാനുള്ള വാടക |
|---|---|---|---|---|---|
| 1 | 10/GF | പി.ജെ ജയ്സൺ | 13104 | 04/19-03/20 | 13104x12= 157248 |
| 2 | 17/GF | കെ.സാറാമ്മ | 4551 | 07/19-03/20 | 4551x9= 40959 |
| 3 | തിരുനക്കര റൂഫ് ഏരിയ | സെക്രട്ടറി മുനിസിപ്പൽ വർക്കേഴ്സ് | 500 | 04/19-03/20 | 500x12= 6000 |
| | | | | ആകെ | 204207 |
| | എം.ആർ.എഫ് ഗോഡൗൺ | | | | |
| 1 | 19/FF | ജോബിൻ.കെ.ജോസ് | 1571 | 02/20-03/20 | 1571x2= 3142 |
| 2 | 20/FF | ടോണി വർക്കിച്ചൻ | 3373 | 11/19-12/19 | 3373x2= 6746 |
| 3 | ഹാൾ നം-1D | എബ്രഹാം കര്യൻ | 2110 | 09/19-03/20 | 2110x7= 14770 |
| 4 | 1/SF | ജിനി സെബാസ്റ്റ്യൻ | 3362 | 04/19-10/19 | 3362x7= 23534 |
| 5 | 8/SF | എ.കെ.രാജൻ | 3667 | 04/19-10/19 | 3667x7= 25669 |
| | | | | ആകെ | 73861 |

4)Old Veg.market C Block & A Block, ഫിഷ് മാർക്കറ്റ് ,കഞ്ഞിക്കുഴി മാർക്കറ്റ്, ഓഫീസ് അനക്സ്.

| ക്രമ നം | സ്റ്റാൾ നം | വാടകക്കാരന്റെ പേര് | വാടക | വാടക ഈടാക്കാനുള്ള കാലയളവ് | ഈടാക്കാനുള്ള വാടക |
|---|---|---|---|---|---|
| 1 | FF-1 C Block | ഐഷ ബൈജുകുമാർ | 2033 | 05/19-03/20 | 2033x11= 22363 |

| | | | | | |
|---|---|---|---|---|---|
| 2 | | സെക്രട്ടറി സർവ്വെ & ലാന്റ് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 1319 | 07/19-03/20 | 1319x9= 11871 |
| 3 | നം-2 | ഐഷ ബൈജുകുമാർ | 4110 | 04/19-03/20 | 4110x12= 49320 |
| 4 | 12/472 | ജോണി മാത്യു | 1950 | 04/19-03/20 | 1950x12= 23400 |
| 5 | 12/602 | സാം ജോർജ്ജ് A Block-12/602 | 1884 | 04/19-03/20 | 1884x12= 22608 |
| 6 | 12/607 | പി.ഒ തോമസ് | 950 | 01/20-03/20 | 950x3= 2850 |
| 7 | നം-17 | പി.എം സലിം | 524 | 04/19-03/20 | 524x12= 6288 |
| 8 | സ്റ്റാൾ | ഇ.എഫ് ബേബി | 830 | 04/19-03/20 | 830x12= 9960 |
| | ഫിഷ് മാർക്കറ്റ് | | | | |
| 9 | 12/358 | ജസ്റ്റിൻ | 3704 | 04/19-03/20 | 3704x12= 44448 |
| 10 | 12/260 | മണികണ്ഠൻ | 4610 | 04/19-03/20 | 4610x12= 55320 |
| 11 | 12/361 | സുബൈർ | 2714 | 04/19-03/20 | 2714x12= 32568 |
| 12 | സ്റ്റാൾ നം-2&3 | എം.കെ തങ്കച്ചൻ | 4024 | 04/19-03/20 | 4024x12= 48288 |
| | ഓഫീസ് അനക്സ് | | | | |
| 13 | റൂം നം-2 | എ.കെ ഓമന | 1187 | 04/19-03/20 | 1187x12= 14244 |
| 14 | നം-11A | വർഗ്ഗീസ് വർഗ്ഗീസ് | 240 | 02/20-03/20 | 240x2= 480 |
| 15 | സെല്ലാർ നം-31 | കെ.എസ് തോമസ് | 848 | 04/19-03/20 | 848x12= 10176 |
| 16 | സെല്ലാർ നം-32 | എ.കെ ബീന | 485 | 04/19-03/20 | 485x12= 5820 |
| 17 | FF NO-1 | സന്തസാജൻ | 2500 | 01/20-03/20 | 2500x2= 5000 |
| 18 | സ്റ്റാൽ നം-2 | മേബിൾ ജോയി | 20757 | 04/19-03/20 | 20757x12= 249084 |
| | | | | ആകെ | 614088 |

5)ബങ്കുകൾ- ശാസ്ത്രി റോഡ്, തിരുനക്കര & രാജീവ് ഗാന്ധി ഷോപ്പിംഗ് കോംപ്ലക്സ്

| ക്രമ നം | സ്റ്റാൾ നം | വാടകക്കാരന്റെ പേര് | വാടക | വാടക ഈടാക്കാനുള്ള കാലയളവ് | ഈടാക്കാനുള്ള വാടക |
|---|---|---|---|---|---|
| 1 | മാർക്കറ്റ് ബങ്ക് | വി.കെ ബാബു | 860 | 12/19-03/20 | 860x4= 3440 |
| 2 | ബങ്ക് നം-103 കോടിമത | ബിനോഷ് | 424 | 03/20 | 424 |
| 3 | 739-A | വി.എൻ സോമൻ | 608 | 04/19-03/20 | 608x12=7296 |
| 4 | നം-15 | കെ.വി ഐഷ ഉമ്മ | 542 | 04/19-03/20 | 542x12=6504 |
| 5 | നം-16 | ഉണ്ണിക്യഷ്ണൻ.വി | 569 | 04/19-03/20 | 569x12=6828 |
| 6 | നം-17 | പ്രവീൺ.റ്റി.അറയ്ക്കൽ | 395 | 04/19-03/20 | 395x12=4740 |
| 7 | നം-20 | മാത്യു എബ്രഹാം | 543 | 12/19-03/20 | 543x12=6516 |
| | | | | ആകെ | 35748 |
| | രാജീവ് ഗാന്ധി ഷോപ്പിംഗ് കോംപ്ലക്സ് | | | | |
| 10 | നം-10 | റ്റി.എ ചന്ദ്രൻ | 51633 | 02/20-03/20 | 51633x2= 103266 |
| 16 | വനിതാ ക്യാന്റീൻ മുനി-ഓഫീസ് | ആൽഫാ കുടുംബശ്രീ | 1100 | 01/20-03/20 | 1100x3= 3300 |
| | | | | ആകെ | 106566 |

6)എൻ.എസ്.ജി (നെഹ്രു സ്റ്റേഡിയം ഗ്യാലറി )

| ക്രമ നം | സ്റ്റാൾ നം | വാടകക്കാരന്റെ പേര് | വാടക | വാടക ഈടാക്കാനുള്ള കാലയളവ് | ഈടാക്കാനുള്ള വാടക |
|---|---|---|---|---|---|
| 1 | നം-7 | റ്റി.സി പ്രസാദ് | 1525 | 04/19-03/20 | 1525x12=18300 |
| 2 | നം-11 | ഇ.ജെ അജി | 840 | 04/19-03/20 | 840x12= 10080 |
| 3 | നം-16 | തോമസ് മാത്യു | 952 | 04/19-03/20 | 952x12= 11424 |
| 4 | നം-20 | റ്റി.കെ കുര്യാക്കോസ് | 1005 | 04/19-03/20 | 1005x12=12060 |
| 5 | നം-22 | ഫിലിപ്പ് ലൂക്കോസ് | 1025 | 04/19-03/20 | 1025x12=12300 |
| 6 | നം-23 | മറിയാമ്മ മാത്യു | 786 | 02/20-03/20 | 786x2 = 1572 |
| 7 | നം-25 | ജോസി തോമസ് | 866 | 04/19-03/20 | 866x12= 10392 |
| 8 | നം-41 | പി.എം പ്രസന്നൻ | 555 | 04/19-03/20 | 555x12= 6660 |
| 9 | നം-50 | കെ.വി സെബാസ്റ്റ്യൻ | 918 | 04/19-03/20 | 918x12= 11016 |
| 10 | നം-51 | കെ.വി | 865 | 04/19-03/20 | 865x12= 10380 |

| | | | | | |
|---|---|---|---|---|---|
| | | സെബാസ്റ്റ്യൻ | | | |
| 11 | നം-52 | കെ.വി സെബാസ്റ്റ്യൻ | 927 | 04/19-03/20 | 927x12= 11124 |
| 12 | നം-57 | എം.റ്റി ഷാജി | 741 | 01/20-03/20 | 741x3= 2223 |
| 13 | നം-65 | മേരി ലൂക്കോസ് | 1858 | 04/19-03/20 | 1858x12=22296 |
| 14 | നം-66 | ഡി.മേരിദാസ് | 816 | 03/20 | 816 |
| 15 | നം-79 | പി.ആർ സിന്ധിമോൾ | 758 | 04/19-03/20 | 758x12= 9096 |
| 16 | നം-80 | പി.ജി സതീശൻ | 715 | 12/19-03/20 | 715x 4= 2860 |
| 17 | നം-81 | പി.കെ അംബിക | 727 | 03/20 | 727 |
| 18 | നം-82 | വിശ്വനാഥൻ ശിവരാമൻ | 849 | 04/19-03/20 | 849x12= 10188 |
| 19 | നം-84 | കെ.കെ ശ്രീകുമാർ | 787 | 01/20-03/20 | 787 X3= 2361 |
| 20 | നം-103 | പി.റ്റി തോമസ് | 1398 | 04/19-03/20 | 1398x12=16776 |
| 21 | നം-104 | ജേക്കബ് തോമസ് | 1263 | 04/19-03/20 | 1263x12=15156 |
| 22 | നം-114 | മുഹമ്മദ് റിയാസ് | 1990 | 03/20 | 1990 |
| 23 | നം-116 | എബ്രഹാം തോമസ് | 2251 | 04/19-03/20 | 2251x12=27012 |
| 24 | നം-126 | നാസർ | 1200 | 12/19-03/20 | 1200x4 = 4800 |
| 25 | നം-128 | എം.എ നാസർ | 2332 | 12/19-03/20 | 2332x4= 9328 |
| 26 | നം-137 | പി.ജെ വർഗ്ഗീസ് | 1896 | 04/19-03/20 | 1896x12=22752 |
| 27 | നം-138 | ജേക്കബ് സ്കറിയ | 2256 | 04/19-03/20 | 2256x12=27072 |
| 28 | നം-143 | പി.വി വർക്കി | 2000 | 09/19-03/20 | 2000x7= 14000 |
| 29 | നം-146 | പി.വി വർക്കി | 1620 | 11/19-03/20 | 1620x 5= 8100 |
| 30 | നം-147 | പി.വി വർക്കി | 2160 | 11/19-03/20 | 2160x5= 10800 |
| | | | | ആകെ | 323661 |

വാടകക്കാരിൽ നിന്നും വാടക ഈടാക്കാത്തത് സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (68/2019 തീയതി 24-06-2021) നൽകിയതിന്റെ അടിസ്ഥാനത്തിൽ വൻതുക നഗരസഭ പിരിച്ചെടുക്കുകയും വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുകയും ചെയ്തു. പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുകയുടെ വിവരങ്ങളാണ് പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുകയക്ക് ബന്ധപ്പെട്ട വാടകക്കാർക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. 2018-19 സാമ്പത്തിക വർഷം വാടക ഇനത്തിൽ 1672914 രൂപ ഇനി പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. പ്രസ്തുത തുക അടിയന്തിരമായി പിരിച്ചെടുത്ത് മറുപടി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത തുക വരവ് നഷ്ടമായി കണക്കാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## 1-20 മുനിസിപ്പാലിറ്റിയുടെ അനുവാദത്തോടെ മുനിസിപ്പൽ കെട്ടിടത്തിൽ അനധികൃത കെട്ടിട നിർമ്മാണം

കോട്ടയം, തിരുനക്കര ബസ് സ്റ്റാന്റിന്റെ വടക്കു വശത്തെ മുനിസിപ്പാലിറ്റിയുടെ രണ്ടു നില കെട്ടിടത്തിൽ പ്രവർത്തിക്കുന്ന രാജധാനി ഹോട്ടലിന്റെ ലൈസൻസിയായ ശ്രീ ബിനിത്ത് M.R കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്കായി 2017ൽ അനുമതി ചോദിച്ചിരുന്നു.28.04.2017 ലെ 41ാം നമ്പർ നഗരസഭ കൗൺസിൽ തീരുമാനപ്രകാരം കാലഘട്ടത്തിനു അനുസൃതമായി കെട്ടിടത്തിനു മോടി പിടിപ്പിക്കുന്നതിനും കെട്ടിടത്തിന്റെ ബലക്ഷയം ഇല്ലാതാക്കുന്നതിനു സ്വന്തം ചെലവിൽ കോൺക്രീറ്റ് ചെയ്ത് ബലപ്പെടുത്തുന്നതിനും അനുമതി നൽകിയിരുന്നു. പ്രസ്തുത തീരുമാനപ്രകാരം മുകൾ നിലയിലേക്ക് കെട്ടിടം നിർമ്മിക്കുന്നതിനു അനുമതി നൽകിയിരുന്നില്ല.കെട്ടിടത്തിലെ മുറികൾക്ക് സ്ട്രക്ച്ചറൽ ചേഞ്ച് അനുവദനീയമല്ല എന്നും ലിഫ്റ്റ് അനുവദിക്കാനാകില്ല എന്നും കൗൺസിൽ തീരുമാനമെടുത്തിരുന്നു.

03.10.2017 ൽ ലൈസൻസി താഴെ പറയുന്ന അറ്റകുറ്റപ്പണികൾക്കു കൂടി അനുമതിയ്ക്കായി അപേക്ഷ നൽകി.

1. കെട്ടിടത്തിന്റെ പടിഞ്ഞാറു ഭാഗത്തുള്ള അടുക്കള RCC റൂഫിംഗ് നടത്തി ബലപ്പെടുത്തുക.

2.കെട്ടിടത്തിന്റെ ഒന്നും രണ്ടും നിലയിലേക്ക് പ്രവേശിക്കുന്നതിന് ലിഫ്റ്റ് സൗകര്യം ഏർപ്പെടുത്തുക.

3.നിലവിലുള്ള കെട്ടിടത്തിനു മുകളിലായി രണ്ടു മുറികൾ കൂടി പണിയുക.

പ്രസ്തുത മുനിസിപ്പാലിറ്റിയുടെ കെട്ടിടത്തിൽ (നം.17/645,റീസർവ്വെ നമ്പർ:23,24/1 കോട്ടയം വില്ലേജ് ) 1976 മുതൽ ലൈസൻസി ഹോട്ടൽ നടത്തുന്നതായി അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് 19.03.2018 ലെ 34ാം കൗൺസിൽ തീരുമാനപ്രകാരം അപേക്ഷകൻ ഹാജരാക്കിയ പ്ലാൻ പ്രകാരം നിർമ്മാണം പൂർത്തീകരിക്കാൻ അനുമതി നൽകി. സ്ഥലപരിശോധനയിൽ നിർമ്മാണം നടത്തുന്ന കെട്ടിടത്തിനു ബലക്ഷയം ഇല്ലായെന്നും ലിഫ്റ്റ് ,കോളം ബീം സ്ട്രക്ച്ചറിൽ (RCC) നിലവിലുള്ള കെട്ടിടത്തിൽ നടത്താമെന്നും മുനിസിപ്പൽ എഞ്ചിനീയർ ശുപാർശ ചെയ്തിരുന്നു.

എന്നാൽ ടിയാൻ സമർപ്പിച്ച പ്ലാൻ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കുന്നതാണെന്നുള്ള യാതൊരു പരിശോധനയോ പെർമിറ്റോ മുനിസിപ്പൽ എഞ്ചിനീയർ നൽകിയതായി കാണുന്നില്ല.മുനിസിപ്പാലിറ്റി കെട്ടിടത്തിന്റെ നിർമ്മാണത്തിനുള്ള പ്ലാനിൽ മുനിസിപ്പൽ സെക്രട്ടറിയോ മുനിസിപ്പൽ എഞ്ചിനീയറോ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

തുടർന്ന്,ലൈസൻസി കൗൺസിൽ തീരുമാനത്തെ മാനിക്കാതെ സ്വന്തം ഇഷ്ടപ്രകാരം നിലവിലുള്ള കെട്ടിടത്തിന്റെ സ്ട്രക്ച്ചറിൽ വലിയ മാറ്റങ്ങൾ വരുത്തുകയും കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ചുകൊണ്ട് പുതുതായി കെട്ടിടം എക്സ്റ്റൻഷനായി 3നിലകളിൽ നിലവിലുള്ള കെട്ടിടത്തിനോടു ചേർന്ന് നിർമ്മിക്കുകയും ചെയ്തു.

ഫയൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന നിയമലംഘനങ്ങൾ എഞ്ചിനീയറിംഗ് വിഭാഗത്തിലെ വിവിധ ഉദ്യോഗസ്ഥർ റിപ്പോർട്ട് ചെയ്തത് താഴെ ചേർക്കുന്നു.

| ക്രമ നം | നിയമ ലംഘനം | റിപ്പോർട്ട് ചെയ്ത ഉദ്യോഗസ്ഥൻ | റിപ്പോർട്ട് ചെയ്ത തീയതി |
|---|---|---|---|
| 1 | നിർമ്മാണ അനുമതി ഇല്ലാത്ത ഭാഗത്ത് പ്രധാന കെട്ടിടത്തിൽ 3 ജനലുകൾ അടച്ചു. പ്രധാന കെട്ടിടത്തിനുള്ളിൽ 6.85x5x2.35M അളവിൽ മണ്ണ് കുഴിച്ചെടുത്തു മാറ്റി. | ബീഗം തായിബ T, ഓവർസിയർ Gr I | 04-08-2018 |
| 2 | മുകളിലത്തെ നിലകളിൽ Hollo/Solid കോൺക്രീറ്റ് കട്ടകൾ വച്ച് നിർമ്മാണം നടക്കുന്നു.കെട്ടിടത്തിനകത്ത് JCB കിടക്കുന്നു.Column,Wall എന്നിവയുടെ Foundation പുറമേ നിന്നു കാണുന്നു.കെട്ടിടം അപകടാവസ്ഥയിലാണ്. | സുമ എസ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 04-08-2018 |
| 3 | മണ്ണ് നീക്കം ചെയ്ത ഭാഗം ഇഷ്ടിക ഉപയോഗിച്ച് ചെറിയ ബ്ലോക്കുകളായി തിരിച്ചിട്ടുണ്ട്.മെയിൻ ഹാൾ പാർട്ടീഷൻ വാൾ ഉപയോഗിച്ച് റൂമുകളായി തിരിച്ചിട്ടുണ്ട്. ഓരോ റൂമുകളിലും മണ്ണ് നീക്കം ചെയ്ത് Solid Block ഉപയോഗിച്ച് | ജോസഫ് വിൽഫ്രഡ്, അസിസ്റ്റന്റ് | 09.09.2018 |

| | | | |
|---|---|---|---|
| | സംഭരണ ടാങ്കുകൾ നിർമ്മിച്ചിട്ടുണ്ട്. | എഞ്ചിനീയർ | |
| 4 | നിലവിലുള്ള കെട്ടിടത്തിന്റെ കിച്ചൻ ഭാഗത്ത് 5x3.10x1M അളവിൽ മണ്ണ് കുഴിച്ച് മാറ്റിയിട്ടുണ്ട്.ഇനിയും കുഴിക്കുവാനും കെട്ടിടത്തിനു ബലക്ഷയം ഉണ്ടാകുവാനും സാധ്യത ഉണ്ട് | ജോസഫ് വിൽഫ്രഡ്, അസിസ്റ്റന്റ് എഞ്ചിനീയർ | 05.10.2018 |
| 5 | മെയിന്റനൻസിനു നൽകിയ അനുമതി ഉപയോഗിച്ച് അപകടകരമായ പ്രവർത്തികൾ നടത്തുന്നു. | സുമ എസ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 06.10.2018 |
| 6 | നിർമ്മാണം KMBR ചട്ടങ്ങൾ ലംഘിച്ചതാണ് | ബീഗം തായിബ T, ഓവർസിയർ Gr I | 12.10.2018 |
| 7 | കെട്ടിടത്തിന്റെ ഫസ്റ്റ് ഫ്ളോറിൽ തട്ട് പൊളിക്കുന്ന പ്രവർത്തികൾ നടക്കുന്നു. Master പ്ലാൻ പ്രകാരം ഈ കെട്ടിടം Existing Public & Semi Public Zone ൽ ഉൾപ്പെടുന്നു. എക്സ്റ്റൻഷൻ കെട്ടിടം തൊട്ടടുത്ത BSNL കെട്ടിടവുമായി 1.25M ദൂരം മാത്രമേ വിട്ടിട്ടുള്ളൂ.ഇത് KMBR Rule 56(1a) യുടെ ലംഘനമാണ്. എക്സ്റ്റൻഷൻ കെട്ടിടം 2 നിലകളിൽ കൂടുതലുള്ള Commercialകെട്ടിടമായതിനാൽ KMBR-99,Rule 42 പ്രകാരം Fire Stair വയ്ക്കേണ്ടതാണ്.Proposed Building ന് റൂൾ 34 പ്രകാരം പാർക്കിംഗ് ലഭ്യമല്ല. | ബീഗം തായിബ T, ഓവർസിയർ Gr I | 16.10.2018 |
| 8 | KMBR ചട്ടങ്ങൾ ലംഘിച്ചിട്ടുണ്ട്. 19.06.2018 ലെ PW2-32358/17 പ്രകാരം നഗരസഭ ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ മാത്രം നിർമ്മാണാനുമതി നൽകിയിരുന്നത് പാലിച്ചിട്ടില്ല. | സുമ എസ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 25.10.2018 |
| 9 | ലൈസൻസി വ്യവസ്ഥകൾ പാലിക്കാത്തതിനാൽ ടിയാന്റെ ലൈസൻസ് റദ്ദാക്കാനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ് | സുമ എസ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 26.10.2018 |
| 10 | അനധികൃത നിർമ്മാണം പരിശോധിക്കുന്നതിന് വാർഡിന്റെ ചുമതലയുള്ള അസിസ്റ്റന്റ് എഞ്ചിനീയർ,റവന്യൂ ഓഫീസർ എന്നിവരെ ചുമതലപ്പെടുത്തി. | J മുഹമ്മദ് ഷാഫി, സെക്രട്ടറി | 26.10.2018 |
| 11 | അനധികൃത നിർമ്മാണം അനസ്യൂതം തുടർന്നു വരുന്നു.നിലവിലുള്ള കെട്ടിടത്തിനകത്തെ 3.80M ആഴമുള്ള കുഴി കെട്ടിടത്തിന്റെ സ്ട്രക്ച്ചറിന്റെ സ്റ്റെബിലിറ്റിയെ ബാധിക്കുന്നതാണ്. ലൈസൻസി സമർപ്പിച്ച സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ് Proposed Building ന്റേതാണ് എന്നു പരിശോധനയിൽ കാണുന്നു.നഗരസഭയുടെ അറിവില്ലാതെ മണ്ണ് ഖനനം ചെയ്തു മാറ്റി.കൗൺസിൽ തീരുമാനപ്രകാരമുള്ള നിർമ്മാണപ്രവർത്തികൾക്ക് കാലാവധി കഴിഞ്ഞു പോയിട്ടുണ്ട്. | സുമ എസ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 25.11.2018 |
| 12 | സ്ഥിരമായി മുനിസിപ്പാലിറ്റിയുടെ നിർദ്ദേശങ്ങൾ അനുസരിക്കാതെ നിയമലംഘനം നടത്തുന്നതിനാൽ കക്ഷിയുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതിനായി നഗരസഭ കൗൺസിലിനു ശുപാർശ ചെയ്യാവുന്നതാണ്. | ബിജിമോൾ E.R, എക്സിക്യൂട്ടീവ് എഞ്ചിനീയർ | 26.11.2018 |

നഗരസഭ എഞ്ചിനീയറിംഗ് ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തിയതിൽ നിലവിലുള്ള ഭിത്തിയോടു ചേർന്ന്

6.85x5x2.35 ക്യൂബിക് മീറ്റർ അളവിൽ കെട്ടിടത്തിനു ബലക്ഷയം സംഭവിക്കുന്ന തരത്തിൽ മണ്ണ് നീക്കം ചെയ്തതായും അവിടം പ്ലാസ്റ്റർ ചെയ്തതായും ഒരു JCB കെട്ടിടത്തിനുള്ളിൽ ഉള്ളതായും റിപ്പോർട്ട് ചെയ്യുകയും ഇതിനെത്തുടർന്ന എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി ബിജിമോൾ E.R ലൈസൻസിയ്ക്ക് 20.08.2018 ൽ നോട്ടീസ് നൽകുകയും ചെയ്തു (PW2-32358/17).

നോട്ടീസ് നൽകിയിട്ടും അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ തുടരുന്നതിനാൽ ആയതു തടയുന്നതിന് കേരള മുനിസിപ്പൽ ആക്ട് ,സെക്ഷൻ 550 പ്രകാരമുള്ള പോലീസ് ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നഗരസഭ സെക്രട്ടറി 30.08.2018 ൽ കോട്ടയം,വെസ്റ്റ് പോലീസ് സ്റ്റേഷൻ,സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് പരാതി നൽകിയിരുന്നു (PW2-R10-32358/17)

തുടർന്ന് ടി കെട്ടിടത്തിൽ STP,Fire,Septic Tank,ശുദ്ധജലം സംഭരിക്കുന്നതിനായി 20000 ലിറ്ററിന്റെ Underground Tank എന്നിവയുടെ നിർമ്മാണമാണ് നടക്കുന്നതെന്നും ചൂണ്ടിക്കാട്ടി 14.09.2018 ൽ ലൈസൻസി അപേക്ഷയും പ്ലാനും സമർപ്പിച്ചിരുന്നു. പ്രസ്തുത പ്ലാനിലും KMBR പാലിക്കുന്നുണ്ടോയെന്നുള്ള യാതൊരു പരിശോധനയും മുനിസിപ്പൽ എഞ്ചിനീയറിംഗ് വിഭാഗം നടത്തിയതായി കാണുന്നില്ല.

27.10.2018 ൽ അനധികൃത നിർമ്മാണം തടയുന്നതിനാവശ്യമായ സേവനം ആവശ്യപ്പെട്ടുകൊണ്ട് എക്സിക്യൂട്ടീവ് എഞ്ചിനീയർ 27.10.2018 ൽ കോട്ടയം,വെസ്റ്റ് പോലീസ് സ്റ്റേഷൻ,സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് പരാതി നൽകിയിരുന്നു.(PW2-R10-32358/17). അന്നേ ദിവസം തന്നെ സ്ഥാപനം ലൈസൻസ് വ്യവസ്ഥകൾ ലംഘിച്ചത് കൊണ്ട് തുടർ നടപടികൾ സ്വീകരിക്കണമെന്ന് നഗരസഭ റവന്യൂ ഓഫീസർക്കും എക്സിക്യൂട്ടീവ് എഞ്ചിനീയർ കത്തു നൽകിയിരുന്നു.27.10.2018 ൽ അസിസ്റ്റന്റ് എഞ്ചിനീയറായ ശ്രീമതി ഡെയ്സി M.P രാജധാനി ഹോട്ടൽ സന്ദർശിക്കുകയും അനധികൃത നിർമ്മാണങ്ങൾ നടക്കുന്നതായി റിപ്പോർട്ടും ചെയ്തിട്ടുണ്ട്.എന്നാൽ ഒരാഴ്ചയ്ക്കു ശേഷം 05.11.2018 ൽ ഇതേ അസിസ്റ്റന്റ് എഞ്ചിനീയർ കെട്ടിടത്തിന്റെ ഭംഗിയ്ക്കും സുരക്ഷയ്ക്കും ഉറപ്പിനും പണികൾ അത്യന്താപേക്ഷിതമാണെന്നും ലൈസൻസിയുടെ കത്ത് പരിഗണിക്കാവുന്നതാണെന്നും റിപ്പോർട്ട് ചെയ്തു.3 സ്റ്റാർ ക്ലാസ്സിഫിക്കേഷന്റെ ഭാഗമായി 50000 ലിറ്ററിന്റെ വാട്ടർ ടാങ്ക് സ്ഥാപിക്കണമെന്ന് ഫയർ & റസ്ക്യൂ ഡിപ്പാർട്മെന്റിന്റെ നിർദ്ദേശമുണ്ടെന്നും ആയതിനാലാണ് ഗ്രൗണ്ട് ഫ്ലോറിലെ കിച്ചനിലുള്ളിൽ വലിയ കുഴിയെടുത്തതെന്നുമാണ് ലൈസൻസി കത്തിൽ പറഞ്ഞിട്ടുള്ളത്. ഈ കത്തിൽ മാത്രമാണ് ലൈസൻസി ത്രീ സ്റ്റാർ എന്ന വിഷയം രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിനു മുമ്പോ പ്ലാനിലോ അപേക്ഷയിലോ ഹോട്ടലിനെ ത്രീ സ്റ്റാർ ആക്കുന്നതിനുള്ള നവീകരണപ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന രേഖപ്പെടുത്തിയിട്ടില്ല.

നഗരസഭ കെട്ടിടത്തിന്റെ മുറിയോടു ചേർന്ന് 3.80 മീറ്റർ ആഴത്തിൽ വാട്ടർ ടാങ്കിനായി കുഴിച്ചതിനെതിരെയും മറ്റ് അനധിത നിർമ്മാണങ്ങൾക്കെതിരെയും 29.11.2018 ൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ ഫൈനൽ നോട്ടീസ് നൽകുകയും (PW2-R10-32358/17) മൈനിംഗ് & ജിയോളജി വകുപ്പിന് പരാതി നൽകുകയും ചെയ്തു. ഇതിനുള്ള ലൈസൻസിയുടെ 18.12.2018 ലെ മറുപടിയിലും ലൈസൻസി മുൻ കത്തിൽ പറഞ്ഞ വാട്ടർ ടാങ്കിന്റെ ആവശ്യകത പറയുകയും കുഴിച്ചെടുത്ത മണ്ണ് എക്സ്റ്റൻഷൻ കെട്ടിടത്തിന്റെ തറ ഭാഗം നികത്താനായി ഉപയോഗിക്കുമെന്നും മറുപടി നൽകി.

തുടർന്ന് ഈ മറുപടി പരിഗണിച്ച് ഇതുവരെയുള്ള നിയമലംഘനങ്ങളെല്ലാം ഒഴിവാക്കുകയും Geology Department ൽ നിന്നും Fire & Rescue Department ൽ നിന്നും N.O.C യ്ക്ക് അപേക്ഷ അയയ്ക്കാവുന്നതാണെന്നും അസിസ്റ്റന്റ് എഞ്ചിനീയറായ ശ്രീമതി ഡെയ്സി M.P ,05.01.2019 ൽ റിപ്പോർട്ട് ചെയ്തു. ഈ റിപ്പോർട്ട് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ 25.01.2019 ലും എക്സിക്യൂട്ടീവ് എഞ്ചിനീയർ 07.02.2019ലും അംഗീകരിച്ചു.

ഹോട്ടൽ ലൈസൻസി Fire & Rescue Department ന്റെ NOC യ്ക്കായി സമർപ്പിച്ച പ്ലാൻ മേൽ പറഞ്ഞ 3 എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥരും നഗരസഭ സെക്രട്ടറിയും 04/2019 ൽ അംഗീകരിച്ചു. എന്നാൽ ഈ പ്ലാനിൽ യാതൊരു വിധ Fire Extinguishing സംവിധാനങ്ങളും കാണിച്ചിട്ടില്ല. സാധാരണ കെട്ടിട നിർമ്മാണ പ്ലാനിലാണ് എഞ്ചിനീയറിംഗ് ഉദ്യോഗസ്ഥർ ഒപ്പിട്ടു നൽകിയിരിക്കുന്നത്. കെട്ടിട നിർമ്മാണ പെർമിറ്റ് നൽകിയിട്ടില്ല. ഇപ്രകാരം KMBR ചട്ടലംഘനമുള്ള ഒരു പ്ലാനിൽ ഒപ്പിട്ടു നൽകുക വഴി കെട്ടിട നിർമ്മാണം ഓഡിറ്റ് വേളയിലും അനസ്യൂതം തുടർന്നു വരികയാണ്. നഗരസഭയ്ക്ക് ടി കെട്ടിടത്തിൽ നവീകരണ പ്രവൃത്തികൾ ചെയ്യുന്നതിന് ഫയർ സർവ്വീസിൽ നിന്നുള്ള നിരാക്ഷേപ പത്രം ആവശ്യമാണെന്നറിയിച്ചുകൊണ്ട് നഗരസഭ സെക്രട്ടറി , കോട്ടയം ഫയർ & റസ്ക്യൂ സ്റ്റേഷൻ ഓഫീസർക്കു 26.04.2019 ലെ PW2-R10-32358/18 നമ്പർ കത്ത് നൽകിയതു വഴി 3 സ്റ്റാർ ഹോട്ടൽ / ബാർ നിർമ്മാണത്തിനെ സ്വന്തം കെട്ടിട നിർമ്മാണമായി ചിത്രീകരിക്കുകയും ചെയ്തു.

അനധികൃതമായി നീക്കം ചെയ്ത 144 M3 മണ്ണിന്റെ അളവ് (ശരാശരി 35 ലോഡ്) എക്സിക്യൂട്ടീവ് എഞ്ചിനീയർ 21.06.2019

ൽ കോട്ടയം ജില്ലാ ജിയോളജിസ്റ്റിനു നൽകുകയും ടിയാൻ റോയൽറ്റി തുകയായി 27280 രൂപ സർക്കാറിലേക്ക് അടയ്ക്കുകയും ചെയ്തു.

21.05.2019 ലെ 20ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം കൗൺസിൽ അംഗങ്ങളും ഉദ്യോഗസ്ഥരും അടങ്ങിയ സബ് കമ്മിറ്റി ഈ വിഷയം പരിശോധിക്കുന്നതിനായി തീരുമാനിച്ചിരുന്നു.കൗൺസിൽ തീരുമാനപ്രകാരം രൂപീകരിച്ച സബ് കമ്മിറ്റി 25.07.2019 ൽ കൂടുകയും അനധികൃത നിർമ്മാണത്തെ ലഘൂകരിക്കുന്ന തരത്തിലുള്ള തീരുമാനമെടുക്കുകയും യാതൊരു അംഗീകാരവും കൂടാതെ നടത്തിയ നിർമ്മാണത്തെ സാധൂകരിക്കുന്നതിന് റിവൈസ്ഡ് പ്ലാൻ സമർപ്പിക്കാൻ ശുപാർശ ചെയ്യുകയും ചെയ്തു. ഫീസ് വർദ്ധിപ്പിക്കണമെന്ന ശുപാർശ കൂടി കമ്മിറ്റി മുന്നോട്ടു വച്ചു.

2016 ൽ എഗ്രിമെന്റ് തീർന്ന ടി സ്ഥാപനത്തിന്റെ ലൈസൻസ് 10 % വാടക വർദ്ധനവോടു കൂടി രണ്ടു വർഷത്തേക്ക് പുതുക്കി നൽകുന്നതിന് 16-11-2019 ൽ കൂടിയ കൗൺസിലിന്റെ യോഗത്തിൽ തീരുമാനിച്ചിരുന്നു. ( 31-ാം തീരുമാനം, R8-12146/89). ഈ കടമുറിയോടനുബന്ധിച്ച് അനധികൃത നിർമ്മാണം നടക്കുന്നു എന്ന റവന്യൂ ഇൻസ്പെക്ടറുടെ റിപ്പോർട്ട് നിലനിൽക്കെയാണ് കൗൺസിലിന്റെ ഈ തീരുമാനം. 2016 ലെ വാടക പ്രകാരം ടി കെട്ടിടത്തിനു 37204 രൂപയാണ് വാടക.

സബ് കമ്മിറ്റി റിപ്പോർട്ട് 26.07.2019 ലെ 110ാം നമ്പർ തീരുമാന പ്രകാരം കൗൺസിൽ അംഗീകരിക്കുകയും ലൈസൻസി നടത്തിയ എല്ലാ അനധികൃത നിർമ്മാണങ്ങളും അംഗീകരിക്കുകയും ചെയ്തു. ജിയോളജി വകുപ്പിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രവും ഫയർ NOC യും ഹാജരാക്കാനും മാത്രം ആവശ്യപ്പെട്ടുകൊണ്ട് മുനിസിപ്പാലിറ്റി ഈ വിഷയത്തിൽ നിന്നും പുറകോട്ടു പോകുകയും ലൈസൻസിയുടെ പ്രവൃത്തികളെ സാധൂകരിക്കുകയും ചെയ്തതായി ഓഡിറ്റ് വിലയിരുത്തുന്നു. കെട്ടിട നിർമ്മാണത്തിൽ കണ്ട മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

1. KMBR 1999, റൂൾ 6(3) പ്രകാരം കെട്ടിടത്തിന്റെ ഉടമസ്ഥൻ പ്ലാനിൽ ഒപ്പിട്ടു നൽകണം. ഇവിടെ ഭൂമിയുടെ ഉടമസ്ഥനായ കോട്ടയം മുനിസിപ്പാലിറ്റിയ്ക്കാണ് ലൈസൻസിയായ ഹോട്ടൽ ഉടമ കെട്ടിട പ്ലാൻ ഒപ്പിട്ടു സമർപ്പിച്ചിട്ടുള്ളത്.

2. KMBR 1999, റൂൾ 6 പ്രകാരം സ്ഥലത്തിന്റെ ഏരിയ, സർവ്വെ നമ്പർ F.A.R എന്നിവ പ്ലാനിൽ രേഖപ്പെടുത്തണം. എന്നാൽ സ്ഥലത്തിന്റെ ഏരിയ സംബന്ധിച്ച യാതൊരു വിവരങ്ങളും പ്ലാനിൽ ഉൾപ്പെടുത്തിയിട്ടില്ല.തിരുനക്കര ബസ് സ്റ്റാൻഡ് മാറ്റി നിർത്തിയാൽ എക്സ്റ്റൻഷൻ കെട്ടിടം നിർമ്മിക്കുമ്പോൾ കവറേജ് നിബന്ധന ലംഘിക്കുന്നതായി നേരിട്ടു നടത്തിയ പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

3. കെട്ടിടത്തിനു വേണ്ട പാർക്കിംഗ് സൈറ്റിലില്ല. പാർക്കിംഗ് പ്ലാനും സമർപ്പിച്ചിട്ടില്ല. തിരുനക്കര ബസ് സ്റ്റാൻഡും കാർ പാർക്കിംഗ് ഏരിയയും ഹോട്ടലിന്റെ പാർക്കിംഗിനായി കണക്കാക്കാനാവില്ല.ഗ്രൗണ്ട് ഫ്ലോർ,ഫസ്റ്റ് ഫ്ലോർ,സെക്കന്റ് ഫ്ലോർ എന്നിവിടങ്ങളിലായി കെട്ടിടത്തിനു 975 M2 കാർപ്പറ്റ് ഏരിയ ഉണ്ട്.

4.പ്രസ്തുത കെട്ടിടം റോഡ് വൈഡനിംഗിൽ ഉൾപ്പെടുന്നു. കെട്ടിട നിർമ്മാണ പെർമിറ്റ് ഫയലിനോടൊപ്പം ഹാജരാക്കിയിട്ടില്ല.



മേൽ വിവരിച്ച ഗുരുതരമായ അപാകതകൾക്ക് ബന്ധപ്പെട്ട എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥരും ശുപാർശ നൽകിയ നഗരസഭ സെക്രട്ടറിയും ഓഡിറ്റിനു വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം:55/2019-20;16.02.2021.) ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മറുപടി നൽകിയിട്ടില്ല.

നഗരഹൃദയത്തിൽ കോടികൾ വിലവരുന്ന മുനിസിപ്പാലിറ്റിയുടെ ഭൂമിയിൽ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ചുകൊണ്ട് 3 സ്റ്റാർ ഹോട്ടൽ & ബാർ തുടങ്ങാനുള്ള എല്ലാവിധ ആനുകൂല്യങ്ങളും നഗരസഭ അധികൃതർ ചെയ്തുകൊടുത്തതായി ഓഡിറ്റ് വിലയിരുത്തുന്നു. ഇത്തരത്തിൽ നഗരസഭയുടെ ഭൂമിയും കെട്ടിടവും ലൈസൻസി സ്വന്തം ചിലവിൽ സ്വന്തം ഇഷ്ടപ്രകാരം പുനർനിർമ്മാണം നടത്തി ആജീവനാന്തകാലം കൈവശം വയ്ക്കാൻ അനുവദിക്കുന്നത് എല്ലാ ചട്ടങ്ങളെയും ലംഘിച്ചുകൊണ്ടാണ്. ആയതിനാൽ ഈ വിഷയത്തിൽ സർക്കാർ തലത്തിൽ ഉന്നതതല അന്വേഷണം നടത്തുന്നത് ഉചിതമാകുമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.നഗരസഭ ഭരണസമിതി അടിയന്തിരമായി ഈ വിഷയത്തിൽ തുടർ നിയമനടപടികൾ സ്വീകരിക്കണമെന്നും ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-21 പ്രത്യേക ഉദ്ദേശ്യത്തിനായുള്ള അക്കൗണ്ടിലെ നീക്കിയിരിപ്പ് കൗൺസിൽ അനുമതി കൂടാതെ ഷെഡ്യൂൾഡ് ബാങ്കിലേക്ക് മാറ്റി

പഞ്ചാബ് നാഷണൽ ബാങ്കിലെ IHSDP (Integrated Housing And Slum Development Programme) പദ്ധതിയുമായി ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിൽ നീക്കിയിരുപ്പുണ്ടായിരുന്ന തുകയിൽ 1കോടി രൂപാ സിറ്റിയൂണിയൻ ബാങ്കിലേക്ക് കൗൺസിൽ തീരുമാനം ഇല്ലാതെ മാറ്റുകയും പിന്നീട് ബഹുമാനപ്പെട്ട ചെയർപേഴ്സന്റെ നിർദേശപ്രകാരം തുക തിരികെ ക്രെഡിറ്റ് ചെയ്യുകയും ചെയ്തിരിക്കുന്നു.

പഞ്ചാബ് നാഷണൽ ബാങ്കിലെ IHSDP പദ്ധതിയുമായി ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നം.4299000100906954) നീക്കിയിരിപ്പുണ്ടായിരുന്ന 1,85,29,934/- രൂപ (2019-20 AFS പ്രകാരം) അവശേഷിക്കുന്നതിന്റെ വിശദാംശങ്ങൾ ആരാഞ്ഞുകൊണ്ട് 27.01.2021 തീയതിയിൽ നം. 47/20 ഓഡിറ്റ് അന്വേഷണം നൽകിയത് നാളിതുവരെ യാതൊരു മറുപടിയും ലഭ്യമാക്കിയിട്ടില്ല.

ടി പദ്ധതിക്കായുള്ള ബാങ്ക് അക്കൗണ്ട് 31.03.2017ന് ക്ലോസ് ചെയ്യുന്നതിനും അക്കൗണ്ടിൽ അവശേഷിക്കുന്ന തുക പലിശ സഹിതം 05.04.2017ന് മുൻപായി സംസ്ഥാന കുടുംബശ്രീ മിഷന്റെ 67035240424 നമ്പർ എസ്.ബി.റ്റി അക്കൗണ്ടിൽ നിക്ഷേപിക്കണമെന്നും കുടുംബശ്രീ സംസ്ഥാന എക്സിക്യൂട്ടീവ് ഡയറക്ടർ 27.03.2017ലെ 6066/ഡി /2011/കെ.എസ്.എച്ച്.ഒ നമ്പർ കത്ത് പ്രകാരം നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 16.05.2017ന് 85,60,808/- രൂപ സംസ്ഥാന കുടുംബശ്രീ മിഷന് കൈമാറിയിട്ടുണ്ട്. ടി അക്കൗണ്ടിൽ അവശേഷിക്കുന്ന തുക ടിപദ്ധതിക്കായി മുനിസിപ്പാലിറ്റി വകയിരുത്തിയ വിഹിതമാണെന്ന് ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഫയൽ പരിശോധിച്ചതിൽ വികസനഫണ്ടിൽ നിന്നും വകയിരുത്തിയ തുകയാണ് മുനിസിപ്പൽ വിഹിതമിനത്തിൽ പദ്ധതിക്കായി വകയിരുത്തിയതെന്ന് വ്യക്തമാകുന്നു. (ടി പദ്ധതിക്കായി മുനിസിപ്പൽ വിഹിതം ഇനത്തിൽ ആകെ വകയിരുത്തിയതും കൈമാറി നൽകിയതുമായ തുകയും ഫണ്ടിനവും അന്വേഷിച്ച് കൊണ്ട് നല്കിയ ഓഡിറ്റന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.)

01.04.2017 മുതൽ നിഷ്ക്രിയമായി തുടരുന്ന പ്രസ്തുത മുനിസിപ്പൽ വിഹിതം സമാനസ്വഭാവത്തിലുള്ള പദ്ധതികൾക്ക് വേണ്ടി വിനിയോഗിക്കാതിരുന്നതിന്റെ കാരണം വ്യക്തമല്ല. നഗരസഭയിൽ നിലവിലിരിക്കുന്ന ഭവനനിർമ്മാണ പദ്ധതിയായ (2020-21 സാമ്പത്തിക വർഷം) PMAYലേക്ക് ടി അക്കൗണ്ടിലെ തുക ഉൾപ്പെടുത്തി വിനിയോഗിക്കുന്നതിന് പ്രൊപ്പോസൽ തയ്യാറാക്കുവാൻ PMAY മാനേജരെ ചുമതലപ്പെടുത്തി 30.09.2020ൽ കത്ത് നൽകിയിരുന്നു. ആയിതിന്മേൽ സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങൾ എന്നിവ വ്യക്തമാക്കുമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

പഞ്ചാബ് നാഷണൽ ബാങ്കിലെ IHSDP പദ്ധതിയുമായി ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നം. 4299000100906954) നിന്നും 1,00,00,000/- രൂപാ സിറ്റി യൂണിയൻ ബാങ്ക് കോട്ടയം ശാഖയിലെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം. 500101012684109) 30-03-2021ൽ മാറ്റിയിരിക്കുന്നു. സെക്രട്ടറിയുടെ 29-03-2021 തീയതിയിലെ നിർദേശത്തെ തുടർന്നാണ് ടി ട്രാൻസ്ഫർ നടത്തിയിട്ടുള്ളത്.

ബഹുമാനപ്പെട്ട ചെയർപേഴ്സന്റെ 5-07-2021 ൽ ടി തുക തിരികെ പഞ്ചാബ് നാഷണൽ ബാങ്കിലെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുവാൻ ഉത്തരവിട്ടിരിക്കുന്നു. ആയതിനെ തുടർന്ന് 07-07-2021 ൽ പഞ്ചാബ് നാഷണൽ ബാങ്കിലെ IHSDP പദ്ധതിയുമായി ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്.

PMAY മാനേജർക്ക് നൽകിയ നിർദ്ദേശം നിലനിൽക്കേ 30.03.2021ൽ ടി അക്കൗണ്ടിലെ തുക സിറ്റി യൂണിയൻ ബാങ്കിന്റെ അക്കൗണ്ടിലേക്ക് മാറ്റുവാൻ തീരുമാനം കൈക്കൊള്ളേണ്ടിവന്ന സാഹചര്യം ഇപ്രകാരം തുക മാറ്റുന്നതിന് അനുമതി നൽകിയ മുനിസിപ്പൽ കൗൺസിലിന്റെ തീരുമാനം ഫയലിൽ ലഭ്യമല്ല. മിനിറ്റ്സ് ബുക്കിന്റെ പരിശോധനയിലും അത്തരത്തിൽ ഒരു കമ്മിറ്റി തീരുമാനം കൈക്കൊണ്ടിട്ടില്ലായെന്നാണ് ബോധ്യമാകുന്നത്. കമ്മിറ്റി തീരുമാനം പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യയപ്പെട്ടുവെങ്കിലും അപ്രകാരം ചെയ്തിട്ടില്ല.

വികസനഫണ്ടിൽ നിന്നും IHSDP പദ്ധതിയിലേക്കുള്ള മുനിസിപ്പൽ വിഹിതമിനത്തിൽ നൽകിയ തുക ചെലവഴിക്കപ്പെടാതെ 1-04-2017 മുതൽ അവശേഷിച്ചു. ടി തുക സഞ്ചിതനിധിയിലേക്ക് തിരിച്ചടക്കുകയായിരുന്നു ചെയ്യേണ്ടത്. അല്ലാത്തപക്ഷം പ്രത്യേക ഉദ്ദേശ്യത്തിനായി നൽകിയ തുകയായതിനാൽ സർക്കാരിന്റെ അനുമതി വാങ്ങിയ ശേഷം അതേ ഉദ്ധേശ്യത്തിനായുള്ള പദ്ധതികൾക്ക് വിനിയോഗിക്കാമായിരുന്നു. മേൽ സാധ്യതകളൊന്നും പ്രയോജനപ്പെടുത്താതെ ഇത്തരത്തിൽ തുക ട്രാൻസ്ഫർ ചെയ്തതിൻമേൽ വിശദമായ അന്വേഷണത്തിന് ശുപാർശ

ചെയ്യുന്നു.

## 1-22 ചെക്കുകൾ മടങ്ങുന്നത് - നഗരസഭ തനത് ഫണ്ടിന് നഷ്ടം

2019-20 സാമ്പത്തിക വർഷത്തെ കോട്ടയം നഗരസഭാ കാര്യാലയത്തിലെ ബാങ്ക് ബുക്കും, ബാങ്ക് ഓഫ് മഹാരാഷ്ട്ര തനത് ഫണ്ട് അക്കൗണ്ട് (നം. 20142500058) പത്രികകളും പരിശോധിച്ചതിൽ ചെക്കുകൾ മടങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടു. അവയിൽ ചിലത് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ചെക്ക് റിട്ടേൺ ചെയ്ത തീയതി | ചെക്ക് തുക | ബാങ്ക് ഈടാക്കുന്ന പിഴ | | | ചെക്ക് നമ്പരും വിശദാംശങ്ങളും |
|---|---|---|---|---|---|---|
| | | | ചെക്ക് റിട്ടേൺ ചാർജ്ജ് | ജി.എസ്.ടി | ആകെ | |
| 1 | 07.09.19 | 178557 | 500 | 90 | 590 | 439380<br>Joyees Residency |
| 2 | 23.10.19 | 40000 | 300 | 54 | 354 | 70470<br>DCE Circle, Civil Circle Pallom |
| 3 | 15.11.19 | 279741 | 500 | 90 | 590 | 117293<br>SVR Properties |
| 4 | 04.12.19 | 18218 | 300 | 54 | 354 | 003989<br>Akbar Travels |
| 5 | 24.01.20 | 30000 | 300 | 54 | 354 | 30287<br>P.N.Pradeep |
| 6 | 27.02.20 | 10000 | 300 | 54 | 354 | 282095<br>Southern Railway |
| 7 | 11.03.20 | 82828 | 300 | 54 | 354 | 297362<br>രേഖപ്പെടുത്തിയിട്ടില്ല<br>(50007471834) |
| 8 | 03.04.20 | 23750 | 300 | 54 | 354 | 946075<br>Mangalam College Of Engineering |
| 9 | 15.06.20 | 85055 | 300 | 54 | 354 | 14628<br>രേഖപ്പെടുത്തിയിട്ടില്ല<br>(40659101020214) |
| 10 | 17.06.20 | 48000 | 300 | 54 | 354 | 656138<br>KORE Security Service |
| 11 | 28.08.20 | 4375 | 500 | 90 | 590 | 282165<br>Southern Railway |
| | 16.09.20 | 7080 | 500 | 90 | 590 | 965345<br>KHWW Board |

| | | |
|---|---|---|
| ആകെ | 5192 | |

ചെക്കുകൾ ക്രെഡിറ്റാകാതെ മടങ്ങുന്നതിനാൽ ജി.എസ്.ടി ഉൾപ്പെടയുള്ള ചെക്ക് റിട്ടേൺ ചാർജ്ജ് നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും ബാങ്ക് ഈടാക്കുന്നുണ്ട്. ടി പട്ടികയിൽ നിന്നുമാത്രം 5192 രൂപയുടെ നഷ്ടം തനത് ഫണ്ടിനുണ്ടായിട്ടുണ്ട്. ടി ചെക്കുകൾക്ക് പകരം ചെക്കുകൾ നഗരസഭയിൽ സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാകാത്തതിനാൽ ടി വരവുകളുടെ ആധികാരികത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും ഈ വിഷയം നഗരസഭ വേണ്ടത്ര പ്രാധാന്യത്തോടെ കാണുന്നില്ല.

## 1-23 ഓൺലൈനായി ക്രെഡിറ്റ് ചെയ്യപ്പെടുന്ന എല്ലാ തുകകളും അക്കൗണ്ട് ചെയ്യപ്പെടുന്നില്ല

കോട്ടയം നഗരസഭയുടെ 2019-20 സാമ്പത്തിക വർഷത്തെ ഓൺലൈൻ ട്രാൻസാക്ഷനുകളുടെ കൃത്യത പരിശോധിക്കുവാൻ സാധിക്കുന്നില്ല. ബാങ്ക് ബുക്കുകളിൽ ട്രാൻസാക്ഷൻ റഫറൻസ് നമ്പരുകളും വിശദാംശങ്ങളും കൃത്യമായി രേഖപ്പെടുത്താത്തതിനാൽ NEFT/RTGS ട്രാൻസാക്ഷൻ മുഖേനയുള്ള പണമിടപാടുകൾകളുടെ ആധികാരികത ഓഡിറ്റ് ചെയ്യാൻ ബുദ്ധിമുട്ടുണ്ടാകുന്നു. ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് NEFT/RTGS ട്രാൻസാക്ഷനുകൾ മുഖാന്തിരം നടത്തിയ എല്ലാ പണമിടപാടുകൾക്കും സാംഖ്യാ രസീത് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമായിട്ടില്ല. ബാങ്ക് ഓഫ് മഹാരാഷ്ട്രയുടെ അക്കൗണ്ട് പത്രികകളിൽ നിന്നും ലഭിച്ച NEFT/RTGS ട്രാൻസാക്ഷനുകളുടെ നമ്പരും തീയതിയും തുകയും ചുവടെയുള്ള പട്ടികയിൽ കൊടുക്കുന്നു.

| ക്രമ നമ്പർ | NEFT /RTGS ട്രാൻസാക്ഷൻ നമ്പരും തീയതിയും (ബാങ്ക് പത്രിക പ്രകാരം ) | തുക |
|---|---|---|
| 1 | U00000019543114/ 01.10.19 | 73750 |
| 2 | U000000739321684/27.11.19 | 36000 |
| 3 | U000000739321728/27.11.19 | 12000 |
| 4 | U000000739321686/27.11.19 | 32870 |
| 5 | U000000739321744/27.11.19 | 1250 |
| 6 | U000000739321742/27.11.19 | 2500 |
| 7 | U000000739321706/27.11.19 | 18750 |
| 8 | U000000739321740/27.11.19 | 2500 |
| 9 | U000000739321714/27.11.19 | 13750 |
| 10 | U000000739321746/27.11.19 | 1250 |
| 11 | U000000739600388/28.11.19 | 27500 |
| 12 | U000000739600390/28.11.19 | 1750 |
| 13 | U000000739600394/10.01.19 | 6250 |
| 14 | U000000739600396/28.11.19 | 5750 |
| 15 | U000000739601400/28.11.19 | 2500 |
| 16 | U000000739600382/28.11.19 | 137150 |
| 17 | U000000739603278/28.11.19 | 35000 |
| 18 | U000000739600392/28.11.19 | 1250 |
| 19 | U000000739605028/28.11.19 | 12500 |
| 20 | U000000739605024/28.11.19 | 2500 |
| 21 | U000000739604830/28.11.19 | 1250 |
| 22 | U000000739604614/28.11.19 | 9500 |
| 23 | U000000739655402/29.11.19 | 750 |

| | | |
|---|---|---|
| 24 | U000000739656410/29.11.19 | 50000 |
| 25 | U000000739656428/29.11.19 | 18000 |
| 26 | U000000739655086/29.11.19 | 2500 |
| 27 | U000000739656394/29.11.19 | 383000 |
| 28 | U000000739656402/29.11.19 | 123700 |
| 29 | U000000739672780/29.11.19 | 17500 |
| 30 | U000000739672634/29.11.19 | 23250 |
| 31 | U000000739899356/29.11.19 | 101000 |
| 32 | U000000739917054/29.11.19 | 27250 |
| 33 | U000000739917056/29.11.19 | 2500 |
| 34 | U000000739916900/29.11.19 | 27250 |
| 35 | U000000739916398/29.11.19 | 32000 |
| 36 | U000000739922198/29.11.19 | 6750 |
| 37 | U000000739922200/29.11.19 | 1250 |
| 38 | U000000741686660/02.12.19 | 15000 |
| 39 | U000000741686594/02.12.19 | 1250 |
| 40 | U000000741686050/02.12.19 | 1250 |
| 41 | U000000744369300/09.12.19 | 13500 |
| 42 | U000000745196504/12.12.19 | 40000 |
| 43 | U000000745826534/18.12.19 | 38750 |
| 44 | U000000751719804/04.01.20 | 1250 |
| 45 | U000000751719808/04.01.20 | 23750 |
| 46 | U000000751719806/04.01.20 | 2500 |
| 47 | U000000762126164/12.02.20 | 15350 |
| 48 | U000000762157314/12.02.20 | 1250 |
| 49 | 000083403590/ 18.02.20 | 2500 |
| 50 | UBINR22020021800009866/ 18.02.20 | 307500 |
| 51 | U000000763078378/18.02.20 | 13750 |
| 52 | U000000763070644/18.02.20 | 29350 |
| 53 | UBINR22020022000089315/ 20.02.20 | 308750 |

ടി പട്ടികയിൽ ഉൾപ്പെട്ട ട്രാൻസാക്ഷനുകളുടെ രസീത് നമ്പരും തീയതിയും ഏത് ഇനത്തിലാണ് തുക ഒടുക്കിയിരിക്കുന്നത് തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് (നം.23/17.12.20) നാളിതുവരെ മറുപടി നൽകിയിട്ടില്ല. മുൻ വർഷങ്ങളിലും ഇത്തരത്തിലുള്ള പരാമർശങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരുന്നെങ്കിലും തൽസ്ഥിതിയ്ക്ക് മാറ്റം വന്നിട്ടില്ലായെന്ന് ഇതിൽ നിന്നും മനസിലാക്കാൻ സാധിക്കുന്നു. അക്കൗണ്ടിലേയ്ക്ക് വരുന്ന തുകയുടെ ഉറവിടം അറിയേണ്ടത് അക്കൗണ്ട് ഹോൾഡറുടെ അവകാശമാണ്. ഇത്തരത്തിലുള്ള തുകകളുടെ കൃത്യമായ ഉറവിടം ബാങ്ക് മുഖേന കണ്ടെത്തി അതാത് ശീർഷകങ്ങളിൽ സാംഖ്യാ രസീതുപയോഗിച്ച് ഒടുക്കവരുത്തേണ്ടതാണ്. കൂടാതെ വസ്തു നികുതി ഓൺലൈനായി ട്രാൻസ്ഫർ നടത്തുമ്പോൾ ലൈബ്രറി സെസ്സ് ഉൾപ്പെടെയുള്ള തുക നേരിട്ട് മുനിസിപ്പൽ അക്കൗണ്ടിലേക്ക് ക്രെഡിറ്റാകുന്നു. സ്ഥാപനങ്ങൾ/വ്യക്തി രസീത് ആവശ്യപ്പെട്ടു വരാത്ത സാഹചര്യത്തിൽ ഈ തുക ലൈബ്രറി സെസ്സിന്റെ ഹെഡ്ഡിലേക്ക് അക്കൗണ്ട് ചെയ്യപ്പെടാതെ തനതു ഫണ്ടിൽ

അവശേഷിക്കുകയാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ലൈബ്രറി സെസ്സ് ഇനത്തിൽ പിരിച്ചെടുക്കുന്ന തുക ഓരോ അർദ്ധ വർഷവും കഴിഞ്ഞ് മുപ്പത് ദിവസത്തിനുള്ളിൽ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അടയ്ക്കണമെന്ന് 1989 ലെ കേരള പബ്ലിക് ലൈബ്രറി ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിൽ വീഴ്ച വരുത്തുന്ന പക്ഷം അത് ബന്ധപ്പെട്ട സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയാകുമെന്ന് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 20.9.2005 ലെ 10088/എൽ3/05 സർക്കുലറിലും വ്യക്തമാക്കിയിരുന്നു. എല്ലാ പണമിടപാടുകൾക്കും സാംഖ്യാ രസീത് നൽകേണ്ടതും ട്രാൻസാക്ഷനുകളുടെ റഫറൻസ് നമ്പറുകളും ഉൾപ്പെടെ ഏത് ഇനത്തിലാണ് തുക ഒടുക്കിയിരിക്കുന്നത് ഉൾപ്പെടെ വിശദാംശങ്ങളും വ്യക്തമായി രേഖപ്പെടുത്തേണ്ടതും നഗരസഭയുടെ ഉത്തരവാദിത്വമാണ്. ടി വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി അടിയന്തിരമായി ശ്രദ്ധപതിപ്പിക്കേണ്ടതാണ്.

## 1-24 ഉപയോഗിച്ച ചെക്കുകൾ ക്യാൻസൽ ചെയ്യാതെ സൂക്ഷിക്കുന്ന -അപാകതകൾ

2019 – 20 സാമ്പത്തിക വർഷത്തിൽ നഗരസഭ ഉപയോഗിച്ച ചെക്ക് ബുക്കിൽ വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ നൽകാനുള്ള തുക രേഖപ്പെടുത്തി സെക്രട്ടറി ഒപ്പു വച്ച ചെക്കുകൾ ബന്ധപ്പെട്ടവർക്ക് നൽകുകയോ ക്യാൻസൽ ചെയ്യുകയോ ചെയ്യാതെ അവശേഷിക്കുന്നതായി കാണുന്നു. ഇത് തെറ്റായ ഒരു കീഴ്വഴക്കമാണ്. ടി ചെക്കുകൾ ബാങ്ക് ബുക്കിലും രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ക്യാൻസൽ ചെയ്ത ചില ചെക്കുകളും ചെലവ് നടന്നതായി ബാങ്ക് ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. ടി ചെക്കുകൾ ക്യാൻസൽ ചെയ്തതായി ബാങ്ക് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ചെക്കിന്റെ നമ്പരും തീയതിയും | വൗച്ചർ നമ്പരും തീയതിയും | തുക | റിമാർക്സ് |
|---|---|---|---|---|
| 1 | 026600/27.04.19 | 173/27.04.19 | 8816 | പരസ്യ ചാർജ്ജ്, മലയാളമനോരമ |
| 2 | 028094/22.06.19 | 184/22.06.19 | 22500 | സെക്യൂരിറ്റി ഡെപ്പോസിറ്റ്,<br>ശ്രീ.സ്റ്റീഫൻ ജോർജ്ജ് |
| 3 | 028100/22.06.19 | 190/22.06.19 | 2000 | സെക്യൂരിറ്റി ഡെപ്പോസിറ്റ്,<br>ശ്രീ.യു. അക്ബർഷാ മൗലവി |
| 4 | 028101/22.06.19 | 191/22.06.19 | 2000 | സെക്യൂരിറ്റി ഡെപ്പോസിറ്റ്,<br>സെക്രട്ടറി, വിശ്വകർമ്മ സർവ്വീസ് സൊസൈറ്റി |
| 5 | 028180/12.07.19 | 96/12.07.19 | 5752 | വാട്ടർ ചാർജ്ജ്<br>അസി.എക്സിക്യൂട്ടീവ് എൻജിനീയർ |
| 6 | 028200/16.07.19 | 121/16.07.19 | 1000 | സെക്യൂരിറ്റി ഡെപ്പോസിറ്റ്,<br>ശ്രീ.സിദ്ദിഖ്.കെ.എം |
| 7 | 028206/18.07.19 | 139/19.07.19 | 27369 | വർക്ക് ബിൽ തുക,<br>ശ്രീ.സന്തോഷ് ജോസഫ് |
| 8 | 028225/24.07.19 | 161/25.07.19 | 6600 | സെക്യൂരിറ്റി ഡെപ്പോസിറ്റ്,<br>പ്രിൻസിപ്പൽ, കിടങ്ങൂർ എൻജിനീയറിങ്ങ് കോളേജ് |
| 9 | 028226/ - | 162/--.07.19 | 16758 | പരസ്യ ചാർജ്ജ്, മലയാളമനോരമ |
| 10 | 028229/24.07.19 | 165/24.07.19 | 11760 | പരസ്യ ചാർജ്ജ്, മാതൃഭൂമി |
| 11 | 028230/24.07.19 | 166/24.07.19 | 19492 | പരസ്യ ചാർജ്ജ്, ദേശാഭിമാനി |
| 12 | 028410/07.09.19 | 97/07.09.19 | 5000 | മരുന്ന് വാങ്ങൽ<br>ശാന്തിവനം കമ്മ്യൂണിറ്റി ഫാർമസി |
| 13 | 028430/26.09.19 | 154/27.09.19 | 10500 | വാടക, |

| | | | | |
|---|---|---|---|---|
| | | | | . രാജാസ് ലൈറ്റ് & സൗണ്ട്സ് |
| 14 | 028474/04.10.19 | 25/04.10.19 | 8390 | സെക്യൂരിറ്റി ഡെപ്പോസിറ്റ്, ശ്രീ.വി.എം.അഷ്റഫ് |
| 15 | 028503/16.10.19 | 77/16.10.19 | 2500 | ഇ.എം.ഡി ജസ്റ്റിൻ അസോസിയേറ്റ്സ് |
| 16 | 028504/16.10.19 | 78/16.10.19 | 15000 | ഇ.എം.ഡി ചോയ്സ് കെമിക്കൽസ് |
| 17 | 028612/15.11.19 | 75/15.11.19 | 13810 | സെക്യൂരിറ്റി ഡെപ്പോസിറ്റ്, പ്രിൻസിപ്പൽ, മംഗളം എൻജിനീയറിങ്ങ് കോളേജ് |
| 18 | 028767/18.12.19 | 130/18.12.19 | 22176 | ശമ്പളം എൻ.എം.ഭരതൻ |
| 19 | 028790/20.12.19 | 156/20.12.19 | 14700 | പരസ്യ ചാർജ്ജ്, മലയാളമനോരമ |
| 20 | 028791/20.12.19 | 157/20.12.19 | 9996 | പരസ്യ ചാർജ്ജ്, മംഗളം |
| 21 | 028845/31.12.19 | 223/31.12.19 | 45000 | സെക്യൂരിറ്റി ഡെപ്പോസിറ്റ്, മലയാളമനോരമ |
| 22 | 032564/29.02.20 | 214/29.02.20 | 2202 | വർക്ക് ബിൽ തുക, ശ്രീ.സഹദേവൻ.വി.വി |
| 23 | 041640/14.02.20 | 117/14.02.20 | 8430 | സെക്യൂരിറ്റി ഡെപ്പോസിറ്റ്, ഹരീഷ് അബ്രഹാം |
| 24 | 032595/06.03.20 | 42/07.03.20 | 3000 | മൈക്ക് വാടക, ശ്രീ.രാജൻ.പി.കുരുവിള |

സെക്രട്ടറി ഒപ്പ് വെച്ച ചെക്കുകൾ ബന്ധപ്പെട്ടവർ കൈപ്പറ്റാത്ത സാഹചര്യത്തിൽ കാലാവധി കഴിഞ്ഞിട്ടും നാളിതുവരെ ക്യാൻസൽ ചെയ്യാതെ സൂക്ഷിക്കുന്നത് ശരിയായ നടപടിക്രമമല്ല. ഇത്തരത്തിൽ പണമാക്കാത്ത ചെക്കുകൾ റീ-കൺസിലിയേഷൻ ചെയ്തിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനായി റീ-കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക്(നം.67/03.05.21) നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല.

കൂടാതെ ക്രമനമ്പർ (2), (7), (18), (21) എന്നീ ചെക്കുകൾ ക്യാൻസൽ ചെയ്ത് പുതിയ ചെക്കുകൾ അനുവദിച്ചതായി ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബാങ്ക് ബുക്കിൽ ക്യാൻസൽ ചെയ്ത വിവരം രേഖപ്പെടുത്തിയിട്ടില്ല. ടി വിഷയവുമായി ബന്ധപ്പെട്ട് ആവശ്യമായ വിവരങ്ങൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-25 ഷെയർ നിക്ഷേപത്തിന് രേഖകളില്ല – 50 ലക്ഷം രൂപ തിരിച്ചെടുക്കാനാവാതെ നഷ്ടമാകുന്നു

ഇക്വിറ്റി ഷെയറുകളായി 50 ലക്ഷം രൂപ നിക്ഷേപമുണ്ടായതായി വാർഷിക ധനകാര്യപത്രിക ഷെഡ്യൂൾ ബി. 12 പ്രകാരം വ്യക്തമാകുന്നു. എന്നാൽ പ്രസ്തുത തുകയുടെ നിക്ഷേപ തീയതി, നിക്ഷേപിച്ച സ്ഥാപനം, ആയതിന്റെ കാലാവധി പൂർത്തിയാകുന്ന തീയതി, കാലാവധി പൂർത്തിയാകുമ്പോൾ ലഭ്യമാകുന്ന തുക എന്നിവ വ്യക്തമാക്കുന്ന രേഖകളും സൂക്ഷിച്ചിട്ടില്ല.

വാർഷിക ധനകാര്യപത്രിക ബാലൻസ്ഷീറ്റ് ബി. 12ൽ രേഖപ്പെടുത്തിയിരിക്കുന്ന 50,00,000/- രൂപയുടെ ഇക്വിറ്റി ഷെയറിന്റെ വിശദവിവരങ്ങൾ ഓഡിറ്റന്വേഷണം നം. 48/2020 തീയതി 08.02.2021 പ്രകാരം ആരാഞ്ഞതിന് 15.02.2021ന് സെക്രട്ടറി മറുപടിയായി ഹാജരാക്കിയിരുന്ന ഷെയർ സർട്ടിഫിക്കറ്റിന്റെ (കേരള അർബൻ ഡവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ 100 രൂപ മുഖവിലയുള്ള ഷെയറുകൾ) പകർപ്പ് പ്രകാരം വ്യക്തമാകുന്ന

വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| Sl No. | No. Of Shares | Date Of Certificate | Register Of Folio |
|---|---|---|---|
| 1 | 3421 – 3520 100 | 07.09.1970 | 30 |
| 2 | 9051 – 9250 200 | 05.06.1972 | 30 |
| 3 | 12701 – 12925 225 | 15.02.1973 | 30 |
| 4 | 37102 – 37476 375 | 08.11.1982 | 30 |
| 5 | 68491 – 68955 465 | 25.09.1990 | 30 |
| 6 | 67991 – 68490 500 | 25.09.1990 | 57 (Kottayam Development Authority) |

31.03.2020ൽ ടി ഷെയറുകളുടെ മൂല്യം എത്രയെന്നത് സംബന്ധിച്ച് യാതൊരു കണക്കുകളും മുനിസിപ്പാലിറ്റിയിൽ ലഭ്യമല്ല. മേൽ മറുപടിയ്ക്കൊപ്പം ഹാജരാക്കിയിരിക്കുന്നത് ഷെയർ സർട്ടിഫിക്കറ്റിന്റെ പകർപ്പുകളാണ്. ഒറിജിനൽ ഷെയർ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ടുവെങ്കിലും (ഓഡിറ്റന്വേഷണം നം. 61/2019-20 തീയതി. 23-02-2021)നാളിതുവരെ ഹാജരാക്കിയിട്ടില്ല. ഓഡിറ്റന്വേഷണം നൽകിയതിനെ തുടർന്ന് മുനിസിപ്പാലിറ്റി അക്കൗണ്ടസ് സെക്ഷൻ നടത്തിയ പരിശോധനയിൽ മെയിൻ ക്യാഷ് കൗണ്ടർ ലോക്കറിൽ ഇക്വിറ്റി ഷെയർ സംബന്ധിച്ച യാതൊരു വിശദാംശങ്ങളും കണ്ടെത്താൻ കഴിഞ്ഞില്ലെന്ന് KURDFC ലോൺ സംബന്ധിച്ച ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഷെയർ സർട്ടിഫിക്കറ്റുകളുടെ അസ്സൽ കണ്ടെത്തി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

KURDFCയിൽ നിന്നുള്ള ലോണുകൾ 2015-16 വാർഷിക പദ്ധതിയിലെ ചിലവാകാത്ത തുകയിൽ നിന്നും തിരിച്ചടവാക്കി [തസ്വഭവ (ഐ.എ) വകുപ്പ് സ.ഉ(സാധാ)നം.1312/2016 തീയതി 23.03.2016] ലോൺ തീർപ്പാക്കിയിട്ടുള്ളതായി ആയത് സംബന്ധിച്ച ഫയലിൽ നിന്നും വ്യക്തമാകുന്നു. ഈ സാഹചര്യത്തിൽ മേൽ ഇക്വിറ്റി ഷെയറുകളിലായി നിക്ഷേപിക്കപ്പെട്ടിട്ടുള്ള തുകയിന്മേൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന തുടർനടപടികളുടെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഷെയർ നിക്ഷേപം സംബന്ധമായ രേഖകൾ സുരക്ഷിതമായി സൂക്ഷിക്കുവാനും പരിശോധനയ്ക്ക് ഹാജരാക്കുവാനും കാലാവധി പൂർത്തിയാകുന്ന വേളയിൽ നിയമാനുസൃത തുടർനടപടികൾ സ്വീകരിക്കുന്നതിനും ഷെയർ മൂല്യം വർദ്ധിക്കുന്നതിനനുസരിച്ചുള്ള തുക AFS ൽ അക്കൗണ്ട് ചെയ്യുന്നതിനും വേണ്ട നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

## 1-26 റിലയൻസ് ജിയോ ഇൻഫോകോമിൽ നിന്ന് OFC സ്ഥാപിച്ചതിന് യൂസർ ഫീ ഈടാക്കിയിട്ടില്ല

റിലയൻസ് ജിയോ ഇൻഫോടെക് മുനിസിപ്പാലിറ്റിയുടെ അധീനതയിലുള്ള ചുങ്കം പടിഞ്ഞാറേക്കര സെൻട്രൽ നഗരസഭാ റോഡ് (കുമാരനെല്ലൂർ മേഖല 11-ാം വാർഡ്) അനുമതിയില്ലാതെ കുഴിച്ച് കേബിൾ സ്ഥാപിച്ചതിനെ തുടർന്ന് റോഡ് റിസ്റ്റോറേഷൻ ചാർജ്ജിനത്തിലും പിഴയിനത്തിലുമായി 16,87,615/-രൂപ ആവശ്യപ്പെട്ട് നോട്ടീസ് നൽകി. തുക ഈടാക്കിയതിന്റെ വിശദാംശങ്ങൾ ആരാഞ്ഞ് നൽകിയ ഓഡിറ്റന്വേഷണത്തിന് ( നം. 50/2019-20 തീയതി 10.02.2021) നൽകിയെങ്കിലും തുക ഒടുക്കാൻ നോട്ടീസ് നൽകിയിട്ടുണ്ടെന്ന് മാത്രമാണ് വ്യക്തമാക്കിയത്. തുക

ഒടുക്കിയതിന്റെ/ ഒടുക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-27 മുൻകൂർ നൽകിയ തുകകൾ ക്രമീകരിക്കുകയോ സമയപരിധി കഴിഞ്ഞ് ക്രമീകരിച്ചവയിൽ നിന്നും നിയമാനുസൃത പലിശ ഈടാക്കുകയോ ചെയ്തിട്ടില്ല

എ) 2019-20 സാമ്പത്തിക വർഷം മുൻകൂർ നൽകിയ 966701 നാളിതുവരെ ക്രമീകരിച്ചിട്ടില്ല .

2019 - 20 സാമ്പത്തിക വർഷം കോട്ടയം നഗരസഭയിലെ വിവിധ ആവശ്യങ്ങൾക്ക് മുൻകൂറുകൾ നൽകിയിട്ടുള്ളതായി അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. കേരള ഫിനാൻഷ്യൽ കോഡ് വോള്യം I അനുച്ഛേദം 99 പ്രകാരം, വിവിധ ആവശ്യങ്ങൾക്കായി അനുവദിക്കുന്ന മുൻകൂറുകൾ മൂന്നു മാസത്തിനകം ചെലവ് രേഖകൾ ഹാജരാക്കി ക്രമീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക അനുവദിച്ച തീയതി മുതൽ ഈടാക്കുന്ന തീയതി വരെയുള്ള കാലയളവിലെ 18% പലിശ സഹിതം ഈടാക്കേണ്ടതാണ്. ക്രമീകരിക്കാത്ത മുൻകൂറുകൾ ശമ്പളബില്ലിൽ നിന്നും ഈടാക്കുകയോ റവന്യൂ റിക്കവറിയിലൂടെ ഈടാക്കുകയോ ചെയ്യുവാൻ സർക്കുലർ നം: 43/12/ധനം. തീയതി: 24.07.2012 ൽ നിർദ്ദേശിക്കുന്നുണ്ട്. ഓഡിറ്റ് കാലയളവിൽ മുൻകൂറായി നൽകിയ തുകകൾ നാളിതുവരെ ക്രമീകരിക്കുകയോ തിരികെ ഈടാക്കുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | മുൻകൂർ നൽകിയ തീയതി/ വൗച്ചർ നം | മുൻകൂർ നൽകിയതിന്റെ ഉദ്ദേശ്യം | മുൻകൂർ സ്വീകരിച്ച ഉദ്യോഗസ്ഥൻ | തുക | ചെക്ക് നമ്പർ |
|---|---|---|---|---|---|
| 1 | 09.05.19/ നം. 72-05/19 | മഴക്കാലപൂർവ്വ-ശുചീകരണ പരിപാടി (A-Zone) | ശ്രീ.അജിത്ത് കുമാർ.എൻ.കെ, ഹെൽത്ത് ഇൻസ്പെക്ടർ | 10000 | 026652 |
| 2 | 09.05.19/ നം. 74-05/19 | മഴക്കാലപൂർവ്വ-ശുചീകരണ പരിപാടി - നാട്ടകം സോൺ | ശ്രീ.പ്രകാശ്.റ്റി., ഹെൽത്ത് ഇൻസ്പെക്ടർ | 10000 | 026652 |
| 3 | 09.05.19/ നം. 75-05/19 | മഴക്കാലപൂർവ്വ-ശുചീകരണ പരിപാടി - കുമാരനെല്ലൂർ സോൺ | ശ്രീ.തങ്കം.റ്റി.എ, ഹെൽത്ത് ഇൻസ്പെക്ടർ | 10000 | 026652 |
| 4 | 09.05.19/ നം. 77-05/19 | മഴക്കാലപൂർവ്വ-ശുചീകരണ പരിപാടി - സി സോൺ | ശ്രീ.ജേക്കബ്സൺ.പി.ഐ ഹെൽത്ത് ഇൻസ്പെക്ടർ | 10000 | 026652 |
| 5 | 24.05.19/ നം.158-05/19 | സെക്രട്ടറിയുടെ ക്വാർട്ടേഴ്സിന്റെ മെയിന്റനൻസ് ചാർജ്ജ് | ശ്രീ.ഡെയ്സി.എം.പി അസ്സിസ്റ്റന്റ് എൻജിനീയർ | 200000 | 027973 |
| 6 | 14.06.19/ നം.126-06/19 | മരം മുറിക്കൽ | ശ്രീ.അജിത്ത് കുമാർ.എൻ.കെ, ഹെൽത്ത് ഇൻസ്പെക്ടർ | 10000 | 028060 |
| 7 | 14.06.19/ നം.127-06/19 | മരം മുറിക്കൽ ചാർജ്ജ് | ശ്രീ.രാജേഷ്.എം.ആർ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | 10000 | 028060 |
| 8 | 20.07.19/ നം.145-07/19 | മരം മുറിക്കൽ ചാർജ്ജ് | ശ്രീ.പ്രകാശ്.റ്റി., ഹെൽത്ത് ഇൻസ്പെക്ടർ | 9000 | 028211 |
| 9 | 14.08.19/ നം.120-08/19 | ഓഫീസ് പമ്പ് സെറ്റ് റിപ്പയറിംഗ് | ശ്രീ. അനീഷ്.സി.യു ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | 2000 | 028302 |
| 10 | 26.09.19/ നം.165-09/19 | കാഞ്ഞിരം ബ്രിഡ്ജ് മെയിന്റനൻസ് | കുമാരി. ഹിമ.എം.ടൈറ്റസ്, അസിസ്റ്റന്റ് എൻജിനീയർ | 70000 | 028438 |
| 11 | 01.10.19/ നം.02-10/19 | സ്വച്ഛ് ഭാരത് അഭിയാൻ - പദ്ധതി | ശ്രീ.സന്തോഷ്.ജി ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | 10000 | 028463 |
| 12 | 07.11.19/ നം.33-11/19 | കേരളോത്സവം 2019 | ശ്രീമതി.ജാൻസി വർഗ്ഗീസ് സീനിയർ ക്ലർക്ക്. | 150000 | 028596 |
| 13 | 06.12.19 നം.62-12/19 | Water Meter ഫിറ്റിംഗ് ചാർജ്ജ് | ശ്രീമതി.സിന്ധു.എം.നായർ PWO I | 4500 | 028730 |

| | | | | | |
|---|---|---|---|---|---|
| 14 | 11.12.19/<br>നം.116-12/19 | മരം മുറിക്കൽ ചാർജ്ജ് | ശ്രീ.പ്രകാശ്.റ്റി.,<br>ഹെൽത്ത് ഇൻസ്പെക്ടർ | 8000 | 028755 |
| 15 | 30.12.19/<br>193-12/19 | Brush Cutter റിപ്പയറിംഗ് | ശ്രീ.അജിത്ത് കുമാർ.എൻ.കെ,<br>ഹെൽത്ത് ഇൻസ്പെക്ടർ | 4500 | 028818 |
| 16 | 31.12.19/<br>നം.225-12/19 | തേക്ക് മുറിക്കുന്നതിന് | ശ്രീ.പ്രകാശ്.റ്റി.,<br>ഹെൽത്ത് ഇൻസ്പെക്ടർ | 9000 | 028846 |
| 17 | 31.12.19/<br>നം.226-12/19 | തേക്ക് മുറിക്കുന്നതിന് | ശ്രീ.പ്രകാശ്.റ്റി.,<br>ഹെൽത്ത് ഇൻസ്പെക്ടർ | 8000 | 028846 |
| 18 | 28.01.20/<br>നം.167-01/20 | സെക്രട്ടറിയുടെ ക്വാർട്ടേഴ്സിന്റെ നവീകരണം | ശ്രീ.ഗോപാലകൃഷ്ണൻ<br>അസ്സിസ്റ്റന്റ് എൻജിനീയർ | 268757 | 027931 |
| 19 | 20.02.20/<br>നം.149-02/20 | മരം മുറിക്കൽ ചാർജ്ജ് | ശ്രീ.പ്രകാശ്.റ്റി.,<br>ഹെൽത്ത് ഇൻസ്പെക്ടർ | 1000 | 041599 |
| 20 | 20.02.20/<br>നം.150-02/20 | മരം മുറിക്കൽ ചാർജ്ജ് | ശ്രീ.പ്രകാശ്.റ്റി.,<br>ഹെൽത്ത് ഇൻസ്പെക്ടർ | 5000 | 041599 |
| 21 | 29.02.20/<br>നം.226-02/20 | കഞ്ഞിക്കുഴിയിലെ നഗര സഭ ഷോപ്പിംഗ് കോംപ്ലക്സ് വൈദ്യുതീകരണം. | ശ്രീ.അജിത്ത് കുമാർ.എൻ.കെ,<br>ഹെൽത്ത് ഇൻസ്പെക്ടർ | 44951 | 032572 |
| 22 | 03.03.20/<br>നം.21-03/20 | കാഞ്ഞിരം- കുറ്റിത്തറാടി റോഡ് നടപ്പാലം പുനർനിർമ്മാണം | വിൽഫ്രഡ് ജോസഫ്,<br>അസ്സിസ്റ്റന്റ് എൻജിനീയർ | 35000 | 032581 |
| 23 | 03.03.20/<br>നം.31-03/20 | സെക്രട്ടറിയുടെ ക്വാർട്ടേഴ്സിന്റെ നവീകരണം | ശ്രീ.ഗോപാലകൃഷ്ണൻ<br>അസ്സിസ്റ്റന്റ് എൻജിനീയർ | 76993 | 032587 |
| | | | ആകെ | 966701 | |

അഡ്വാൻസ് തുകകൾ യഥാസമയം ക്രമീകരിക്കാതിരുന്നവരിൽ നിന്നും തുക ഈടാക്കാൻ നടപടികൾ സ്വീകരിക്കാതിരുന്നതിന്റെ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.62/ 04.03.2020) നൽകിയെങ്കിലും നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല. മുൻകൂർ കൈപ്പറ്റി നാളിതുവരെയും ക്രമീകരിക്കാത്ത തുകകൾ ക്രമീകരിക്കുകയോ പലിശ സഹിതം ഈടാക്കുകയോ ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം മുൻകൂർ കൈപ്പറ്റിയ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കേണ്ടതും ടി സർക്കാർ ഉത്തരവ് ജി.ഒ.(പി.)419/11/ഫിൻ., തീയതി 04.10.2011പ്രകാരമുള്ള തുടർനടപടി സ്വീകരിക്കേണ്ടതുമാണ്.

ബി) <u>വൈകി ക്രമീകരിച്ച മുൻകൂറുകൾ - നിയമാനസൃത പലിശ ഈടാക്കിയിട്ടില്ല .</u>

മുൻകൂറുകൾ കൈപ്പറ്റി 3 മാസത്തിനകം ഫൈനൽ ബിൽ ക്രമീകരിച്ചില്ലെങ്കിൽ, മുൻകൂർ അനവദിച്ച തീയതി മുതൽ തുക ഈടാക്കുന്നതോ ക്രമീകരിച്ചതോ ആയ തീയതി വരെ 18% പലിശകൂടി ഈടാക്കണമെന്നാണ് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ മൂന്നമാസ പരിധി ലംഘിച്ച് 2019-20 സാമ്പത്തിക വർഷം മുൻകൂറുകൾ ക്രമീകരിച്ചിട്ടുള്ള താഴെപ്പറയുന്നവരിൽ നിന്ന് നിയമാനസരണമുള്ള പലിശ ഈടാക്കിയിട്ടില്ല.

| ക്രമ നം. | മുൻകൂർസ്വീകരിച്ച ഉദ്യോഗസ്ഥൻ, തസ്തിക | മുൻകൂർ നൽകിയ തീയതി, വൗച്ചർ നം. | തുക | മുൻകൂർ നൽകിയതിന്റെ ഉദ്ദേശ്യം | മുൻകൂർ ക്രമീകരിച്ചതിന്റെ വിവരം | ഈടാക്കേണ്ടിയിരുന്ന പലിശ |
|---|---|---|---|---|---|---|
| 1 | ശ്രീ.ഷാജി.വി.എച്ച്<br>സീനിയർ ക്ലർക്ക് | രേഖപ്പെടുത്തിയിട്ടില്ല. | 26108 | ഹൈക്കോടതി കേസ് അപ്പീൽ സമർപ്പണം | 107/10.04.19 | 4867 |
| 2 | ശ്രീ. കെ.എൻ.സൈനദ്ദീൻ<br>ഹെൽത്ത് ഇൻസ്പെക്ടർ | 09.05.19<br>നം.73-05/19 | 10000 | മഴക്കാലപൂർവ്വ-ശുചീകരണ പരിപാടി - തിരുവാതുക്കൽ സോൺ | 170/27.10.20 | 2204 |
| 3 | ശ്രീമതി.ജാൻസി വർഗ്ഗീസ്<br>സീനിയർ ക്ലർക്ക് | 22.06.19<br>നം.195- 06/19 | 5000 | സമ്പൂർണ്ണ സാക്ഷരത ജില്ല - ദിനാഘോഷം | 150/27.11.20 | 1070 |
| 4 | ശ്രീ.അജ്ജു.കെ.തമ്പി, ഹെൽത്ത് ഇൻസ്പെക്ടർ | 13.08.19<br>നം.97-08/19<br>തുക- | 20000 | സ്വാതന്ത്ര്യദിനാഘോഷം | 64/14.08.20 | 2732 |
| 5 | ശ്രീ.വിദ്യാധരൻ.പി,<br>ഹെൽത്ത് സൂപ്പർവൈസർ | 26.11.19<br>നം.169-11/19 | 2500 | പരിശീലന പരിപാടി | 133/19.01.21 | 407 |

| | | | | | | |
|---|---|---|---|---|---|---|
| 6 | ശ്രീ.സൈനുദ്ദീൻ.കെ.എം ഹെൽത്ത് ഇൻസ്പെക്ടർ | 26.11.19 നം.169-11/19 | 2500 | പരിശീലന പരിപാടി | 133/19.01.21 | 407 |
| 7 | ശ്രീമതി.സിന്ധു.എം.നായർ PWO I | 23.12.19 നം.180- 12/19 | 75000 | മുനിസിപ്പൽ ജൂബിലി പാർക്കിന്റെ തറക്കല്ലിടൽ | 57/28.09.20 | 7027 |
| 8 | ശ്രീമതി.സിന്ധു.എം.നായർ PWO I | 23.12.19 നം.181-12/19 | 25000 | മുനിസിപ്പൽ ജൂബിലി പാർക്കിന്റെ തറക്കല്ലിടൽ | 33/18.08.20 | 1837 |
| 9 | ശ്രീമതി. രമ്യ.കെ.ജി ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് | 10.01.2020 നം.65-01/20 | 80000 | LIFE ഗുണഭോക്താക്കളുടെ കുടുംബസംഗമം പരിപാടി | 143/28.09.20 | 7062 |
| 10 | ശ്രീമതി.ബിന്ദു.എം.സി റെവന്യൂ ഇൻസ്പെക്ടർ | 27.02.2020 നം.196-02/20 | 15000 | നികുതി പിരിവുമായി ബന്ധപ്പെട്ട മൈക്ക് അനൗൺസ്മെന്റ് | 126/18.01.21 | 1746 |
| | ആകെ | | 2,61,108 | | | 29359 |

ഇതുസംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.62/04.03.20) തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നാണ് മറുപടി (നം.എ2/10951/2020) ലഭ്യമാക്കിയത് . പലിശയിനത്തിൽ ഈടാക്കേണ്ട 29359 രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കി നഗരസഭ തനത് ഫണ്ടിൽ ഒടുക്കി വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-28 16.98 ലക്ഷം രൂപ ചെലവഴിച്ച് സ്ഥാപിച്ച റിവേഴ്സ് ഓസ്മോസിസ് കുടിവെള്ള പ്ലാന്റുകൾ പ്രവർത്തിക്കുന്നില്ല

കോട്ടയം നഗരസഭയിലെ 6 സ്ഥലങ്ങളിൽ ശുദ്ധമായി കുടിവെള്ളം വിതരണം നടത്തുന്നതിനായി 16.98 ലക്ഷം രൂപ ചെലവഴിച്ച് റിവേഴ്സ് ഓസ്മോസിസ് പ്ലാന്റ് സ്ഥാപിച്ചുവെങ്കിലും വൈദ്യുത കണക്ഷൻ നൽകാത്തതിനാലും മറ്റും നിലവിൽ പ്രവർത്തിക്കുന്നില്ലായെന്ന് കണ്ടു. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം/പേര് | S.O 588/19-20. |
| ഫണ്ടിനം, വകയിരുത്തിയ തുക | ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 1698000 |
| ചെലവഴിച്ച തുക | 905600+792400 = 16,98,000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

റിവേഴ്സ് ഓസ്മോസിസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് 2017-18 സാമ്പത്തിക വർഷം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ 25 ലക്ഷം രൂപ വകയിരുത്തിയിരുന്നു. 1000 LPH RO പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള സ്പെസിഫിക്കേഷൻ ഇതിനായി എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കി.ഒരെണ്ണത്തിന് 3.54 ലക്ഷം രൂപ വച്ച് ആകെ 6 സ്ഥലങ്ങളിൽ RO പ്ലാന്റ് സ്ഥാപിക്കുന്നതിന് ഇ-ടെണ്ടർ ക്ഷണിക്കാൻ തീരുമാനമായിരുന്നു. 13.03.2018ലെ ഇ-ടെണ്ടറിൽ റേറ്റ് കുറവ് (6 No's @ 283000/E) രേഖപ്പെടുത്തിയ വാട്ടർ വേൾഡ് കൺസൾട്ടൻസി, ശങ്കര അയ്യർ റോഡ്,ത്രിശ്ശൂർ എന്ന സ്ഥാപനത്തെ നഗരസഭ കൗൺസിലിന്റെ 26.06.2018 ലെ 41ാം തീരുമാനപ്രകാരം അംഗീകരിച്ചിരുന്നു. ഇതിനായി വാട്ടർ വേൾഡ് എന്ന സ്ഥാപനവുമായി 28.07.2018 ൽ 17/2018-19 നമ്പരായി എഗ്രിമെന്റ് വച്ചിരുന്നു. പ്ലാന്റ് സ്ഥാപിക്കുന്നതിനായി 6 സ്ഥലങ്ങൾ കണ്ടെത്തുകയും ഇവിടെയുള്ള കുടിവെള്ള സ്രോതസ്സുകളുടെ ഗുണനിലവാരം നഗരസഭ ഹെൽത്ത് വിഭാഗം പരിശോധിക്കുകയും ചെയ്തു. താഴെ പറയുന്ന സ്ഥലങ്ങളിൽ പ്ലാന്റുകൾ സ്ഥാപിച്ചതിന് കരാറുകാരന് തുക നൽകിയിട്ടുണ്ട്.

| ക്രമ | പ്ലാന്റ് സ്ഥാപിച്ച സ്ഥലം, |
|---|---|

| നം | വാർഡ് നമ്പർ |
|---|---|
| 1 | വേളൂർ ആയുർവേദ ആശുപത്രി |
| 2 | അബ്ദുൾകലാം ഓഡിറ്റോറിയം ,തിരുവാതുക്കൽ |
| 3 | കുമാരനല്ലൂർ സോണൽ ഓഫീസ് |
| 4 | പാലമൂട്. നാട്ടകം,37 |
| 5 | മലരിക്കൽ, 45 |
| 6 | പതിനാറായിരത്തിൽ ചിറ,40 |

ഇതിൽ 5 സ്ഥലങ്ങളിൽ പ്ലാന്റ് സ്ഥാപിച്ചുവെന്നും പതിനാറായിരത്തിൽ ചിറയിൽ മാത്രമാണ് സ്ഥാപിക്കാനുള്ളതെന്നും രേഖപ്പെടുത്തി 2018-19 ൽ പാർട്ട് ബിൽ നൽകി. നാട്ടകം സോണൽ ഓഫീസിന്റെ പരിധിയിലുള്ള പാലമൂട്, ആറായിരത്തിൽചിറ എന്നീ ഭാഗങ്ങളിൽ പ്ലാറ്റ്ഫോം നിർമ്മാണം 2019-20 സാമ്പത്തിക വർഷത്തിലാണ് മുനിസിപ്പാലിറ്റി അധികൃതർ നിർമ്മിച്ചു നൽകിയത്. പ്ലാറ്റ്ഫോം നിർമ്മിക്കുന്നത് സംബന്ധിച്ച് യാതൊരു തുകയും എസ്റ്റിമേറ്റിൽ വകയിരുത്തിയിരുന്നില്ല. തുടർന്ന് എല്ലാ RO പ്ലാന്റുകളും വിജയകരമായി പൂർത്തീകരിച്ചു എന്നുള്ള ഓവർസിയർ ശ്രീമതി സിന്ധു M നായരുടെ 30.10.2020ലെ റിപ്പോർട്ടിനെത്തുടർന്ന് കരാറുകാർക്ക് ഫൈനൽ ബിൽ തുക അനുവദിച്ചു നൽകി. ബിൽ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| First Part Bill | Final Bill |
|---|---|
| പ്രവൃത്തി മൂല്യം-1132000<br>ലിമിറ്റ്-80%- 905600<br>Deductions<br>IT-2%-18112<br>GST-2%-18112<br>KCWWF-1%-9056<br>Retention 2.5%-22640<br>Balance Amount To Contractor-837680<br>(Bill No:483407/23.03.2019) | പ്രവൃത്തി മൂല്യം-1698000 -<br>Ist Bill – 905600<br>Balance-792400<br>Deductions<br>IT-2%-15848<br>KCWWF-1%-7924<br>GST-2%-15848<br>Balance Amount To Contractor-752780<br>(Bill No:859601/24.12.2020) |

പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കണ്ടു.

1. RO പ്ലാന്റ് സ്ഥാപിച്ചിരുന്ന വേളൂർ ആയുർവേദ ആശുപത്രി പരിസരത്ത് 05.02.2021 ൽ ഓഡിറ്റ് ടീം പരിശോധന നടത്തിയിരുന്നു. ടി പ്ലാന്റ് 12/2018 ൽ സ്ഥാപിച്ചതിനു ശേഷം നാളിതുവരെ പ്രവർത്തിപ്പിച്ചിട്ടില്ലായെന്ന് ആശുപത്രി അധികൃതർ ഓഡിറ്റിനു മൊഴി നൽകി. പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ഇലക്ട്രിസിറ്റി കണക്ഷനും നൽകിയിട്ടില്ല. പ്രവർത്തിപ്പിച്ചു നോക്കാതെ ഉപകരണങ്ങൾ മാത്രം സ്ഥാപിച്ചതിന് കരാറുകാർക്ക് തുക നൽകിയത് ഗുരുതരമായ വീഴ്ചയാണ്. എസ്റ്റിമേറ്റിൽ വൈദ്യുത കണക്ഷനുള്ള തുക വകയിരുത്താതെ പ്ലാന്റ് സ്ഥാപിച്ചത് ക്രമാനുസൃതമല്ല.

2. മറ്റ് അഞ്ച് പ്ലാന്റുകളിലും വൈദ്യുത കണക്ഷൻ ലഭ്യമാക്കിയിട്ടില്ല എന്ന് അന്വേഷണത്തിൽ ഓഡിറ്റിനു അറിയാൻ കഴിഞ്ഞിട്ടുണ്ട്. നിർമ്മാണം പൂർത്തീകരിച്ചു എന്ന റിപ്പോർട്ട് നൽകി കരാറുകാരന് 16.98 ലക്ഷം രൂപ നൽകിയതിനു ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും വിശദീകരണം ആവശ്യപ്പെടേണ്ടതാണ്.

3.മണിക്കൂറിൽ ഏകദേശം 2000 മുതൽ 3000 ലിറ്റർ വെള്ളം ശുദ്ധീകരിക്കാൻ കഴിയുന്ന പ്ലാന്റായിരുന്നു വിഭാവനം

ചെയ്തിരുന്നത്.ശുദ്ധീകരിച്ച വെള്ളം ശേഖരിക്കുന്ന ടാങ്ക്, മോട്ടോർ പമ്പ് എന്നിവ അടങ്ങുന്നതാണ് ഒരു യൂണിറ്റ്. ലക്ഷങ്ങൾ ചെലവഴിച്ച് സ്ഥാപിച്ച പ്ലാന്റുകൾ പ്രവർത്തനക്ഷമമാക്കുവാൻ നഗരസഭ അധികൃതർ സ്വീകരിച്ച നടപടികൾ അടിയന്തിരമായി അറിയിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം:44/2019-20;16.01.2021.) എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥർ മറുപടി നൽകിയിട്ടില്ല.



(ഉപയോഗിക്കാത്ത റിവേഴ്സ് ഓസ്മോസിസ് പ്ലാന്റ്)

ഈ അപാകതകളിന്മേൽ സർക്കാർ തലത്തിൽ അന്വേഷണം നടത്താൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു. പൊതുപണം ചെലവഴിച്ച് നിർമ്മിച്ച പ്ലാന്റുകൾ നിലവിൽ പ്രവർത്തിപ്പിക്കാത്തതിനാൽ ഇതിനായി ചെലവഴിച്ച ₹16,98,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു .

## 1-29 ABC പദ്ധതിയ്ക്കായി കോടിമതയിൽ നിർമ്മിച്ച കെട്ടിടം ഉപേക്ഷിക്കപ്പെട്ടു

| | |
|---|---|
| പ്രൊജക്ട് നം/പേര് | S.O 529/19-20. ABC പദ്ധതിയ്ക്കു വേണ്ടി കോടിമതയിൽ കെട്ടിട നിർമ്മാണം |
| ഫണ്ടിനം, വകയിരുത്തിയ തുക | ധനകാര്യ കമ്മീഷൻ ഗ്രാന്റ് ₹29,98,788 |
| ചെലവഴിച്ച തുക | ₹29,97,948 |
| എം ബുക്ക് നമ്പർ | 634/18-19 |
| ബിൽ നം / തീയതി | 122/05.04.2019 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശ്രീമതി സുമ S,അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

കോട്ടയം നഗരസഭ വാർഡ് 29 ലെ കോടിമതയിൽ ABC പദ്ധതിയ്ക്കു കെട്ടിടം നിർമ്മിക്കുന്നതിന് 2018-19 ൽ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ 30 ലക്ഷം രൂപ വകയിരുത്തിയിരുന്നു.03.08.2018 ൽ ഇ-ടെണ്ടർ ചെയ്തതിനെത്തുടർന്ന് ഏറ്റവും കുറവു തുക ക്വോട്ട് ചെയ്ത ശ്രീ ഈപ്പൻ C എബ്രഹാമിന്റെ 2998787.69 രൂപയുടെ ടെണ്ടർ 21.08.2018 ലെ 2 ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം അംഗീകരിച്ചിരുന്നു.

തുടർന്ന് എസ്റ്റിമേറ്റ് തുകയിൽ അധികരിക്കാതെ അഞ്ച് ഇനങ്ങൾ അധികമായി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് മുനിസിപ്പൽ എഞ്ചിനീയർ സാങ്കേതികാനുമതി നൽകി.(TS No:50811/2018-19;27.02.2019, Rs.2999943). തുടർന്ന് കരാറുകാരന് 24.09.2018 ൽ വർക്ക് ഓർഡർ നൽകുകയും 27.02.2019 ൽ പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ തുക നൽകുകയും ചെയ്തു. ബിൽ തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രവൃത്തി മൂല്യം | 2997948 |
| Deductions | |
| IT @ 1% | 29979 |
| KCWWF @ 1% | 29979 |
| GST @ 2% | 59958 |
| കരാറുകാരനു നൽകിയ തുക | 2878032 |

1) എം ബുക്ക് പ്രകാരം 16 ാം ഇനമായി 0.45mm കനമുള്ള അലുമിനിയം ട്രഫോർഡ് ഷീറ്റ് ഉപയോഗിച്ച് 314.24 M2 ഏരിയയിൽ ഷീറ്റിടുന്നതിനായി 2.16 ലക്ഷം രൂപ നൽകിയിട്ടുണ്ട്. (314.24 M2@690.50/M2=216983 ). എന്നാൽ എം ബുക്ക് പ്രകാരം GI ഷീറ്റിട്ടാണ് നിർമ്മാണം നടത്തിയതെന്നു രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അലുമിനിയം ഷീറ്റിന്റെ

വിലയും നൽകിയിട്ടുണ്ട്. നേരിട്ടുള്ള പരിശോധനയിൽ GI ഷീറ്റാണ് ഇട്ടതെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

2) എം ബുക്കിലെ ഇനം 1,2 എന്നിവ പ്രകാരം ചതുപ്പുനിലത്തിൽ കെട്ടിടം നിർമ്മിക്കുന്നതിന് തെങ്ങിൻകുറ്റി ഉപയോഗിച്ച് പൈലിംഗ് നടത്തിയതിന് 8.26 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 6(x), 2019 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 4(vii) എന്നിവ പ്രകാരം ചതുപ്പു നിലങ്ങളിൽ കെട്ടിടങ്ങൾ അനുവദിക്കാൻ പാടില്ല എന്നാണ്. ഇവിടെ ചട്ടം ലംഘിച്ച് മുനിസിപ്പാലിറ്റിയുടെ ഇതേ പ്ലോട്ടിൽ അടുത്തടുത്ത സ്ഥലങ്ങളിൽ കെട്ടിടങ്ങൾ വിവിധ പദ്ധതികൾക്കായി നിർമ്മിച്ചിട്ടുണ്ട്. കെട്ടിടനിർമ്മാണ ചട്ടങ്ങൾ ലംഘിച്ചുകൊണ്ട് ചതുപ്പ് സ്ഥലത്ത് കെട്ടിടങ്ങൾ നിർമ്മിച്ചതിനും ആയതിന് തെങ്ങിൻ കുറ്റി ഉപയോഗിച്ച് പൊതുപണത്തിൽ നിന്നും 14.89 ലക്ഷം രൂപ ചെലവഴിച്ചതിനും നിർവ്വഹണ ഉദ്യോഗസ്ഥൻ വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (44/2019-20;16.01.2021.) നഗരസഭയിലെ എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥർ മറുപടി നൽകിയിട്ടില്ല.

| ക്രമ നം | പ്രൊജക്ട് നം,പേര്, എം ബുക്ക് നം | ഇനം | അളവ് | നിരക്ക് | തുക |
|---|---|---|---|---|---|
| 1 | S.O 527/19-20. ABC പദ്ധതിയ്ക്കു വേണ്ടി കോടിമതയിൽ കെട്ടിട നിർമ്മാണം. | Cocunut Pile-Supplying And Stacking Well Matured Straight Cocunut Post | 908.80 M | 137.20/M | 124687.36 |
| 2 | 634/18-19 | Cocunut Pile-Supplying And Stacking Well Matured Y2 Split Cocunut Post | 908.80 | 772.30 | 701866.24 |
| 3 | S.O 528/19-20. കോടിമത ഉണക്കമീൻ മാർക്കറ്റ് നിർമ്മാണം, | Cocunut Pile-Supplying And Stacking Well Matured Straight Cocunut Post | 729.40 M | 137/M | 99927.80 |
| 4 | 661/18-19 | Cocunut Pile-Supplying And Stacking Well Matured Y2 Split Cocunut Post | 729.40 M | 772/M | 563096.80 |
| | ആകെ | | | | ₹14,89,578 |



(ഉപേക്ഷിക്കപ്പെട്ട ABC കെട്ടിടം)

3) 29.97 ലക്ഷം രൂപ ചെലവഴിച്ച കെട്ടിടം യാതൊരു പ്രയോജനവുമില്ലാതെ കിടക്കുന്നതായി ഓഡിറ്റ് നേരിട്ട് നടത്തിയ പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. ABC പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള തെരുവുനായ്ക്കളുടെ വന്ധ്യകരണം ഈ കെട്ടിടത്തിൽ നടക്കുന്നില്ല.കെട്ടിട നിർമ്മാണം മാത്രം നടത്തി പദ്ധതിയെ അവഗണിച്ചതിനു നഗരസഭ ഓഡിറ്റിനു വിശദീകരണം നൽകേണ്ടതാണ്. ABC പദ്ധതിയുടെ നിർവ്വഹണം ഫലപ്രദമായി നടപ്പാക്കാൻ നഗരസഭ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലുണ്ടാകേണ്ടതാണ്.

## 1-30 28 ലക്ഷം രൂപ ചെലവഴിച്ച് കോടിമതയിൽ നിർമ്മിച്ച ഉണക്കമീൻ മാർക്കറ്റ് ഉപയോഗിക്കുന്നില്ല

കോട്ടയം നഗരസഭ വാർഡ് 29 ലെ കോടിമതയിൽ 28 ലക്ഷം രൂപ ചെലവഴിച്ച നിർമ്മിച്ച ഉണക്കമീൻ മാർക്കറ്റ് ഉപയോഗിക്കാതെ പൊതുപണം പാഴാകുന്ന സ്ഥിതിയാണ് നഗരസഭയിൽ കാണാവുന്നത്. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം/പേര് | S.O 528/19-20. കോടിമത ഉണക്കമീൻ മാർക്കറ്റ് നിർമ്മാണം |
| ഫണ്ടിനം, വകയിരുത്തിയ തുക | വികസന ഫണ്ട് (ജനറൽ)-2000000 |
| ചെലവഴിച്ച തുക, ബിൽ നം | 2821090,<br>ബിൽ നം:492301/23.03.2019 |
| എം ബുക്ക് നമ്പർ | 661/18-19 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശ്രീമതി സുമ S,അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

കോടിമതയിൽ ഉണക്കമീൻ മാർക്കറ്റ് നിർമ്മിക്കുന്നതിന് 2018-19 ൽ വികസന ഫണ്ടിൽ 20 ലക്ഷം രൂപ വകയിരുത്തിയിരുന്നു.31.07.2018 ൽ ഇ-ടെണ്ടർ ചെയ്തതിനെത്തുടർന്ന് ഏറ്റവും കുറവു തുക ക്വോട്ട് ചെയ്ത ശ്രീ ഈപ്പൻ D എബ്രഹാമിന്റെ 1996989.58 രൂപയുടെ ടെണ്ടർ 21.08.2018 ലെ 8 ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം അംഗീകരിച്ചിരുന്നു. തുടർന്ന് 822622 രൂപ അധികമായി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് മുനിസിപ്പൽ എഞ്ചിനീയർ സാങ്കേതികാനുമതി നൽകി.(TS No:46018/2018-19;27.02.2019, Rs.2822614). കരാറുകാരന് 25.09.2018 ൽ വർക്ക് ഓർഡർ നൽകിയ പ്രവൃത്തി നിർമ്മാണം 01.03.2019 ൽ പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ തുക നൽകുകയും ചെയ്തു. ബിൽ തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രവൃത്തി മൂല്യം | 2821090 |
| Deductions | |
| IT @ 1% | 28211 |
| KCWWF @ 1% | 28211 |
| GST @ 2% | 56422 |
| കരാറുകാരനു നൽകിയ തുക | 2708246 |

പദ്ധതിയുടെ നിർവ്വഹണത്തിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) എം ബുക്ക് പ്രകാരം 16 ാം ഇനമായി അലൂമിനിയം ട്രഫോർഡ് ഷീറ്റ് ഉപയോഗിച്ച് 228.76 M2 ഏരിയയിൽ ഷീറ്റിടുന്നതിനായി 1.59 ലക്ഷം രൂപ വകയിരുത്തിയിരുന്നു. (228.76 M2@697.10/M2=159468 ). എന്നാൽ എം ബുക്ക് പ്രകാരം GI ഷീറ്റിട്ടാണ് നിർമ്മാണം നടത്തിയതെന്നു രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അലൂമിനിയം ഷീറ്റിന്റെ വിലയും നൽകിയിട്ടുണ്ട്. നേരിട്ടുള്ള പരിശോധനയിൽ GI ഷീറ്റാണ് ഇട്ടതെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

2) എം ബുക്ക് പ്രകാരം അധിക ഇനമായി (10 ാം ഇനം) തറയിൽ ടൈൽ വിരിക്കുന്നതിന് റക്റ്റിഫൈഡ് ഗ്ലേസ്ഡ് സെറാമിക് ടൈൽ ഉപയോഗിച്ചതിന് 2.23 ലക്ഷം രൂപ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 11.4<br>Providing And Laying Rectified Glazed Ceramic Floor Tiles Of Size 300x300 Mm Or More (Thickness To Be Specified By The Manufacturer) Of Ist Quality Conforming To IS: 15622 Of Approved Make In All Colours, Shades, Except White, Ivory, Grey Fume Red Brown, Laid On 20 Mm Thick Cement Mortar 1:4 (1 Cement : 4 Coarse Sand) Including Pointing The Joints With White Cement And Matching Pigments Etc., Complete. | 172.36M2 | 1297.84/M2<br>(901.05+44% Cost Index) | 223695.7 |

എന്നാൽ നേരിട്ടു നടത്തിയ പരിശോധനയിൽ റെക്ടിഫൈഡ് ഗ്ളേസ്ഡ് സെറാമിക് ടൈൽസിനു (DSR Code 11.40)

പകരം സാധാരണ നിലവാരത്തിലുള്ള സെറാമിക് ഗ്ലേസ്ഡ് ടൈൽസ്(DSR Code 11.37) ആണ് ഉപയോഗിച്ചതെന്ന വ്യക്തമായി.ഇതിനു DSR പ്രകാരം നൽകാവുന്ന നിരക്ക് താഴെ പറയുന്നു.

| | | | | | |
|---|---|---|---|---|---|
| Providing And Laying Ceramic Glazed Floor Tiles Of Size 300x300 Mm (Thickness To Be Specified By The Manufacturer), Of 1st Quality Conforming To IS : 15622, Of Approved Make, In Colours Such As White, Ivory, Grey, Fume Red Brown, Laid On 20 Mm Thick Cement Mortar 1:4 (1 Cement : 4 Coarse Sand), Including Pointing The Joints With White Cement And Matching Pigment Etc., Complete. | | | | | |
| Details Of Cost For 1 Sqm<br>MATERIAL:<br>Glazed Ceramic Floor Tiles 300x300 Mm Size = 1.00 Sqm<br>Add For Wastage & Breakage @ 2.5 % =0.025 Sqm<br>Total = 1.025 Sqm | | | | | |
| Code | Description | Unit | Quantity | Rate | Amount |
| 7801 | Ceramic Glazed Tiles Ist Quality 300 X 300 Mm In All Shades And Designs Of White, Ivory, Grey, Fume Red Brown Etc. | Sqm | 1.025 | 210 | 215.25 |
| 9977 | Carriage<br>Carriage Of Tiles20 Mm Thick Cement Mortar 1:4 ( 1 Cement : 4 Coarse Sand) | L.S | 6.240 | 1.73 | 10.80 |
| 3.9 | Rate As Per Item Number3.9 Of SH:<br>Mortars | Cum | 0.024 | 3970.50 | 95.29 |
| 9999 | Undries-Mortar For Pointing In White Cement<br>Cement For Slurry Over Bed @ 3.3 Kg Per Sqm | L.S | 20.20 | 1.73 | 34.95 |
| 0367 | Portland Cement | Tonne | 0.003 | 5700 | 18.81 |
| Labour | | | | | |
| 0123 | Mason (Brick Layer) Ist Class | Day | 0.2 | 487 | 97.40 |
| 0115 | Coolie | Day | 0.2 | 368 | 73.60 |
| 9988 | Carriage And Sundries<br>Including Carriage Of Cement Etc. | L.S | 26.910 | 1.73 | 46.55 |
| Total | | | | | 592.65 |
| Add Water Charge @1% | | | | | 5.93 |
| Total | | | | | 598.58 |
| Add CPOH @ 15% | | | | | 89.79 |
| Cost Of 1 Sqm | | | | | 688.35 |
| Cost Index For Kottayam @ 44.12% | | | | | 303.70 |
| Rate For 1 M2 | | | | | 992.05 |

തുക നൽകിയിരിക്കുന്നത് 1297.84/M2 എന്ന നിരക്കിലാണ്.ഇതാകട്ടെ ഉയർന്ന നിലവാരമുള്ള റെക്റ്റിഫൈഡ് ഗ്ലേസ്ഡ് സെറാമിക് ടൈൽസ് ഉൾപ്പെട്ടതിന്റെ നിരക്കാണ്. (Code No.7804,₹400/sqm). എന്നാൽ ഉപയോഗിച്ചത് കുറഞ്ഞ നിലവാരമുള്ള സിറാമിക് ടൈൽ ആണ്.(code No 7801, ₹210/sqm) . ഇപ്രകാരം നിലവാരം കുറഞ്ഞ തരത്തിലുള്ള സെറാമിക് ടൈൽസ് ഉപയോഗിച്ചതു മൂലം അധികമായി നൽകിയ തുക ₹52706 അംഗീകരിക്കുന്നില്ല. ഇതിന്മേൽ നിർവ്വഹണ ഉദ്യോഗസ്ഥ അടിയന്തിരമായി വിശദീകരണം ഓഡിറ്റിനു നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (44/2019-20;16.01.2021.) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ല.

| അളവ് | നൽകിയ നിരക്ക് | തുക | നൽകേണ്ട നിരക്ക് | തുക | വ്യത്യാസം |
|---|---|---|---|---|---|
| 172.36M2 | 1297.84/M2 | 223695.7 | 992.05/M2 | 170989.74 | 52706 |

3) 25.09.2018 ൽ കരാറുകാരന് വർക്ക് ഓർഡർ നൽകിയ പ്രവൃത്തി നിർമ്മാണം പൂർത്തീകരിച്ചതിനു ശേഷം റിവൈസ്ഡ് എസ്റ്റിമേറ്റിനു അനുമതി നൽകിയത് ക്രമപ്രകാരമല്ല. കെട്ടിട നിർമ്മാണം പൂർത്തീകരിച്ചത് 01.03.2019 ലാണ്.ഇതിന് രണ്ടു ദിവസം മുമ്പ് മാത്രമാണ് (27.02.2019 ൽ) എക്സിക്യൂട്ടീവ് എഞ്ചിനീയർ സാങ്കേതിക അനുമതി നൽകിയത്. 8.22 ലക്ഷം രൂപയുടെ അധിക നിർമ്മാണം ഇതിനോടകം കരാറുകാരൻ നടത്തിക്കഴിഞ്ഞിരുന്നു.

4)28.21 ലക്ഷം രൂപ ചെലവഴിച്ച കെട്ടിടം യാതൊരു പ്രയോജനവുമില്ലാതെ കാടുകയറി കിടക്കുന്നതായി ഓഡിറ്റ് നേരിട്ടു നടത്തിയ പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. ഉണക്കമീൻ മാർക്കറ്റിനായി നിർമ്മിച്ച കെട്ടിടത്തിൽ മീൻ വ്യാപാരം നടക്കുന്നില്ല. ഈ കെട്ടിടത്തിനു എതിർവശത്തുള്ള റോഡ് സൈഡിൽ വ്യപാരികൾ ഉണക്കമീൻ കച്ചവടം നടത്തുന്നുണ്ട്. ലക്ഷക്കണക്കിനു രൂപ ചെലവഴിച്ച് നിർമ്മിച്ച കെട്ടിടം കാടുകയറിക്കിടക്കുന്നതിൽ നഗരസഭയോടു വിശദീകരണം ആവശ്യപ്പെട്ടെങ്കിലും നഗരസഭ മറുപടി നൽകിയിട്ടില്ല.



(ഉപേക്ഷിക്കപ്പെട്ട ഫിഷ് മാർക്കറ്റ് കെട്ടിടം)

മേൽ അപാകതകൾ കാരണം പദ്ധതിയ്ക്കായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെലവഴിച്ച ₹52706 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു . തുക ഉത്തരവാദിയായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. പൊതുപണം ചെലവഴിച്ച് നിർമ്മിച്ച കെട്ടിടം ഉപയോഗിക്കാതെ വെറുതെ ഇട്ടിരിക്കുന്നതിനാൽ ആകെ ചെലവു തുകയിൽ നിരാകരിച്ച തുക കിഴിച്ച ശേഷമുള്ള തുക ₹2768384 രൂപ (2821090-52706) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കെട്ടിടം ഉപയോഗയോഗ്യമാക്കി ലേലം ചെയ്ത് ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്. 28 ലക്ഷം രൂപയുടെ ചെലവ് നിലവിൽ പ്രയോജനരഹിതമായതിനാൽ സർക്കാർ തലത്തിൽ അന്വേഷണം നടത്തണമെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-31 നെഹ്റു പാർക്കിൽ 12 ലക്ഷം രൂപ ചെലവഴിച്ച് സ്ഥാപിച്ച കുട്ടികൾക്കുള്ള കളിയുപകരണങ്ങൾ ഉപയോഗശൂന്യമായി

കോട്ടയം നഗരസഭയുടെ ഹൃദയഭാഗത്തുള്ള നെഹ്റു പാർക്കിൽ 12 ലക്ഷം രൂപ ചെലവഴിച്ച് സ്ഥാപിച്ച കുട്ടികൾക്കുള്ള കളിയുപകരണങ്ങൾ നാശോന്മുഖമായതായി ഓഡിറ്റ് നേരിട്ടു നടത്തിയ പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. കരാറിലെ വീഴ്ചയും മെയിന്റനൻസിലെ അപാകതയുമാണ് ഇവ ഉപയോഗശൂന്യമാകുവാൻ കാരണം. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം/പേര് | S.O 521/19-20. |
| ഫണ്ടിനം,<br>വകയിരുത്തിയ തുക | ധനകാര്യ കമ്മീഷൻ ഗ്രാന്റ്-<br>1500000 |
| ചെലവഴിച്ച തുക | 578861+ 643826=1222687 |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശ്രീമതി ബിജിമോൾ E.R<br>മുനിസിപ്പൽ എഞ്ചിനീയർ,<br>ശ്രീ അരുൺ ചന്ദ് M.V,<br>അസിസ്റ്റന്റ് എഞ്ചിനീയർ |

നെഹ്റു പാർക്കിൽ കുട്ടികൾക്കുള്ള കളിയുപകരണങ്ങൾ സ്ഥാപിക്കുന്നതിന് ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ 15 ലക്ഷം രൂപ വകയിരുത്തിയിരുന്നു. 05-02-2019 ൽ ഇ-ടെണ്ടർ ചെയ്യുകയും 1222687 രൂപ ക്വോട്ട് ചെയ്ത ബിൽഡ് ഇൻഡ്യ,ഭാരതി ബിൽഡിംഗ്, മഹാകവി ജി റോഡ്,എറണാകുളം എന്ന സ്ഥാപനത്തിന്റെ ടെണ്ടർ 02-03-2019 ൽ കൂടിയ കൗൺസിലിന്റെ 107 ാം നമ്പർ തീരുമാനപ്രകാരം അംഗീകാരം നൽകുകയും ചെയ്തു. ഉടർന്ന് മുനിസിപ്പൽ എഞ്ചിനീയർ 22.10.2018 ൽ സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകി. (KPW2-12036/18) 5.78 ലക്ഷം രൂപയുടെ ഒരു ഉപകരണം സ്ഥാപിച്ചതിന്റെ ബിൽ തുക പാർട്ട് ബില്ലായി 2018-19 ൽ നൽകുകയും അവശേഷിക്കുന്ന ഉപകരണങ്ങൾ സ്ഥാപിച്ചതിന്റെ ബിൽ തുകയായ 6.43 ലക്ഷം രൂപ പിന്നീട് ചെലവഴിച്ചു. ബിൽ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| First Part Bill | Final Bill |
|---|---|
| പ്രവൃത്തി മൂല്യം-578861<br>ലിമിറ്റ്-80%- 905600<br>Deductions<br>IT-2%-11577<br>GST-2%-11577<br>KCWWF-1%-5789<br>Retention 2.5%-14472<br>Balance Amount To Contractor-535445<br>(Bill No:562570/28.03.2019) | പ്രവൃത്തി മൂല്യം-1222687 -<br>Ist Bill – 578861<br>Balance-643826<br>Deductions<br>IT-2%-12876<br>KCWWF-1%-6438<br>GST-2%-12876<br>5% Late Fine – 61134<br>+ Retention Amount- 14472<br>Balance Amount To Contractor-564974<br>(Bill No:859601/24.12.2020) |

എല്ലാ ഉപകരണങ്ങളും സ്ഥാപിച്ച ശേഷം ബിൽഡ് ഇൻഡ്യ എന്ന കരാർ സ്ഥാപനം 18.01.2020 ൽ ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് നൽകിയിരുന്നു.ഇതു പ്രകാരം ഫിറ്റ്നെസ്സ് ഉപകരണം 13 വയസ്സിനു മുകളിലുള്ള കുട്ടികൾക്കും മറ്റുള്ളവ 4 മുതൽ 12 വയസ്സുവരെയുള്ള കുട്ടികൾക്കും ഉപകരിക്കും എന്നു രേഖപ്പെടുത്തിയിട്ടുണ്ട്.

കുട്ടികൾക്കായി താഴെ പറയുന്ന ഉപകരണങ്ങളാണ് പാർക്കിൽ സ്ഥാപിച്ചിട്ടുള്ളത്.

| ക്രമ നമ്പർ | ഉപകരണം | എണ്ണം | നിരക്ക് | തുക |
|---|---|---|---|---|
| 1 | Wheelchair Accessible Multi Fun Station | 1 | 578861 | 578861 |
| 2 | Combination Set 3 In 1 (Swing,Slide,Seasaw) | 1 | 37587 | 37587 |
| 3 | Merry Go Round Seater (Special) | 1 | 54255 | 54255 |
| 4 | Caterpillar Tunnel | 1 | 115386 | 115386 |
| 5 | Multifitness Station (Walker) | 1 | 168473 | 168473 |

| | | | | |
|---|---|---|---|---|
| 6 | Puppy Bin | 3 | 11564 | 34692 |
| 7 | Pencil Bin | 3 | 11564 | 34692 |
| 8 | Frog DustBin | 2 | 13216 | 26432 |
| 9 | Trunk Bin | 2 | 11564 | 23128 |
| 10 | Hybrid Adventure | 1 | 94458 | 94458 |
| 11 | Spring Rider Ant | 1 | 15373 | 15373 |
| 12 | Spring Rider Shark | 1 | 15246 | 15246 |
| 13 | Spring Rider Horse | 1 | 15182 | 15182 |
| 14 | Cross N Zero | 1 | 8922 | 8922 |
| | ആകെ | | | 1222687 |

പദ്ധതിയുടെ നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

1) പദ്ധതിയുടെ ഇ-ടെണ്ടർ അംഗീകരിച്ച ബിൽഡ് ഇൻഡ്യ എന്ന സ്ഥാപനവുമായി നിയമാനുസൃത കരാറിൽ നഗരസഭ എഞ്ചിനീയർ ഏർപ്പെട്ടിട്ടില്ല. ഫയലിൽ ഹാജരാക്കിയ കരാറിൽ (കരാർ നം:451/18-19 ; 08-03-2019) നഗരസഭയിലെ അസിസ്റ്റന്റ് എഞ്ചിനീയറായ ശ്രീമതി ബീന P.G മാത്രം ഒപ്പിട്ടിട്ടുണ്ട്. ബിൽഡ് ഇൻഡ്യ സ്ഥാപനത്തിന്റെ പ്രൊപ്രൈറ്റർ കരാറിൽ ഒപ്പിട്ടിട്ടില്ല. ഇപ്രകാരം നിയമസാധുതയില്ലാത്ത കരാറിൽ ഏർപ്പെട്ടതിന് അസിസ്റ്റന്റ് എഞ്ചിനീയറോടും മുനിസിപ്പൽ എഞ്ചിനീയറോടും ഓഡിറ്റ് വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി നൽകിയില്ല.

2. സ്ഥാപിച്ച ഉപകരണങ്ങളുടെ വാറണ്ടി പീരീഡ് സംബന്ധിച്ച് യാതൊരു ഉറപ്പും കരാറിൽ രേഖപ്പെടുത്തിയിട്ടില്ല.

3. സ്ഥാപനം കോട്ടയം നഗരസഭയ്ക്കായി തയ്യാറാക്കിയ പ്രപ്പോസലിൽ ഉപകരണങ്ങളുടെ വാറണ്ടി സംബന്ധിച്ച രേഖപ്പെടുത്തലുകൾ നടത്തിയിട്ടുണ്ട്. അവ താഴെ പറയുന്നു.

A) Limited 10 Years Warranty On Structure/pipe Components
B) Limited 5 Years Warranty On Metallic Parts:Deck,Ladder,Railing,Support Climbers &Structural Components
C) Limited 1 Year Warranty On Swing Bearings.
D) Limited 1 Year Warranty On Other Metallic Parts
E) Limited 1 Year Warranty For All FRP Parts.

എന്നാൽ ടെണ്ടർ ഷെഡ്യൂളിൽ വാറണ്ടി സംബന്ധിച്ച യാതൊരു രേഖപ്പെടുത്തലുകളും ഇല്ല.ഇൻവോയിസ് തീയതി (20.01.2020) മുതൽ വാറണ്ടി ലഭിക്കേണ്ടതുണ്ട്. വാർഷിക അറ്റകുറ്റപ്പണികൾ നടത്തുന്നതു (Annual Maintanance Contract) സംബന്ധിച്ചും യാതൊരു കരാറും നഗരസഭ നടത്തിയിട്ടില്ല.

4) ഓഡിറ്റ് 05-02-2021 ൽ നെഹ്റു പാർക്കിൽ നടത്തിയ പരിശോധനയിൽ സ്ഥാപിച്ച കളിയുപകരണങ്ങൾ എല്ലാം തന്നെ നാശോന്മുഖമായതായി കണ്ടു. കുട്ടികൾക്ക് ഇനി ഉപയോഗിക്കാനാകാത്ത വിധത്തിൽ എല്ലാ ഉപകരണങ്ങളും നശിച്ചുപോയിട്ടുണ്ട്. കൊറോണ കാലയളവിൽ പാർക്ക് അടച്ചിരുന്നെങ്കിലും ഉപകരണങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്താത്തതിനു കാരണം വിശദീകരിക്കേണ്ടതും ഇവ സ്ഥാപിച്ച സ്ഥാപനവുമായി AMC യിൽ ഏർപ്പെടാത്തതിനും മേൽ ചൂണ്ടിക്കാണിച്ച അപാകതകൾക്കും മുനിസിപ്പൽ എഞ്ചിനീയറോട് ഓഡിറ്റ് വിശദീകരണം ചോദിച്ചിരുന്നെങ്കിലും (നം:44/2019-20;16.01.2021.) മറുപടി നൽകിയിട്ടില്ല.




(പാർക്കിലെ കളിയുപകരണങ്ങൾ നാശോന്മുഖമായ നിലയിൽ)

നാഗമ്പടത്ത് വെള്ളം കയറുന്നത് പതിവാണെന്നും ഇവ കെട്ടിക്കിടന്നാണ് ഉപകരണങ്ങൾ നശിച്ച് പോകുന്നതെന്നും ഓഡിറ്റ് നടത്തിയ അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യം പദ്ധതി തയ്യാറാക്കുമ്പോൾ എഞ്ചിനീയറിംഗ് വിഭാഗം പരിഗണിക്കാത്തത് ഉദ്യോഗസ്ഥ തലത്തിലുള്ള വീഴ്ചയാണ്. പാർക്കിന്റെ മധ്യ ഭാഗത്ത് മണ്ണിട്ടുയർത്തിയതിനാൽ ഈ ഭാഗത്ത് വെള്ളം കയറാറില്ല. പാർക്ക് മണ്ണിട്ടുയർത്തി നവീകരണം നടത്താത്തതു മൂലം ഇപ്പോൾ സ്ഥാപിച്ച 12 ലക്ഷം രൂപയുടെ ഉപകരണങ്ങൾ നശിക്കുവാൻ കാരണമായി. ഇനിയും ഇത്തരം പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ നാഗമ്പടത്തെ വെള്ളക്കെട്ടിനു പരിഹാരം കാണാത്ത പക്ഷം പൊതുപണം ഈവിധം പാഴായി പോകുമെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. നഗരസഭയുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലുണ്ടാകേണ്ടതാണ്. ഉപകരണങ്ങളുടെ വാറണ്ടി സംബന്ധിച്ചും അറ്റകുറ്റപ്പണികൾ സംബന്ധിച്ചും നിർവ്വഹണത്തിലെ വീഴ്ച സംബന്ധിച്ചുമുള്ള ഓഡിറ്റ് എൻക്വയറിയ്ക്കു എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥർ മറുപടി നൽകാത്തതിനാൽ കളിയുപകരണങ്ങൾ സ്ഥാപിക്കുന്നതിനായി ചെലവഴിച്ച ₹1222687 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-32 ഇ.പി.എഫ് വിഹിതം ഒടുക്കിയതിലെ കാലതാമസം - തനതു ഫണ്ട് നഷ്ടം

കോട്ടയം നഗരസഭയിൽ സി.എൽ.ആർ വ്യവസ്ഥയിൽ ജോലി ചെയ്യു ജീവനക്കാരുടെ 2014 ഒക്ടോബർ മുതൽ 2018 ഏപ്രിൽ വരെയുള്ള ഇ.പി.എഫ് വിഹിതം ഒടുക്കിയതിൽ എല്ലാ മാസവും 15 -ാം തീയതിയ്ക്ക് ശേഷം ഒടുക്കു വരുത്തിയ തുകകൾക്ക് പിഴ അടയ്ക്കണമെന്ന് കാണിച്ച് 24.01.2019 ൽ പ്രൊവിഡന്റ് കമ്മീഷണർ നോട്ടീസ് നൽകിയിരുന്നു. ടി കുറിപ്പിന്റെ അടിസ്ഥാനത്തിൽ ഇ.പിഎഫ് കമ്മീഷണർ നഗരസഭയുടെ വിശദീകരണം നേരിൽ കേൾക്കുകയും 06/2016, 09/2016, 12/2016 എന്നീ മാസങ്ങളിലെ പിഴ പലിശകൾ ഒഴിവാക്കിയ ശേഷമുള്ള തുകയായ 13,626 രൂപ പിഴ ഒടുക്കുന്നതിനായി 29.04.2019 ൽ വീണ്ടും കത്ത് നൽകിയതിൻ പ്രകാരം നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും 13,626 രൂപ 20.05.19 ലെ 839859-ാം നമ്പർ ഡി.ഡി യായി അടവാക്കിയിട്ടുണ്ട്. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് , വകുപ്പ് 547 പ്രകാരം സമയബന്ധിതമായി വിഹിതം അടയ്ക്കാഞ്ഞത് ടി കാലയളവിലെ സെക്രട്ടറിയുടേയും സെക്ഷൻ കൈകാര്യം ചെയ്യു ഉദ്യോഗസ്ഥരുടേയും ഉപേക്ഷമൂലമായതിനാൽ പിഴ തുക അവരിൽ നിന്നും ഈടാക്കമെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ടി പിഴ തുക നഗരസഭയുടെ ഫണ്ടിൽ നിന്നും ഇ.പി.എഫിൽ ഒടുക്കുവരുത്തിയതിനാൽ നഗരസഭയ്ക്ക് നഷ്ടമുണ്ടായതായി വ്യക്തമാകുന്നു. ടി അപാകത ചൂണ്ടിക്കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.24/18.12.20) നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല. സമയബന്ധിതമായി ഒടുക്കേണ്ടുന്ന തുകകൾ കാലതാമസം കൂടാതെ ഒടുക്കുവരുത്തുന്നതിനും ഉദ്യോഗസ്ഥരുടേയും ഉപേക്ഷമൂലം നഗരസഭയുടെ മേൽ ചുമത്തപ്പെടുന്ന പിഴകൾ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-33 പങ്കാളിത്ത പെൻഷൻ വിഹിതം ഒടുക്ക് വരുത്തിയില്ല

കോട്ടയം നഗരസഭ റഗുലർ വിഭാഗം ജീവനക്കാരുടെ 2019 ജനുവരി മുതൽ 2019 ജൂൺ വരെയുള്ള 6 മാസത്തെ പങ്കാളിത്ത പെൻഷൻ വിഹിതമായ 33,53,101 രൂപ 16.10.2019 -ാം തീയതിയിലെ 028305-ാം നമ്പർ ചെക്ക് പ്രകാരം ഒടുക്കു വരുത്തിയിട്ടുള്ളതായി കാണുന്നു. ജീവനക്കാരുടെ ലിസ്റ്റ് സ്റ്റേറ്റ്മെന്റ്, ശമ്പള ബിൽ എന്നിവ പരിശോധിച്ചതിൽ നിന്നും ചില ജീവനക്കാരുടെ പെൻഷൻ വിഹിതം ശമ്പളത്തിൽ നിന്നും ഈടാക്കിയിട്ടുണ്ടെങ്കിലും പെൻഷൻ ഫണ്ടിൽ ഒടുക്കുവരുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജീവനക്കാരുടെ പേര്, ഉദ്യോഗപ്പേര് | നഗരസഭ ഒടുക്കേണ്ടിയിരുന്ന പെൻഷൻ വിഹിതം | ആകെ |
|---|---|---|---|

| | | മാസം | തുക | |
|---|---|---|---|---|
| 1 | ധന്യ. എസ് സീനിയർ ക്ലർക്ക് | ഫെബ്രുവരി | 4647 | 24168 |
| | | മാർച്ച് | 4647 | |
| | | ഏപ്രിൽ | 4958 | |
| | | മെയ് | 4958 | |
| | | ജൂൺ | 4958 | |
| 2 | അജികുമാർ .റ്റി സീനിയർ ക്ലർക്ക് | ജനുവരി | 4535 | 28240 |
| | | ഫെബ്രുവരി | 4535 | |
| | | മാർച്ച് | 4647 | |
| | | ഏപ്രിൽ | 4841 | |
| | | മെയ് | 4841 | |
| | | ജൂൺ | 4841 | |
| 3 | ദീപേഷ് രാജ്. എസ് സീനിയർ ക്ലർക്ക് | ജനുവരി | 4647 | 28926 |
| | | ഫെബ്രുവരി | 4647 | |
| | | മാർച്ച് | 4758 | |
| | | ഏപ്രിൽ | 4958 | |
| | | മെയ് | 4958 | |
| | | ജൂൺ | 4958 | |
| | ആകെ | | | 81334 |

കൂടാതെ 2019ജൂലൈ മാസം മുതൽ നവംബർ മാസം വരെയുള്ള പെൻഷൻ വിഹിതം ഒടുക്കുന്നതിനായി തയ്യാറാക്കിയ സ്റ്റേറ്റ്മെന്റിലും ടി ജീവനക്കാരുടെ പെൻഷൻ വിഹിതം ഉൾപ്പെടുത്തിയിട്ടില്ല. ശമ്പളത്തിൽ നിന്നും ഈടാക്കിയ പങ്കാളിത്ത പെൻഷൻ വിഹിതം പെൻഷൻ ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

## 1-34 അങ്കണവാടി പോഷകാഹാര പരിപാടി - നടപടിക്രമങ്ങളിലെ അപാകത

കോട്ടയം നഗരസഭയുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട 7 -ാം നമ്പർ പ്രോജക്റ്റായ അങ്കണവാടി പോഷകാഹാര പരിപാടിയുടെ ഭാഗമായി ഭക്ഷണസാധനങ്ങൾ അങ്കണവാടികളിൽ എത്തിക്കുന്നതിനായി ട്രാൻസ്പോർട്ടേഷൻ ഏറ്റെടുത്തു നടത്തുന്നതിന് ടെണ്ടർ പരസ്യം നൽകിയതിൻ പ്രകാരം 3 ടെണ്ടറുകൾ ലഭിക്കുകയും കുറഞ്ഞ നിരക്കായ , കിലോഗ്രാമിന് 2.70 രൂപ(കയറ്റിറക്കുകൂലി ഉൾപ്പെടെ) ക്വോട്ടു ചെയ്തിട്ടുള്ളതും നിരതദ്രവ്യം ഒടുക്കിയതുമായ (മറ്റു രണ്ടു പേർ നിരതദ്രവ്യം ഒടുക്കിയിട്ടില്ല.) ടെണ്ടർ സമർപ്പിച്ച ശ്രീ.ഓമനക്കുട്ടൻ .സി.കെ, ചതുരത്തുണ്ടിയൽ എന്നയാളുടെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ടിയാൻ 6250 രൂപയുടെ (അടങ്കൽ തുകയുടെ 2.5%) ഡിമാന്റ് ഡ്രാഫ്റ്റ് (നം.495972/ തീയതി.05.07.2019) ടെൻഡറിനോടൊപ്പം സമർപ്പിച്ചിരുന്നു. നം.ICDS/PLM ADL/192/18 നമ്പരായ ടെൻഡർ പരസ്യത്തിൽ, ടെൻഡർ അംഗീകരിച്ച കിട്ടിയ വ്യക്തി നിശ്ചിത മാതൃകയിൽ 200 രൂപ മുദ്രപത്രത്തിൽ എഗ്രിമെന്റ് ചെയ്യേണ്ടതും അടങ്കൽ തുകയുടെ 5% സെക്യൂരിറ്റി ഡെപ്പോസിറ്റായി പള്ളം അഡീഷണൽ ശിശുവികസന ഓഫീസറുടെ പേരിൽ മാറാവുന്ന ഡി.ഡി യായി സമർപ്പിക്കേണ്ടതുമാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ എഗ്രിമെന്റ് വച്ചതിന്റെ രേഖകളോ സെക്യൂരിറ്റി ഡെപ്പോസിറ്റ് സമർപ്പിച്ചതിന്റെ രേഖകളോ ഫയലിൽ ലഭ്യമായിരുന്നില്ല. 15.04.21 ൽ രേഖകൾ ഹാജരാക്കണമെന്നാവശ്യപ്പെട്ട് നൽകിയ 64 -ാം നമ്പർ എൻക്വയറിയ്ക്ക് മറുപടിയായി കരാറിന്റെ പകർപ്പ് സമർപ്പിച്ചിരുന്നു. ടി കരാർ തയ്യാറാക്കിയ മുദ്രപത്രത്തിലെ സീൽ പ്രകാരം ടി എഗ്രിമെന്റ് 2021 ഏപ്രിൽ മാസത്തിൽ തയ്യാറാക്കിയതാണെന്ന് വ്യക്തമാണ്. 2019 – 20 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ പദ്ധതിയുടെ കരാർ ഓഡിറ്റ് ആവശ്യപ്പെട്ടതിന് ശേഷം തയ്യാറാക്കുന്നത് തെറ്റായ നടപടിക്രമമാണ്. കൂടാതെ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഒടുക്കുന്നതിന് സാമ്പത്തിക ബുദ്ധിമുട്ടുള്ളതിനാൽ നിരതദ്രവ്യം സെക്യൂരിറ്റി ഡെപ്പോസിറ്റ് തുകയായി സ്വീകരിക്കണമെന്ന കരാറുകാരന്റെ അപേക്ഷ അംഗീകരിച്ചതാണ് എന്നാണ് നിർവ്വഹണോദ്യോഗസ്ഥ വ്യക്തമാക്കിയിട്ടുള്ളത്. നിരതദ്രവ്യത്തിനും സെക്യൂരിറ്റി ഡെപ്പോസിറ്റിനും വ്യത്യസ്ത നിരക്കാണ് നിഷ്കർഷിക്കുന്നത് എന്നതിനാൽ ഈ നടപടി

ക്രമാനുസൃതമല്ല. നടപടിക്രമങ്ങൾ പാലിക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥർ കൃത്യത പുലർത്തേണ്ടതാണ്.

## 1-35 നാട്ടകം പി എച്ച് സിയ്ക്ക് മരുന്നുകളും ഉപകരണങ്ങളും ലഭ്യമാകാനവശേഷിക്കുന്നു

2019 – 20 സാമ്പത്തികവർഷത്തിൽ നാട്ടകം പി.എച്ച്.സിയ്ക്ക് മരുന്നുകളും ഉപകരണങ്ങളും വാങ്ങുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിരുന്നു. ടി പദ്ധതി പ്രകാരം മരുന്നുകളുടെയും ഉപകരണങ്ങളുടേയും വില കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ (KMSCL) 3624001800000019 (പഞ്ചാബ് നാഷണൽ ബാങ്ക്) എന്ന അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകളും ഉപകരണങ്ങളും ലഭ്യമായതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | പ്രോജക്ടിന്റെ വിവരങ്ങൾ | തുക നല്കിയ സ്ഥാപനം | ഇൻവോയിസ് നമ്പരും തീയതിയും | നൽകിയ തുക | ബിൽനമ്പരും തീയതിയും |
|---|---|---|---|---|---|
| 1 | 105/ പാലിയേറ്റീവ് കെയർ | KMSCL | PRF2571/ 20.11.19 | 47634 | CB No.16/19-20/ 27.01.20 |
| 2 | 106/ മരുന്ന് വാങ്ങൽ | KMSCL | PRF630/ 07.08.19 | 300000 | CB No.5/19-20/ 31.09.19 |
| | | KMSCL | PRF630/ 07.08.19 | 240000 | CB No.6/19-20/ 31.09.19 |

ലഭ്യമാകാൻ അവശേഷിക്കുന്ന മരുന്നുകളുടേയും ഉപകരണങ്ങളുടേയും വിശദാംശങ്ങൾ ആവശ്യപ്പെട്ട് എൻക്വയറി (നം.66 / 21.04.21)നൽകിയെങ്കിലും നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല. പി.എച്ച്.സി യുടെയും പാലിയേറ്റീവ് കെയറിന്റെയും ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കാത്തത് ഈ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നതാണ്. ടി വിഷയത്തിലേക്ക് ഭരണസമിതിയും ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും അടിയന്തിരമായി ശ്രദ്ധപതിപ്പിക്കുകയും മരുന്നുകൾ യഥാസമയം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. മുൻവർഷങ്ങളിൽ മേൽ അപാകതകൾ ഒഴിവാക്കണമെന്ന് ഓഡിറ്റ് നിർദ്ദേശിച്ചെങ്കിലും ഇത്തരം പ്രവണതകൾ ആവർത്തിക്കുന്നതായി കണ്ടുവരുന്നു.

## 1-36 സെക്രട്ടറിയുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും സഞ്ചിത നിധിയിലേക്ക് അടവാക്കുന്നില്ല

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 48(3) പ്രകാരം നഗരസഭ സെക്രട്ടറിക്ക് ഒരു സർക്കാർ ഉദ്യോഗസ്ഥൻ എന്ന നിലയിൽ ശമ്പളവും അലവൻസുകളും സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ നിന്ന് കൊടുക്കേണ്ടതും, സെക്രട്ടറിക്ക് കൊടുക്കുന്ന മുഴുവൻ ശമ്പളവും അലവൻസുകളും അവധിക്കാല ശമ്പളത്തിനും പെൻഷനും ആവശ്യമുള്ളയിടത്തോളം അംശദായങ്ങളും നഗരസഭ തനതു ഫണ്ടിൽ നിന്ന് മാസം തോറും സംസ്ഥാന ഫണ്ടിലേക്ക് അടക്കേണ്ടതാണ്. എന്നാൽ ടി ഇനത്തിൽ കോട്ടയം നഗരസഭയിൽ നിന്നും തുക ഒടുക്കുന്നില്ല. സംസ്ഥാന ഫണ്ടിലേക്ക് അവസാനമായി തുക അടച്ച തീയതി, ഒടുക്കുവാനവശേഷിക്കുന്ന തുകയുടെ വിവരങ്ങൾ, തുക ഒടുക്കാത്തതിന്റെ കാരണം എന്നിവ ആരാഞ്ഞു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12/29.09.20) നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല. 2017 ജൂൺ മുതൽ 2020 സെപ്റ്റംബർ വരെയുള്ള കുടിശ്ശിക തുക സംസ്ഥാന ഫണ്ടിലേക്ക് ഒടുക്കുന്നതിനായി 18.01.2021 ലെ കൗൺസിലിൽ തീരുമാനമെടുത്തിരുന്നെങ്കിലും (7-ാം നമ്പർ ) നാളിതുവരെ ഒടുക്കിയിട്ടില്ല. സെക്രട്ടറിയുടെ ശമ്പളം സഞ്ചിത നിധിയിലേക്ക് തിരികെ അടവാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 1-37 ഗുണഭോക്തൃവിഹിതമിനത്തിലുള്ള 2,03,91,063/- രൂപയുടെ വിശദാംശങ്ങൾ ലഭ്യമല്ല

ഗുണഭോക്തൃവിഹിതമിനത്തിൽ വിവിധ വർഷങ്ങളിലായി ലഭ്യമായ 2,03,91,063/- രൂപ തനത് ഫണ്ടിൽ ശേഷിക്കുന്നതായി വാർഷികധനകാര്യ പത്രിക ഷെഡ്യൂൾ ബി.4ൽ നിന്നും വ്യക്തമാകുന്നു. തൻവർഷം ഗുണഭോക്തൃവിഹിതമിനത്തിൽ ലഭ്യമായത് 2,69,949/-രൂപയും ചെലവഴിക്കപ്പെട്ടത് 2,82,925/- രൂപയുമാണെന്നാണ് വാർഷിക ധനകാര്യപത്രികയിൽ നിന്നും വ്യക്തമാകുന്നത്. മുൻവർഷങ്ങളിൽ ലഭ്യമായ ഗുണഭോക്തൃവിഹിതം സംബന്ധിച്ച യാതൊരു രേഖകളും മുനിസിപ്പാലിറ്റിയിൽ ലഭ്യമല്ല. ഏതേത് പ്രോജക്ടുകൾക്കായി ഏതൊക്കെ വർഷങ്ങളിൽ പിരിച്ചെടുത്തതാണ്, ഇവ വിനിയോഗിക്കപ്പെടാതിരുന്നതിനുള്ള സാഹചര്യം എന്നിവ വിശദമാക്കാനാവശ്യപ്പെട്ട് 27.01.2021 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.47ന് നാളിതുവരെ മറുപടി

ലഭ്യമാക്കിയിട്ടില്ല. ഈ തുകയുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും തിരികെ നൽകുവാനവശേഷിക്കുന്നതാണെങ്കിൽ അർഹതപ്പെട്ടവർക്ക് തിരികെ നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-38 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി 2019-20

തൻവർഷം പ്രസ്തുത പദ്ധതി പ്രകാരം മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ ഭവന നിർമ്മാണം, സ്കൂൾ പരിസരം വൃത്തിയാക്കൽ, ക്ഷീര കർഷകർക്ക് ധനസഹായം എന്നീ പ്രവർത്തികളാണ് നടപ്പിലാക്കിയത്. തൻവർഷം രജിസ്റ്റർ ചെയ്ത 290 കുടുംബങ്ങൾക്കും തൊഴിൽകാർഡ് ലഭിച്ചു. ആകെ 135 പ്രവൃത്തികൾ പൂർത്തീകരിക്കുകയുണ്ടായി. 39 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനങ്ങൾ ലഭിച്ചു. ക്യാഷ് ബുക്ക് പ്രകാരമുള്ള തൻവർഷത്തെ വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| വർഷം | പ്രാരംഭ ബാക്കി | വരവ് | പലിശ | ആകെ | ചെലവ് | | | | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|---|---|
| | | | | | വേതനം | വാടക | ഭരണച്ചെലവ് | ആകെ | |
| 2019-20 | 7407251 | 0 | 178759 | 7586010 | 6921594 | 37411 | 490662 | 7449667 | 136343 |

## 1-39 ഹരിതകർമ്മസേന – പ്രവർത്തനാവലോകനം

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും പരിധിയിൽ വരുന്ന ഭൂപ്രദേശത്തെ മാലിന്യമുക്തമാക്കുന്നതിനായി ഹരിതകേരളമിഷൻ കുടുംബശ്രീ, ക്ലീൻ കേരള കമ്പനി, മാലിന്യനിയന്ത്രണ ബോർഡ് എന്നിവ സംയോജിച്ച് നടപ്പിലാക്കുന്ന പദ്ധതിയുടെ ഭാഗമാണ് ഹരിതകർമ്മസേന. അജൈവമാലിന്യം ശേഖരിക്കുക, ജൈവമാലിന്യം ഉറവിടത്തിൽ സംസ്കരിക്കുക, ജൈവകൃഷി പ്രോത്സാഹിപ്പിക്കുക, ആരോഗ്യബോധവൽക്കരണം, പരിസ്ഥിതി സംരക്ഷണം എന്നീ ലക്ഷ്യത്തോടെ നടപ്പിലാക്കി വരുന്ന നൂതന സംരഭമാണ് ഹരിതകർമ്മസേന. ഹരിതകേരള മിഷന്റെ മാലിന്യ രഹിത കേരളം എന്ന കാമ്പയിന്റെ ഭാഗമായാണ് ഹരിതകർമ സേന തൊഴിൽ സംരഭക ഗ്രൂപ്പകൾ രൂപീകരിക്കുന്നത്. മാലിന്യനിർമ്മാർജ്ജനത്തോടൊപ്പം സംരഭകത്വശേഷി വികസനവും പ്രാപ്തമാക്കുന്നവിധമാണ് ഈ തൊഴിൽ സംരഭം വിഭാവനം ചെയ്തിരിക്കുന്നത്. 15.07.2017 ലെ 2420/2017/ത.സ്വ.ഭ.വ. മാർഗ്ഗരേഖ പ്രകാരം ഹരിത കർമ്മ സേനയ്ക്ക് വാർഡുകളിൽ നിന്നും മാലിന്യ ശേഖരണത്തിനായി യൂസർ ഫീസ്, അജൈവ മാലിന്യം ക്ലീൻ കേരള കമ്പനിക്ക് നൽകുന്നതിലൂടെ വരുമാനം, ആഘോഷങ്ങളും ഉത്സവങ്ങളും മറ്റ് പരിപാടികളും ഗ്രീൻ പ്രോട്ടോക്കോൾ പ്രകാരം ഏറ്റെടുത്ത് നടപ്പാക്കുന്നതിലൂടെയുള്ള വരുമാനം, ഹരിത ഉപകരണങ്ങളുടെ വിൽപ്പനയും സർവ്വീസും, പൊതു മാലിന്യ സംവിധാനങ്ങളുടെ നടത്തിപ്പ്, കാർഷിക സേനയായി പ്രവർത്തിക്കുന്നതിൽ നിന്നുള്ള വരുമാനം എന്നിങ്ങനെ വിവിധങ്ങളായ വരുമാന സ്രോതസ്സുകൾ വിഭാവനം ചെയ്തിട്ടുണ്ട്.

കോട്ടയം നഗരസഭയിൽ മാലിന്യ സംസ്കരണം, അജൈവമാലിന്യ ശേഖരണം, ഹരിതകർമ്മസേനാരൂപീകരണവും പ്രവർത്തനവും എന്നീ വിഷയങ്ങളെ ആസ്പദമാക്കി ഹെൽത്ത് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക | ചെലവ് തുക |
|---|---|---|---|---|
| 1 | 582/19-20 | മാലിന്യ സംസ്കരണം (പ്ലാസ്റ്റിക്കേതര അജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് അംഗീകൃത ഏജൻസി നൽകുന്ന ചെലവ്) | 2000000 (ധനകാര്യ കമ്മീഷൻ അവാർഡ്) | 1999220 |
| 2 | 241/19-20 | ഹരിതസഹായ സ്ഥാപനം നടത്തിപ്പ് ചെലവ്( ക്ലീൻ കേരള കമ്പനിയ്ക്ക് വിഹിതം | 1387925 (പൊതുവിഭാഗം സാധാരണ വിഹിതം) | 417000 |

| | | | | |
|---|---|---|---|---|
| | | നൽകൽ) | | |
| 3 | 519/19-20 | ഹരിതസഹായ സ്ഥാപനം നടത്തിപ്പ് ചെലവ് | 430900 (ധനകാര്യ കമ്മീഷൻ അവാർഡ്) | 214777 |

കൂടാതെ 2019 മെയ് മാസം മുതൽ 2020 ഒക്ടോബർ മാസം വരെ 398750 രൂപ തനതു ഫണ്ടിൽ നിന്നും വാഹന വാടക ഇനത്തിൽ ചെലവായിട്ടുണ്ട്. എന്നാൽ യൂസർഫീ കളക്ഷൻ അല്ലാതെ ഹരിതകേരളമിഷൻ വിഭാവനം ചെയ്ത മറ്റ് വരുമാന സ്രോതസ്സുകൾ കണ്ടെത്താൻ ഹരിതകർമ്മ സേനയ്ക്ക് നാളിതുവരെ സാധിച്ചിട്ടില്ല. 850 കിലോയോളം റീ സൈക്കിളിബിൾ മാലിന്യം കേരള കമ്പനിയ്ക്ക് കൈമാറുകയും ആയതിന് 3484 രൂപയുടെ ചെക്ക് ക്ലീൻ കേരള കമ്പനി നൽകിയിട്ടുണ്ട്. പ്രവർത്തനം ആരംഭിച്ചിട്ട് 2 വർഷമായെങ്കിലും ശൈശവാവസ്ഥയിലെ പ്രവർത്തനങ്ങളിൽ നിന്നും മുന്നോട്ടുപോകാൻ ഹരിതകർമ്മസേനയ്ക്ക് കഴിഞ്ഞിട്ടില്ല. ഈ നില തുടർന്നാൽ സ്വയംസംരഭകശേഷി കൈവരിക്കാൻ ഹരിതകർമ്മസേനയ്ക്ക് സാധിക്കുകയില്ല. ഹരിതകർമ്മസേനാ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ചില അപാകതകൾ ചുവടെ ചേർക്കുന്നു.

ഹരിത സഹായ സ്ഥാപനത്തിന്റെ പ്രവർത്തനം തൃപ്തികരമല്ല.

ഹരിതകർമ്മസേനയുടെ പ്രവർത്തനം ഏകോപിപ്പിക്കാൻ സർക്കാർ നിർദ്ദേശപ്രകാരം റോയൽ അസോസിയേറ്റ്സ് എന്ന സ്ഥാപനത്തെയാണ് ഹരിത കേരള മിഷൻ ചുമതലപ്പെടുത്തിയത്. 28.05.2018 മുതൽ പ്രാരംഭ നടപടികൾ തുടങ്ങുകയും 14.02.2019 ൽ ഹരിതകർമ്മസേന പ്രവർത്തനമാരംഭിക്കുകയും ചെയ്തിട്ടുണ്ട്. അജൈവമാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതോടൊപ്പം മാലിന്യ ശേഖരണ രീതിയെക്കുറിച്ചും, ഉറവിട മാലിന്യ സംസ്കരണത്തെക്കുറിച്ചും ജനങ്ങളിൽ കൃത്യമായ അവബോധം സൃഷ്ടിക്കുക, മാലിന്യങ്ങളുടെ യഥാവിധ നിർമ്മാർജ്ജനം ഉറപ്പുവരുത്തുക, മാലിന്യ നിർമ്മാർജ്ജനത്തോടൊപ്പം അനുബന്ധ ഉൽപ്പാദന സാധ്യതകളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുക തുടങ്ങി ഒട്ടേറെ ചുമതലകൾ ഹരിതകർമ്മസേന സംരഭകർ നിർവ്വഹിക്കേണ്ടതുണ്ട്. ടി ചുമതലകൾ നിർവ്വഹിക്കുന്നതിന് ഹരിതകർമ്മസേനയെ പ്രാപ്തരാക്കുക, ആവശ്യമായ പരിശീലനം നൽകുക, മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക എന്നതാണ് റോയൽ അസോസിയേറ്റ്സ് എന്ന ഹരിത സഹായ സ്ഥാപനത്തിൽ നിക്ഷിപ്തമായ കർത്തവ്യം. 2019-20 സാമ്പത്തിക വർഷം റോയൽ അസോസിയേറ്റ്സിന് നൽകിയ തുകയുടെ വിശദാംശങ്ങൾ.

പ്രോജക്ട് നം. - 519/2019-20

| ക്രമനമ്പർ | ബിൽ നമ്പരും തീയതിയും | തുക |
|---|---|---|
| 1 | 19080147001300186912, 05.04.19 | 56741 |
| 2 | 19080147001300396378, 27.07.19 | 50630 |
| 3 | 19080147001300680557, 14.10.19 | 53703 |
| 4 | 19080147001300868380, 26.11.19 | 53703 |
| | ആകെ | 214777 |

എന്നാൽ രൂപീകൃതമായിട്ട് 2 വർഷം കഴിഞ്ഞിട്ടും ഉറവിട മാലിന്യസംസ്കരണ പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിന് ഫലപ്രദമായ പ്രവർത്തനം നടത്തുന്നതിനോ ഹരിതകർമ്മസേനാ സംരഭത്തിന് വരുമാനദായകമായ മറ്റ് മേഖലകളിലേയ്ക്ക് പ്രവർത്തനം വിപുലപ്പെടുത്തുന്നതിന് ഉതകുന്ന രീതിയിൽ പരിശീലനം നൽകുന്നതിനോ ടി സ്ഥാപനത്തിന് സാധിച്ചിട്ടില്ല. സ്ഥാപനത്തിന്റെ പ്രവർത്തനം പൂർണ്ണതോതിൽ തൃപ്തികരമല്ലാത്തതിനാൽ പുതിയ ഏജൻസിയെ തെരഞ്ഞെടുക്കുന്നതിന് കൗൺസിലിലേക്ക് ശുപാർശ ചെയ്തിട്ടുണ്ടെന്നാണ് ഓഡിറ്റ് എൻക്വയറിയ്ക്ക് (നം74/19-20/13.08.21) മറുപടി നൽകിയിരിക്കുന്നത്. ഹരിതസഹായ സ്ഥാപനത്തിന്റെ പ്രവർത്തനം കൃത്യമായി വിലയിരുത്താൻ ആരോഗ്യസ്റ്റാൻഡിംഗ് കമ്മറ്റികളും നിർവ്വഹണ ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

ഹരിതകർമ്മ സേന പ്രവർത്തനം - രേഖകൾ ഹാജരാക്കിയിട്ടില്ല

കോട്ടയം നഗരസഭയിലെ 52 വാർഡുകളിലായി 104ഹരിതകർമ്മസേന പ്രവർത്തകരാണ് പ്രാരംഭഘട്ടത്തിൽ ഉണ്ടായിരുന്നത്. നിലവിൽ 60 ൽ താഴെ അംഗങ്ങൾ മാത്രമേ പ്രവർത്തകരായുള്ളൂ. 2019 ജൂൺ മാസം മുതൽ അജൈവ മാലിന്യങ്ങൾ വീടുകളിൽ നിന്നും ശേഖരിച്ച് തുടങ്ങുകയും കോടിമതയിലുള്ള എം.സി.എഫിൽ (Material Collection

Facility) എത്തിക്കുകയും ചെയ്തു. അജൈവ മാലിന്യശേഖരണത്തിനായി വീടുകളിൽ നിന്ന് 60 രൂപയും സ്ഥാപനങ്ങളിൽ നിന്നും 150 രൂപയുമാണ് ഈടാക്കുന്നത്. ടി പ്രവർത്തനങ്ങളുടെ മേൽനോട്ടം റോയൽ അസോസിയേറ്റ്സിനെയാണ് കൗൺസിൽ ചുമതലപ്പെടുത്തിയിട്ടുള്ളത്. ആയതിന് പ്രതിമാസം 53703 രൂപ ടി സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഹരിതകർമ്മ സേനാംഗങ്ങൾക്ക് പ്രതിമാസം 6000 രൂപയാണ് ഓണറേറിയമായി നൽകിയിട്ടുള്ളത്.

പദ്ധതി പ്രകാരം 2019-20 സാമ്പത്തിക വർഷത്തിൽ ചെലവായ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്റ്റ് നം. - 582/2019-20

| ക്രമനമ്പർ | ബിൽ നമ്പരും തീയതിയും | തുക | ചെലവിനം |
|---|---|---|---|
| 1 | 19080147001300186916, 05.04.19 | 210000 | ഹരിതകർമ്മസേനാംഗങ്ങളുടെ ഓണറേറിയം |
| 2 | 19080147001300186941, 05.04.19 | 42000 | ഹരിതകർമ്മസേനാംഗങ്ങളുടെ ഓണറേറിയം |
| 3 | 19080147001300186937, 05.04.19 | 48000 | ഹരിതകർമ്മസേനാംഗങ്ങളുടെ ഓണറേറിയം |
| 4 | 19080147001300186919, 05.04.19 | 126000 | ഹരിതകർമ്മസേനാംഗങ്ങളുടെ ഓണറേറിയം |
| 5 | 19080147001300402399, 29.07.19 | 402000 | ഹരിതകർമ്മസേനാംഗങ്ങളുടെ ഓണറേറിയം |
| 6 | 19080147001300556474, 06.09.19 | 402000 | ഹരിതകർമ്മസേനാംഗങ്ങളുടെ ഓണറേറിയം |
| 7 | 19080147001300767863, 01.11.19 | 186000 | ഹരിതകർമ്മസേനാംഗങ്ങളുടെ ഓണറേറിയം |
| 8 | 19080147001300767860, 01.11.19 | 305000 | ഹരിതകർമ്മസേനാംഗങ്ങളുടെ ഓണറേറിയം |
| 9 | 19080147001301335448, 25.02.20 | 49000 | ഹരിതകർമ്മസേനാംഗങ്ങളുടെ ഓണറേറിയം |
| 10 | 19080147001300186839, 05.04.19 (പ്രോജക്റ്റ് നം. - 582/2019-20) | 229220 | ഹരിതകർമ്മസേനാ പ്രവർത്തനങ്ങളുടെ ഭാഗമായി ലഘു ലേഖകൾ, നോട്ടീസുകൾ എന്നിവ അച്ചടിച്ചതിന് ഗുഡ് ഹോപ് ഓഫ്സെറ്റ് പ്രിന്റേഴ്സിനും (109620രൂപ) ഓവർകോട്ട്, തൊപ്പി എന്നിവ തയ്ച്ച് നൽകിയതിന് അമല ഗാർമെന്റ്സിനും (119600രൂപ) നൽകിയ തുക |
| | ആകെ | 1999220 | |

പ്രോജക്റ്റ് നം. - 241/19-20

| ക്രമനമ്പർ | ബിൽ നമ്പരും തീയതിയും | തുക | ചെലവിനം |
|---|---|---|---|
| 1 | 19080147001301425350, 06.03.20 | 48000 | ഹരിതകർമ്മസേനാംഗങ്ങളുടെ ഓണറേറിയം |

| | | | |
|---|---|---|---|
| 2 | 19080147001301425353, 06.03.20 | 47000 | ഹരിതകർമ്മസേനാംഗങ്ങളുടെ ഓണറേറിയം |
| 3 | 19080147001301425356, 06.03.20 | 47000 | ഹരിതകർമ്മസേനാംഗങ്ങളുടെ ഓണറേറിയം |
| 4 | 19080147001301425380, 06.03.20 | 47000 | ഹരിതകർമ്മസേനാംഗങ്ങളുടെ ഓണറേറിയം |
| 5 | 19080147001301425359, 06.03.20 | 50000 | ഹരിതകർമ്മസേനാംഗങ്ങളുടെ ഓണറേറിയം |
| 6 | 19080147001301425364, 06.03.20 | 50000 | ഹരിതകർമ്മസേനാംഗങ്ങളുടെ ഓണറേറിയം |
| 7 | 19080147001301425368, 06.03.20 | 44000 | ഹരിതകർമ്മസേനാംഗങ്ങളുടെ ഓണറേറിയം |
| 8 | 19080147001301425376, 06.03.20 | 36000 | ഹരിതകർമ്മസേനാംഗങ്ങളുടെ ഓണറേറിയം |
| 9 | 19080147001301425372, 06.03.20 | 48000 | ഹരിതകർമ്മസേനാംഗങ്ങളുടെ ഓണറേറിയം |
| | ആകെ | 417000 | |

ഹരിതകർമ്മ സേനാംഗങ്ങൾക്ക് പ്രതിമാസം ഓണറേറിയം നൽകിയ വകയിൽ 2019-20 സാമ്പത്തിക വർഷം 21,87,000 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിനാധാരമായി ഹരിത കർമ്മ സേനാംഗങ്ങൾ ജോലി ചെയ്തതിനുള്ള മസ്റ്റർ റോൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. മസ്റ്റർ റോൾ, ബാങ്ക് പാസ്സ് ബുക്ക്, ക്യാഷ് ബുക്ക്, മിനിട്സ് ബുക്ക്, സ്റ്റോക്ക് രജിസ്റ്റർ, ഫയലുകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കുവാനാവശ്യപ്പെട്ട് കൊണ്ട് ഓഡിറ്റ് എൻക്വയറി (നം.73/19-20 /23-07-2021, നം74/19-20/13.08.21) നൽകിയിരുന്നെങ്കിലും ഫയലുകൾ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. മസ്റ്റർ റോൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ ഓണറേറിയം നൽകിയ തുകയുടെ ആധികാരികത പരിശോധന വിധേയമാക്കുവാൻ സാധിച്ചിട്ടില്ല. കൂടാതെ ക്യാഷ് ബുക്ക്, മിനിട്സ് ബുക്ക്, എം.സി.എഫ്ൽ നിന്നും ആർ.ആർ.എഫിലേക്ക് എത്തിക്കുന്ന അജൈവമാലിന്യങ്ങളുടെ തരംതിരിച്ചുള്ള അളവുകൾ രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ, ബാങ്ക് പാസ്സ് ബുക്ക്, എന്നിവയും ഹാജരാക്കാത്തതിനാൽ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

യൂസർ ഫീസ് - കോർപ്പസ് ഫണ്ട് സമാഹരിക്കുന്നില്ല.

14.02.2019 ൽ ഹരിതകർമ്മസേനാ പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നെങ്കിലും 27.11.19 ൽ മാത്രമാണ് ഹരിത കൺസോർഷ്യം രൂപീകരിച്ചത്. 10 സേനാംഗങ്ങൾ വീതമുള്ള 10 ഗ്രൂപ്പുകളായി തരം തിരിച്ച് അതിൽ നിന്നും 7 പേരടങ്ങുന്നതാണ് കോട്ടയം നഗരസഭയിൽ പ്രവർത്തിക്കുന്ന ഹരിത കൺസോർഷ്യത്തിന്റെ ഘടന. ഹരിത സംരഭക ഗ്രൂപ്പുകൾ തദ്ദേശസ്ഥാപനം നിർദ്ദേശിക്കുന്ന രീതിയിൽ യൂസർഫീസ് ശേഖരിച്ച് 10% കോർപ്പസ് ഫണ്ട് ഹരിതകൺസോർഷ്യത്തിൽ അടച്ച് ബാക്കി തുക സംരഭകർ വീതിച്ചെടുക്കുന്നതാണ് മാർഗ്ഗരേഖ പ്രകാരം പ്രായോഗികമായ യൂസർഫീ സമാഹരണ രീതി. ഹരിതകർമ്മ സംരഭകർക്ക് വരുന്ന സാമ്പത്തിക ആവശ്യങ്ങൾ പരിഹരിക്കുന്നതിന് ഹരിതസംരഭകരുടെ ക്ഷേമത്തിനുമായി ഈ തുക ഉപയോഗിക്കാവുന്നതാണ്. ഹരിതകർമ്മ സേനാംഗങ്ങൾക്ക് ആഘോഷങ്ങൾക്ക് ബോണസ് നൽകുന്നതിനും ലോൺ നൽകുന്നതിനും, മെഡിക്കൽ ഇൻഷുറൻസ് നൽകുന്നതിനും, സേനാംഗങ്ങളുടെ യോഗങ്ങൾ സംഘടിപ്പിക്കുന്നതിനും, ഓഡിറ്റ് നടത്തുന്നതിനായി കാസിന് (KAASS - Kudumbasree Accounting And Auditing Service Society) നല്കുന്നതിനും ഈ ഫണ്ട് ഉപയോഗപ്പെടുത്താം. ടി ഫണ്ട് വിവരങ്ങൾ ഹരിതകൺസോർഷ്യം സെക്രട്ടറി പ്രത്യേകം രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണ്. കോട്ടയം നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന ഹരിതകൺസോർഷ്യം കോർപ്പസ് ഫണ്ട് സമാഹരിക്കുന്നില്ല. ഹരിതകൺസോർഷ്യവുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ ഒന്നും തന്നെ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഹരിതകർമ്മസേനാംഗങ്ങൾ യൂസർ ഫീ ഇനത്തിൽ നഗരസഭയുടെ ഫണ്ടിൽ 12.12.2019 വരെ ഒടുക്കിയ തുകയുടെ വിശദാംശങ്ങൾച്ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ഓഫീസ് | നഗരസഭ ഫണ്ടിൽ ഒടുക്കിയ തുക |
|---|---|---|
| 1 | മെയിൻ ഓഫീസ് - | 257676 |
| 2 | കുമാരനെല്ലൂർ മേഖല | 170434 |

| | | |
|---|---|---|
| 3 | നാട്ടകം മേഖല | 101388 |
| 4 | തിരുവാതുക്കൽ മേഖല | 72892 |
| 5 | കഞ്ഞിക്കുഴി മേഖല | 24000 |
| | ആകെ | 626390 |

യൂസർ ഫീ ഇനത്തിൽ ലഭിച്ച ടി തുകയിൽ നിന്നും 518000 രൂപ ഹരിതകർമ്മസേനാംഗങ്ങളുടെ ഓണറേറിയം ഇനത്തിൽ നൽകുകയും ബാക്കി തുക 108390 രൂപ ഹരിത കൺസോർഷ്യത്തിനായി രൂപീകരിച്ച അക്കൗണ്ടിൽ(നം.0037053000028607, സൗത്ത് ഇന്ത്യൻ ബാങ്ക്) നിക്ഷേപിച്ചിട്ടുണ്ടെന്നും ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.74/19-20/13.08.21) നൽകിയ മറുപടിയിൽ പറഞ്ഞിട്ടുണ്ടെങ്കിലും ബാങ്ക് പാസ്സ്ബുക്ക് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ലാത്തതിനാൽ തുകയുടെ ആധികാരികത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

വയബിലിറ്റി ഗ്യാപ് ഫണ്ട്, ഹരിതകർമ്മസേന പ്രവർത്തനചെലവുകൾ, ഹരിത സഹായസ്ഥാപന ഫീസ് എന്നീ ചെലവുകൾക്ക് അനുവദിക്കുന്ന തുക ഓരോ പ്രദേശത്തെയും മാലിന്യത്തിന്റെ അളവ് അടിസ്ഥാനപ്പെടുത്തി നിശ്ചയിക്കണമെന്ന് 19.05.18 ലെ സർക്കാർ ഉത്തരവ് (സാധാ)നം. 1391/2018/തസ്വഭവ ൽ നിഷ്കർഷിച്ചിട്ടുണ്ട്. ഇത് പ്രകാരം 23.05.18 ൽ ഹരിതകേരളമിഷൻ പുറപ്പെടുവിച്ചിരിക്കുന്ന ഉത്തരവ് നമ്പർ എച്ച്.കെ.എം/എ2/1218/2017 ൽ നഗരസഭയിലെ ഓരോ വാർഡുകളിലേയും വീടുകളുടെ എണ്ണത്തിന് ആനുപാതികമായി (46350/1200 * നിലവിലുള്ള വീടുകളും സ്ഥാപനങ്ങളുടെ എണ്ണം) കണക്കാക്കി ഓരോ വാർഡുകൾക്കും തുക അനുവദിക്കണമെന്നും വീടുകളുടേയും സ്ഥാപനങ്ങളുടെ എണ്ണം കൂടുന്ന സാഹചര്യത്തിലും പരമാവധി തുകയായി നിശ്ചയിച്ച 46350 രൂപയിൽ അധികരിക്കാൻ പാടില്ലായെന്നും നിഷ്കർഷിക്കുന്നു. എന്നാൽ കോട്ടയം നഗരസഭയിലെ ഓരോ വാർഡുകളിലെയും അജൈവമാലിന്യങ്ങൾ ശേഖരിക്കുന്ന ആകെ വീടുകളുടെ എണ്ണം ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ അനുവദിച്ചിരിക്കുന്ന വയബിലിറ്റി ഗ്യാപ് ഫണ്ടിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

ഹരിത കർമ്മസേന പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് ഇതുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ തങ്ങളുടെ ചുമതലകൾ കൃത്യതയോടെ പൂർത്തീകരിക്കേണ്ടതുണ്ട്. 15.07.2017 ലെ ഉത്തരവ് നം.2420/2017തസ്വഭവ പ്രകാരമുള്ള രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്. ടി ഉത്തരവ് പ്രകാരം നിർദ്ദേശിച്ചിട്ടുള്ള ചുമതലകൾ കൃത്യമായി നടപ്പിലാക്കിയാൽ മാത്രമേ 'മാലിന്യ രഹിത കേരളം' എന്ന പദ്ധതി ലക്ഷ്യം കൈവരിക്കുകയുള്ളൂ. കൂടാതെ മാർഗ്ഗരേഖ പ്രകാരം മാലിന്യസംസ്കരണം എന്നതിൽ നിന്നും ഒരു സംരംഭക മേഖലയായി ഹരിതസേനയെ ഉയർത്തുക എന്ന ലക്ഷ്യം കൈവരിക്കാൻ ഈ പദ്ധതിയ്ക്ക് സാധിച്ചിട്ടില്ലായെന്ന് വ്യക്തമാണ്.

സേനയുടെ ശുചിത്വപ്രവർത്തനങ്ങളും നിർദ്ദേശങ്ങളും ഗ്രാമസഭകളിൽ ചർച്ച ചെയ്യുകയും അഭിപ്രായങ്ങൾ സ്വരൂപിക്കുകയും മാലിന്യ സംസ്കരണ പദ്ധതിയിൽ പങ്കാളികളാകുന്നതിന്റെ ആവശ്യകതയെപ്പറ്റി ജനങ്ങളെ ബോധവൽക്കരിക്കുകയും ചെയ്യുക. ഹരിത കർമ്മസേന, ഹരിത കൺസോർഷ്യം എന്നിവയുടെ പ്രവർത്തനങ്ങൾ ഫലപ്രദമായി യഥാസമയം മോണിട്ടർ ചെയ്യേണ്ടതും ഹരിത സംരംഭകർക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി സംരംഭകത്വത്തിൽ നിന്നും സേവനങ്ങൾ നൽകുന്നതിൽ നിന്നുമുള്ള വരുമാനം കൂടി ലഭ്യമാക്കാൻ സംരംഭകരെ പ്രാപ്തമാക്കേണ്ടതും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്വമാണ്. അപാകതകൾ പരിഹരിച്ച് പദ്ധതി ലക്ഷ്യം കൈവരിക്കാൻ ഭരണസമിതിയും ബന്ധപ്പെട്ട ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റിയും നിർവ്വഹണ ഉദ്യോഗസ്ഥരും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 28 ലക്ഷം രൂപ ചെലവഴിച്ച കോടിമതയിൽ നിർമ്മിച്ച ഉണക്കമീൻ മാർക്കറ്റ് ഉപയോഗിക്കുന്നില്ല

കോട്ടയം നഗരസഭ വാർഡ് 29 ലെ കോടിമതയിൽ 28 ലക്ഷം രൂപ ചെലവഴിച്ച നിർമ്മിച്ച ഉണക്കമീൻ മാർക്കറ്റ് ഉപയോഗിക്കാതെ പൊതുപണം പാഴാക്കുന്ന സ്ഥിതിയാണ് നഗരസഭയിൽ കാണാവുന്നത്. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം/പേര് | S.O 528/19-20. കോടിമത ഉണക്കമീൻ മാർക്കറ്റ് നിർമ്മാണം |
| ഫണ്ടിനം, വകയിരുത്തിയ തുക | വികസന ഫണ്ട് (ജനറൽ)- 2000000 |
| ചെലവഴിച്ച തുക, ബിൽ നം | 2821090,<br>ബിൽ നം:492301/23.03.2019 |
| എം ബുക്ക് നമ്പർ | 661/18-19 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശ്രീമതി സുമ S,അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

കോടിമതയിൽ ഉണക്കമീൻ മാർക്കറ്റ് നിർമ്മിക്കുന്നതിന് 2018-19 ൽ വികസന ഫണ്ടിൽ 20 ലക്ഷം രൂപ വകയിരുത്തിയിരുന്നു.31.07.2018 ൽ ഇ-ടെണ്ടർ ചെയ്തതിനെത്തുടർന്ന് ഏറ്റവും കുറവു തുക ക്വോട്ട് ചെയ്ത ശ്രീ ഈപ്പൻ D എബ്രഹാമിന്റെ 1996989.58 രൂപയുടെ ടെണ്ടർ 21.08.2018 ലെ 8 ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം അംഗീകരിച്ചിരുന്നു. തുടർന്ന് 822622 രൂപ അധികമായി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് മുനിസിപ്പൽ എഞ്ചിനീയർ സാങ്കേതികാനുമതി നൽകി.(TS No:46018/2018-19;27.02.2019, Rs.2822614). കരാറുകാരന് 25.09.2018 ൽ വർക്ക് ഓർഡർ നൽകിയ പ്രവൃത്തി നിർമ്മാണം 01.03.2019 ൽ പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ തുക നൽകുകയും ചെയ്തു. ബിൽ തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രവൃത്തി മൂല്യം | 2821090 |
| Deductions | |
| IT @ 1% | 28211 |
| KCWWF @ 1% | 28211 |
| GST @ 2% | 56422 |
| കരാറുകാരനു നൽകിയ തുക | 2708246 |

പദ്ധതിയുടെ നിർവ്വഹണത്തിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) എം ബുക്ക് പ്രകാരം 16 ാം ഇനമായി അലുമിനിയം ട്രഫോർഡ് ഷീറ്റ് ഉപയോഗിച്ച് 228.76 M2 ഏരിയയിൽ ഷീറ്റിടുന്നതിനായി 1.59 ലക്ഷം രൂപ വകയിരുത്തിയിരുന്നു. (228.76 M2@697.10/M2=159468 ). എന്നാൽ എം ബുക്ക് പ്രകാരം GI ഷീറ്റിട്ടാണ് നിർമ്മാണം നടത്തിയതെന്നു രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അലുമിനിയം ഷീറ്റിന്റെ വിലയും നൽകിയിട്ടുണ്ട്. നേരിട്ടുള്ള പരിശോധനയിൽ GI ഷീറ്റാണ് ഇട്ടതെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

2) എം ബുക്ക് പ്രകാരം അധിക ഇനമായി (10 ാം ഇനം) തറയിൽ ടൈൽ വിരിക്കുന്നതിന് റക്ടിഫൈഡ് ഗ്ലേസ്ഡ് സെറാമിക് ടൈൽ ഉപയോഗിച്ചതിന് 2.23 ലക്ഷം രൂപ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 11.4<br><br>Providing And Laying Rectified Glazed Ceramic Floor Tiles Of Size 300x300 Mm Or More (Thickness To Be Specified By The Manufacturer) Of Ist Quality Conforming To IS: 15622 Of Approved Make In All Colours, Shades, Except White, Ivory, Grey Fume Red Brown, Laid On 20 Mm Thick Cement Mortar 1:4 (1 Cement : 4 Coarse Sand) Including Pointing The Joints With White Cement And Matching Pigments Etc., Complete. | 172.36M2 | 1297.84/M2<br><br>(901.05+44% Cost Index) | 223695.7 |

എന്നാൽ നേരിട്ടു നടത്തിയ പരിശോധനയിൽ റെക്ടിഫൈഡ് ഗ്ലേസ്ഡ് സെറാമിക് ടൈൽസിനു (DSR Code 11.40) പകരം സാധാരണ നിലവാരത്തിലുള്ള സെറാമിക് ഗ്ലേസ്ഡ് ടൈൽസ്(DSR Code 11.37) ആണ് ഉപയോഗിച്ചതെന്നു വ്യക്തമായി.ഇതിനു DSR പ്രകാരം നൽകാവുന്ന നിരക്ക് താഴെ പറയുന്നു.

| | | | | | |
|---|---|---|---|---|---|
| Providing And Laying Ceramic Glazed Floor Tiles Of Size 300x300 Mm (Thickness To Be Specified By The Manufacturer), Of 1st Quality Conforming To IS : 15622, Of Approved Make, In Colours Such As White, Ivory, Grey, Fume Red Brown, Laid On 20 Mm Thick Cement Mortar 1:4 (1 Cement : 4 Coarse Sand), Including Pointing The Joints With White Cement And Matching Pigment Etc., Complete. | | | | | |
| Details Of Cost For 1 Sqm<br>MATERIAL:<br>Glazed Ceramic Floor Tiles 300x300 Mm Size = 1.00 Sqm<br>Add For Wastage & Breakage @ 2.5 % =0.025 Sqm<br>Total = 1.025 Sqm | | | | | |
| Code | Description | Unit | Quantity | Rate | Amount |
| 7801 | Ceramic Glazed Tiles Ist Quality 300 X 300 Mm In All Shades And Designs Of White, Ivory, Grey, Fume Red Brown Etc. | Sqm | 1.025 | 210 | 215.25 |
| 9977 | Carriage<br>Carriage Of Tiles20 Mm Thick Cement Mortar 1:4 ( 1 Cement : 4 Coarse Sand) | L.S | 6.240 | 1.73 | 10.80 |
| 3.9 | Rate As Per Item Number3.9 Of SH:<br>Mortars | Cum | 0.024 | 3970.50 | 95.29 |
| 9999 | Undries-Mortar For Pointing In White Cement<br>Cement For Slurry Over Bed @ 3.3 Kg Per Sqm | L.S | 20.20 | 1.73 | 34.95 |
| 0367 | Portland Cement | Tonne | 0.003 | 5700 | 18.81 |
| Labour | | | | | |
| 0123 | Mason (Brick Layer) Ist Class | Day | 0.2 | 487 | 97.40 |
| 0115 | Coolie | Day | 0.2 | 368 | 73.60 |
| 9988 | Carriage And Sundries<br>Including Carriage Of Cement Etc. | L.S | 26.910 | 1.73 | 46.55 |
| Total | | | | | 592.65 |
| Add Water Charge @1% | | | | | 5.93 |
| Total | | | | | 598.58 |
| Add CPOH @ 15% | | | | | 89.79 |

| | |
|---|---|
| Cost Of 1 Sqm | 688.35 |
| Cost Index For Kottayam @ 44.12% | 303.70 |
| Rate For 1 M2 | 992.05 |

തുക നൽകിയിരിക്കുന്നത് 1297.84/M2 എന്ന നിരക്കിലാണ്.ഇതാകട്ടെ ഉയർന്ന നിലവാരമുള്ള റെക്ടിഫൈഡ് ഗ്ളേസ്ഡ് സെറാമിക് ടൈൽസ് ഉൾപ്പെട്ടതിന്റെ നിരക്കാണ്. (Code No.7804,₹400/sqm). എന്നാൽ ഉപയോഗിച്ചത് കുറഞ്ഞ നിലവാരമുള്ള സിറാമിക് ടൈൽ ആണ്.(code No 7801, ₹210/sqm) . ഇപ്രകാരം നിലവാരം കുറഞ്ഞ തരത്തിലുള്ള സെറാമിക് ടൈൽസ് ഉപയോഗിച്ചു മൂലം അധികമായി നൽകിയ തുക ₹52706 അംഗീകരിക്കുന്നില്ല. ഇതിന്മേൽ നിർവ്വഹണ ഉദ്യോഗസ്ഥ അടിയന്തിരമായി വിശദീകരണം ഓഡിറ്റിനു നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (44/2019-20;16.01.2021.) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ല.

| അളവ് | നൽകിയ നിരക്ക് | തുക | നൽകേണ്ട നിരക്ക് | തുക | വ്യത്യാസം |
|---|---|---|---|---|---|
| 172.36M2 | 1297.84/M2 | 223695.7 | 992.05/M2 | 170989.74 | 52706 |

3) 25.09.2018 ൽ കരാറുകാരന് വർക്ക് ഓർഡർ നൽകിയ പ്രവൃത്തി നിർമ്മാണം പൂർത്തീകരിച്ചതിനു ശേഷം റിവൈസ്ഡ് എസ്റ്റിമേറ്റിനു അനുമതി നൽകിയത് ക്രമപ്രകാരമല്ല. കെട്ടിട നിർമ്മാണം പൂർത്തീകരിച്ചത് 01.03.2019 ലാണ്.ഇതിന് രണ്ടു ദിവസം മുമ്പ് മാത്രമാണ് (27.02.2019 ൽ) എക്സിക്യൂട്ടീവ് എഞ്ചിനീയർ സാങ്കേതിക അനുമതി നൽകിയത്. 8.22 ലക്ഷം രൂപയുടെ അധിക നിർമ്മാണം ഇതിനോടകം കരാറുകാരൻ നടത്തിക്കഴിഞ്ഞിരുന്നു.

4)28.21 ലക്ഷം രൂപ ചെലവഴിച്ച കെട്ടിടം യാതൊരു പ്രയോജനവുമില്ലാതെ കാടുകയറി കിടക്കുന്നതായി ഓഡിറ്റ് നേരിട്ടു നടത്തിയ പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. ഉണക്കമീൻ മാർക്കറ്റിനായി നിർമ്മിച്ച കെട്ടിടത്തിൽ മീൻ വ്യാപാരം നടക്കുന്നില്ല. ഈ കെട്ടിടത്തിനു എതിർവശത്തുള്ള റോഡ് സൈഡിൽ വ്യാപാരികൾ ഉണക്കമീൻ കച്ചവടം നടത്തുന്നുണ്ട്. ലക്ഷക്കണക്കിനു രൂപ ചെലവഴിച്ച നിർമ്മിച്ച കെട്ടിടം കാടുകയറിക്കിടക്കുന്നതിൽ നഗരസഭയോടു വിശദീകരണം ആവശ്യപ്പെട്ടെങ്കിലും നഗരസഭ മറുപടി നൽകിയിട്ടില്ല.



(ഉപേക്ഷിക്കപ്പെട്ട ഫിഷ് മാർക്കറ്റ് കെട്ടിടം)

മേൽ അപാകതകൾ കാരണം പദ്ധതിയ്ക്കായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെലവഴിച്ച ₹52706 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. പൊതുപണം ചെലവഴിച്ചു നിർമ്മിച്ച കെട്ടിടം ഉപയോഗിക്കാതെ വെറുതെ ഇട്ടിരിക്കുന്നതിനാൽ ആകെ ചെലവു തുകയിൽ നിരാകരിച്ച തുക കിഴിച്ച ശേഷമുള്ള തുക ₹2768384 രൂപ (2821090-52706) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കെട്ടിടം ഉപയോഗയോഗ്യമാക്കി ലേലം ചെയ്ത് ഓഡിറ്റ് തടസ്സം

ഒഴിവാക്കേണ്ടതാണ്. 28 ലക്ഷം രൂപയുടെ ചെലവ് നിലവിൽ പ്രയോജനരഹിതമായതിനാൽ സർക്കാർ തലത്തിൽ അന്വേഷണം നടത്തണമെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഇല്ല | | | | | |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് തുക നിക്ഷേപിച്ചിട്ടില്ല.

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

### 4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

### 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5873530 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 5873530 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5873530 |

സ്ഥിരനിക്ഷേപങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വാർഷിക കണക്ക് പ്രകാരമുള്ള വിവരങ്ങളാണ് പട്ടികയിൽ ചേർത്തിരിക്കുന്നത്. വാർഷിക കണക്ക് പ്രകാരം ഇതിൽ 50 ലക്ഷം രൂപ ഇക്വിറ്റി ഷെയറുകളും ബാക്കി തുക ഗവൺമെന്റ് സെക്യൂരിറ്റി നിക്ഷേപമാണ്. 2019-20 സാമ്പത്തിക വർഷത്തിൽ ഡിവിഡന്റ് ഇനത്തിൽ 18650 രൂപ നഗരസഭയ്ക്ക് വരവുണ്ടെന്ന് 1-7 ഷെഡ്യൂൾ വ്യക്തമാക്കുന്നു.

### 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

### 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

നഗരസഭയിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് | ഖണ്ഡിക | സമാഹൃത | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ |
|---|---|---|---|---|---|

| വർഷം | | റിപ്പോർട്ട് വർഷം | | | അവസ്ഥ |
|---|---|---|---|---|---|
| 2004-05 | 2-20 | 2007-08 | 4.6.1 | വൈദ്യുത ശ്മശാനം അറ്റകുറ്റപ്പണി- അപാകതകൾ- വൃഥാ ചെലവ് | പരാമർശം നിലനിൽക്കുന്നു |
| 2005-06 | 3-4 (ഡി) | 2008-09 | 3.11.3 (എ) | മാമ്മൻ മാപ്പിള ഹാൾ- അഡീഷണൽ പവർ അലൊക്കേഷന് യഥാസമയം നടപടി സ്വീകരിക്കാത്തത് മൂലം നഷ്ടം | പരാമർശം നിലനിൽക്കുന്നു |
| 2005-06 | 3-4 (ഇ) | 2008-09 | 3.11.3 (ബി) | മാമ്മൻ മാപ്പിള ഹാൾ-പവർ ഫാക്ടർ ക്ഷയം | പരാമർശം നിലനിൽക്കുന്നു |
| 2006-07 | 2-4-5 | 2009-10 | 2.4,2-6 | തനത് വരുമാനം- തിരുനക്കര ബീഫ് സ്റ്റാൾ കുടിശ്ശിക നഷ്ടം- 55001/- രൂപ | പരാമർശം നിലനിൽക്കുന്നു |
| 2006-07 | 2-3-3 | 2009-10 | 2.6 | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ആസ്തികൾ വാടകയ്ക്ക് എടുക്കുന്നവരുമായി കരാർ ചമയ്ക്കാത്തത്- ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ- നഷ്ടം 262665രൂപ | പരാമർശം നിലനിൽക്കുന്നു |
| 2008-09 | 2.7 | 2012-13 | 4.4.3 | മതിപ്പുവില പോലും ഈടാക്കാതെ കെ.എസ്.ഇ.ബി-ക്ക് വസ്തു കൈമാറി | പരാമർശം നിലനിൽക്കുന്നു |
| 2008-09 | 3.1 | 2012-13 | 4.4.4 | ആദായകരമായ പദ്ധതിയായി നിർമ്മിച്ച സംഗീത ജലധാര പ്രവർത്തന | പരാമർശം നിലനിൽക്കുന്നു |

| | | | | | |
|---|---|---|---|---|---|
| | | | | രഹിതം- 28.34 ലക്ഷം രൂപ നഷ്ടമായി | |
| 2018-19 | 1-20 | 2019-20 | 4 | ലക്ഷങ്ങൾ ചെലവഴിച്ച് നഗരസഭയിൽ സ്ഥാപിച്ച ബയോബിന്നുകൾ പ്രവർത്തിക്കുന്നില്ല | പരാമർശം നിലനിൽക്കുന്നു |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഈയിനത്തിൽ തൻവർഷം വരവില്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 906775827 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 659651137 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 52706 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 5689071 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). മുനിസിപ്പൽ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-30 | | 52706 | ശ്രീമതി സുമ.എസ്<br>അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1-28 | 1698000 | ശ്രീമതി സുമ.എസ് അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 1-30 | 2768384 | ശ്രീമതി സുമ.എസ് അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 1-31 | 1222687 | ശ്രീമതി ബിജിമോൾ.ഇ.ആർ മുനിസിപ്പൽ എഞ്ചിനീയർ & ശ്രീ അരുൺചന്ദ്.എം.വി അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ആകെ | 5689071 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഇല്ല | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| | |
|---|---|
| ഖണ്ഡിക നമ്പർ | 1-20<br>1-28<br>1-30 |

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി സുമ.എസ് അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കോട്ടയം മുനിസിപ്പാലിറ്റി | പ്രസാദം, AGRA-33L, ഐശ്വര്യ ഗാർഡൻ, പേരൂർക്കട, തിരുവനന്തപുരം |

| | | |
|---|---|---|
| | | |
| ശ്രീമതി ബിജിമോൾ.ഇ.ആർ<br>മുനിസിപ്പൽ എഞ്ചിനീയർ | മുനിസിപ്പൽ എഞ്ചിനീയർ<br>കോട്ടയം മുനിസിപ്പാലിറ്റി | വട്ടവിള വീട്,<br>വളവുപച്ച.പി.ഒ,<br>കൊല്ലം-691559 |
| ശ്രീ അരുൺചന്ദ്.എം.വി<br>അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ<br>കോട്ടയം മുനിസിപ്പാലിറ്റി | അരുൺനിവാസ്,<br>ഏറം, ചാത്തന്നൂർ<br>കൊല്ലം-691572 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ |
|---|---|
| 1986-87 | എൽ.എഫ്.കെ (എം.എൽ1)409/95/6.2.1996/13.2.1996 |
| 1989-90 | എൽ.എഫ്.കെ. (എം.എൽ.1) 191/93/13.7.1993/23.9.1993 |
| 1992-1993 | എൽ.എഫ്.കെ. (എം.എൽ.1) 1/337/95/17.3.1997 |
| 1993-1994 | എൽ.എഫ്.കെ. (എം.എൽ.1)370/06/ 2.11.2006/03.02.2007 |
| 1996-1997(ചെലവ്) | എൽ.എഫ്.കെ. (എം.എൽ.1)2584/00/14.10.2000 |

| | |
|---|---|
| 1996-1997(ഡി.സി.ബി) | എൽ.എഫ്.കെ. (എം.എൽ.3)448/06/04.05.2007/08.06.2007 |
| 1997-1998(ചെലവ്) | എൽ.എഫ്.കെ. (എം.എൽ.1) 132/00/17.05.2000 |
| 1997-1998(ഡി.സി.ബി) | എൽ.എഫ്.കെ. (എം.എൽ.3)367/07/12.09.2007/15.10.2007 |
| 1998-1999(ചെലവ്) | എൽ.എഫ്.കെ. (എം.എൽ.1) 220/01/112.11.2001/18.12.2001 |
| 1998-1999(ഡി.സി.ബി) | എൽ.എഫ്.കെ. (എം.എൽ.3) 370/07/14.09.2007/15.10.2007 |
| 1999-1900(ചെലവ്) | എൽ.എഫ്.കെ. (എം.എൽ.1) 109/03/28.10.2003 |
| 1999-2000(ഡി.സി.ബി) | എൽ.എഫ്.കെ. (എം.എൽ.3) 371/07/17.09.2007/15.10.2007 |
| 2000-2001 ജനകീയാസൂത്രണം | എൽ.എഫ്.കെ. (എം.എൽ.3) 38/04/10.02.2004 |
| 2000-2001(ചെലവ്) | എൽ.എഫ്.കെ. (എം.എൽ.1) 101/05/05.04.2005 |
| 2000-2001(ഡി.സി.ബി) | എൽ.എഫ്.കെ. (എം.എൽ.3) 374/07/19.09.2007/15.10.2007 |
| 2001-2002(ചെലവ്) | എൽ.എഫ്.കെ. (എം.എൽ.1) 157/05/09.09.2005/24.08.2005 |
| 2001-2002ജനകീയാസൂത്രണം | എൽ.എഫ്.കെ. (എം.എൽ.3) 384/04/10.02.2004/02.04.2004 |
| 2001-2002(ഡി.സി.ബി) | എൽ.എഫ്.കെ. (എം.എൽ.3) 387/07/20.09.2007/15.10.2007 |
| 2002-2003 ജനകീയാസൂത്രണം | എൽ.എഫ്.കെ. (എം.എൽ.3) 318/04/28.10.2004/17.11.2004 |
| 2002-2003 (ചെലവ്) | എൽ.എഫ്.കെ. (എം.എൽ.1) 305/05/15.11.2005/30.01.2006 |
| 2002-2003 (ഡി.സി.ബി) | എൽ.എഫ്.കെ. (എം.എൽ.3) 388/07/29.09.2007/15.10.2007 |
| 2003-2004 (കെ.വി.പി) | എൽ.എഫ്.കെ. (എം.എൽ.3) 237/06/07.11.2005/12.12.2005 |
| 2003-2004 (ചെലവ്) | എൽ.എഫ്.കെ. (എം.എൽ.1) 267/06/04.10.2006/30.10.2006 |
| 2004-2005 (ചെലവ്) | എൽ.എഫ്.കെ. (എം.എൽ.3) 287/07/17.07.2007/30.08.2007 |
| 2005-2006 | എൽ.എഫ്.കെ.എം.എൽ.3/401/ 2008/28.03.2009/31.03.2009 |
| 2006-2007 | എൽ.എഫ്.കെ-എം.എൽ.3/39/2010/12.05.2010/31.05.2010 |
| 2007-2008 | എൽ.എഫ്.കെ-എം.3/65/2011/ 03.10.2011/30.11.2011 |
| 2008-2009 | എൽ.എഫ്.കെ-എം.3/104/2012/ 03.10.2011/30.11.2011 |
| 2009-2010 & 2010-2011 | എൽ.എഫ്.കെ-എം.3/155/2013/22.04.2013/20.05.2013 |
| 2011-2012 | എൽ.എഫ്.കെ-എം.3/80/2014/13.11.2014 |
| 2012-2013 | എൽ.എഫ്.കെ-എം.3/526/2013/30.10.2014 |
| 2013-2014 | എൽ.എഫ്.കെ-എം.3/311/2014/27.03.2015 |
| 2014-2015 | കെ.എസ്.എ/കെ.എം.3/181/2016/20.05.2016 |
| 2015-2016 | കെ.എസ്.എ/കെ.എം.എം.3/45/2017/28.01.2017. |
| 2016-2017 | കെ.എസ്.എ/കെ.എം.എം.3/483/2017/30.12.2017. |
| 2017-2018 | കെ.എസ്.എ/കെ.എം.എം.3/203/2019/07.05.2019 |
| 2018-2019 | കെ.എസ്.എ/കെ.എം.എം.3/102/2020/13.05.2020 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് ഖണ്ഡികകൾ തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ കോട്ടയം മുൻസിപ്പാലിറ്റിയുടെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
നഗരസഭാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ കോട്ടയം മുൻസിപ്പാലിറ്റിയുടെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
നഗരസഭാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്